032:3N01:11 F5 [illegible] YA APATHI PAPPU PILLAI.

032:3N01:11
F5

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

032:3N01:11 F5.
PAPPU PILLAI.
...atalandaya
...pathi.

MUL
094238

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3NO1:11. F5

Accession Number 94238

Available for loan from

This book should be returned on or before the date last marked below.

O. 61

# അവിവേകത്താലുണ്ടായ

# ആപത്തു്.

മഹാകവി

ഷെക്സ്പീയരുടെ നാടകത്തിൽ നിന്നും

കെ. പപ്പുപിള്ള, ബി. ഏ.

ഭാഷപ്പെടുത്തിയതു്.

രണ്ടാംപതിപ്പ് കാപ്പി-൧൦൦൦

BOOK DEPOT & PRINTING WORKS
PRINTERS. PUBLISHERS
BOOK SELLERS ETC.
TRIVANDRUM. TRICHUR.

പ്രകാശകന്മാർ

പി. കെ. മാധവൻപിള്ള,

ഏ. വേലായുധൻപിള്ള.

S. V. Press,—Trivandrum

1103

22 MAR 1988

94238
032:3N01:H
F5

22 MAR 19 8

# അവിവേകത്താലുണ്ടായ

## ആപത്ത്.

---

"ഛീ! ഞാൻ ഇതു വിചാരിച്ചിരുന്നില്ല. എന്റെ മടിശ്ശീലയുടെ കെട്ട നിങ്ങളുടെ കയ്യിലായിരുന്നിട്ടും നിങ്ങൾ വിവരമെല്ലാമറിഞ്ഞിട്ട് എന്നോട പറഞ്ഞില്ലല്ലൊ?"

"നാശം! ഞാൻ പറയുന്നതൊന്നും കേൾക്കാൻ ഭാവമില്ലല്ലൊ? ഞാൻ സ്വപ്നത്തിലെങ്കിലും അറിഞ്ഞ കാൎയ്യമാണെങ്കിൽ നിങ്ങൾ ഇജ്ജന്മം എന്നെ വിശ്വസിക്കേണ്ടാ"

സൌരാഷ്ട്രരാജ്യ നിവാസികളായ രണ്ടു യുവാക്കൾ തമ്മിൽ ഒരു രാത്രിയിലുണ്ടായ സംഭാഷണത്തിന്റെ ഒരു ഭാഗമാണ് മേൽ വിവരിച്ചിട്ടുള്ളത്. ഇവരിൽ ഒന്നാമൻ ഒരു ഗൃഹസ്ഥനും രണ്ടാമൻ പട്ടാളത്തിൽ ഒരുദ്യോഗസ്ഥനുമാണ്. ഒന്നാമന്റെ പേർ രമേശ സിംഹനെന്നും രണ്ടാമന്റെ പേർ രുദ്രഗുപ്തനെന്നുമാണ്. ഇവർ എന്തുവിഷയത്തെപ്പററിയാണ് സംസാരിച്ചുകൊണ്ടിരുന്നതെന്നും ഇവരുടെ ആലോചനയുടെ പരിണാമം എന്താണെന്നും പിന്നീടു ഇവർ തമ്മിലുണ്ടായ സംഭാഷണംകൊണ്ടു നിശ്ചയിക്കാം.

രമേശസിംഹൻ—നിങ്ങൾക്കു അയാളോടു ബദ്ധവൈരമാണെന്നല്ലെ എന്നോടു പറഞ്ഞത്.

രുദ്രഗുപ്തൻ—അങ്ങിനെ അല്ലെന്നുള്ളതിലേക്കു ലക്ഷ്യമൊന്നുമില്ലല്ലൊ. ന്യായമായ എന്റെ അവകാശം നശിപ്പിച്ച് അയാളുടെ സേവകനെ ഉ[illegible]റപ്പെടുത്തുന്നതിനു അയാൾ സാഹസപ്പെട്ടിട്ടുള്ളതു കുറച്ചല്ല. [illegible]കനുണ്ടായതുകൊണ്ടും ഈയുള്ളവന്റെ അവകാശവും യോ[illegible]തയും തെറിച്ചുപോയിരിക്കുന്നു. സമൎത്ഥനായ യോദ്ധാവാണെന്നുള്ള ഭള്ളോടുകൂടി സ്വച്ഛന്ദമോരോന്നുപ്രവൎത്തിച്ചു മദമത്തനായി വാഴുന്ന ഈ മഹാനെ മററാരുമറികയില്ലെന്നു പക്ഷെ ഒരുതള്ളലുണ്ടായിരിക്കാം.

ഈയുള്ളവനായി സഹായംപറയുന്നതിന്ന വല്ലവരും പുറപ്പെട്ടാൽ അവരെ പറഞ്ഞു മടക്കുന്നതിന്നും അയാൾക്ക സാമൎത്ഥ്യമില്ലെന്നില്ല. അപമൎയ്യാദക്ക ന്യായമില്ലെന്നു വാദിക്കുന്നവരോട്ടുള്ള മറുപടി വളരെ വിശേഷമാണ്. "ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ല. വേറെയാളിനെ നിയമിച്ചുപോയല്ലൊ." ഇനി ഈയാളിൻെറ യോഗ്യത കേൾക്കണ്ടെ-ഇവിടെ ഒരു ദാസിക്കു രാപ്പകൽ വീട്ടുവേല ചെയ്തു നടക്കുന്ന സുരേന്ദ്രനാഥൻഎന്നൊരാളില്ലെ. ഈയാളുടെ യോഗ്യതപ്രസിദ്ധമല്ലെ. യുദ്ധശാസ്ത്രത്തിൽ ഇത്ര നിപുണനായി വേറെ ആളുകളുണ്ടോ എന്നുസംശയമാണ്. ശാസ്ത്രപരിചയംകൊണ്ടു മാത്രം ആരെങ്കിലും യുദ്ധം ജയിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടോ? പക്ഷെ നാക്ക നീട്ടുന്നതുകേട്ടാൽ മഹാരഥന്മാരൊക്കെ അയാൾക്ക കപ്പം കൊടുക്കുന്നുണ്ടെന്നുകൂടി തോന്നിപ്പോകും. നാലും മൂന്നും അറിവാൻ പാടില്ലാത്ത ഇവൻെറ യോഗ്യതയെപ്പററിയാണ് സേനാധിപതിക്ക നല്ലഅഭിപ്രായമുള്ളത്. നമ്മെ അത്ര പിടിച്ചിട്ടില്ല. അല്ലെങ്കിൽ പല സ്ഥലങ്ങളിലും വച്ചു എൻെറ യുദ്ധസാമൎത്ഥ്യം കണ്ടിട്ടുള്ള സേനാധിപതി എന്നെ സകലരുടെ നിന്ദക്ക പാത്രമാക്കിത്തീൎത്തിട്ടുള്ളതു എന്തിനായിട്ടാണ്.

രൊ-സി—എന്നോട്ടു ഈവിധം പ്രവൎത്തിച്ചിരുന്നു എങ്കിൽ കാണാമായിരുന്നു കളി. ഞാൻ അയാളുടെ കഥ തീൎത്തുവിട്ടുമായിരുന്നു.

രുദ്രഗുപ്തൻ — എന്താ ചെയ്ക-ശിപാൎശവഴിക്കാണ് ഈയിട യോഗ്യത സ്ഥാപിക്കുന്നത്. സൎവീസ്സ്മുറ നോക്കുന്ന പതിവൊക്കെ പണ്ടായിരുന്നു. ഇങ്ങിനെയുള്ളവൻെറ സ്നേഹംകൊണ്ടു ഇവിടെ എന്താണ് ഫലിക്കാനുള്ളത്.

രൊ-സി— ഞാനാണെങ്കിൽ അയാളെ അശേഷം ആശ്രയിക്കയില്ല-

രു-ഗു— ക്ഷമയോട്ടു മുഴുവൻ കേൾക്കണം. ഞാൻ ഈയാശ്രയം നടിക്കുന്നതു് എൻെറ കാൎയ്യംകാണാനായിട്ടാണ്. എല്ലാവരും യജമാനന്മാരായി എന്നുവരുമൊ- എല്ലാ യജമാന

ന്മാരെയും സേവിച്ചു എന്നും വരികയില്ല. ഭൃത്യന്മാരുതന്നെ രണ്ടു വിധിക്കാരുണ്ട് - ചിലർ കുക്ഷിപൂരണത്തിനുമാത്രമായി പരമാൎത്ഥികളായിട്ടു കഴുതകളെപ്പോലെ കഷ്ടപ്പെട്ടു വേല ചെയ്തു യജമാനപ്രീതി സമ്പാദിക്കുന്നു. ഈ വിഡ്ഢികളുടെകഥ കഷ്ടമാണ്. ചിലർ വളരെ ഭക്തി നടിച്ചുംകൊണ്ടു യജമാനന്മാരെകൊണ്ടു ഗുണപ്പെട്ടു ഒടുവിൽ താന്താങ്ങളുടെ ഭൃത്യന്മാരായി കഴിച്ചു കൂട്ടുന്നു. ഇവൎക്കു ആണത്തമുണ്ട്. ഞാൻ ഈ ഒടുവിൽ പറഞ്ഞ കൂട്ടത്തിലുള്ളവനാണ്. ഈ പുറത്തു കാണിക്കുന്ന ഭക്തിയും മറവും അത്ര വിശ്വസിക്കാൻപോകേണ്ട.

രൊമേശസിംഹൻ—സേനാധിപതി എന്തു ഭാഗ്യവാനാണ്.

രു-ഗു— ഈ ഭാഗ്യം ശൂന്യമാക്കുന്നതിലേക്കു ഞാൻ ചില സൂത്രം ഉപദേശിക്കാം. അവളുടെ അച്ഛൻ ഇപ്പോൾ ഉറക്കമാണ്. വീട്ടിന്റെ പടിക്കൽ ചെന്നു ലഹള കൂട്ടണം. അന്യായം നടക്കാൻപോകുന്നുവെന്നുള്ള വിവരം പട്ടണം മുഴുവൻ പ്രസിദ്ധപ്പെടുത്തണം. അയാളെ അത്ര എളുപ്പത്തിൽ വിട്ടുകളയരുത്. അവളുടെ ബന്ധുക്കൾക്കു ഈൎഷ്യ തോന്നത്തക്കവിധത്തിൽ ഇളക്കിവിടണം. ഈ സന്തോഷം ലവലേശമെങ്കിലും അയാൾ അനുഭവിപ്പാൻ ഇടകൊടുക്കരുതു്. പിന്നിൽ സഹായത്തിനു ഞാനുണ്ടല്ലോ.

സൌരാഷ്ട്രത്തിലെ രാജാവായ ഭാനുവിക്രമന്റെ പ്രധാനമന്ത്രിയായിരുന്ന വീരസേനന്റെ പുത്രി സരസ്വതിഭായിയെയും ആ രാജ്യത്തെ സേനാധിപതിയായ അബ്ദുല്ലാഖാനെയും കുറിച്ചാണ് രുദ്രഗുപ്തനും രൊമേശസിംഹനും സംസാരിച്ചുകൊണ്ടിരുന്നതു്. വീരസേനന്റെ രാജപുത്രവംശത്തിൽ ജനിച്ചവനും അബ്ദല്ലാഖാൻ മഹമ്മദീയനും ആയിരുന്നു. അക്കാലത്തുണ്ടായിരുന്ന മഹമ്മദീയപ്രഭുക്കന്മാർ രാജപുത്രവംശത്തിലും അതുപോലെ രാജപുത്രൻ മഹമ്മദീയവംശത്തിലും അപൂൎവ്വമായി കല്യാണം കഴിക്ക പതിവായിരുന്നു. എന്നാൽ ഉഭയ കക്ഷികളുടെയും പൂൎണ്ണ സമ്മതത്തോടുകൂടി ഒരു കല്യാ

ണവും നടന്നിട്ടില്ല. മഹമ്മദീയരും രാജപുത്രരും തമ്മിലു ണ്ടായിട്ടുള്ള യുദ്ധത്തിൽ പരാജിതന്മാരായി ഭവിച്ചിട്ടുള്ള വർ ജേതാക്കളുടെ ഇഷ്ടമനുസരിച്ചു ചിലപ്പോൾ ഈ വിധ മുള്ള വിവാഹത്തിനു നിർബ്ബന്ധിതരായി തീർന്നിട്ടുണ്ട്.

വീരസേനൻെറ താൽപര്യം പുത്രിയെ സ്വജാതീയരിൽ യോഗ്യന്മാർക്കാർക്കെങ്കിലും കല്യാണം കഴിച്ചു കൊടുക്കണമെ ന്നായിരുന്നു. എന്നാൽ പുത്രിക്കുചിതനായ ഒരു ഭർത്താവി നെ ഇതുവരെയും ലഭിക്കുന്നതിനു സംഗതിയാകായ്കയാൽ ആ ആഗ്രഹം സാധിച്ചിട്ടില്ല. സകലവിധത്തിലും യോഗ്യതയുള്ള ഒരു ഭർത്താവിനോടുകൂടി ചേരുന്നതിനു വീരസേനൻ പുത്രിക്കു അനുവാദം കൊടുത്തിരുന്നു. ദേഹസൌന്ദര്യത്തെക്കാൾ പ്ര ധാനം ബുദ്ധിസൌന്ദര്യമാണെന്നു മനസ്സിലാക്കിയിരുന്ന സര സ്വതിഭായി കല്യാണം കഴിക്കേണമെന്നു തീർച്ചപ്പെടുത്തിയതു തൻെറ അച്ഛൻെറ പരമബന്ധുവും ആ നാട്ടിലെ സേനാധി പതിയും ആയിരുന്ന അബ്ദുല്ലാഖാനെയാണ്. ഈ അബ്ദുല്ലാ ഖാനു ജാതിവ്യത്യാസം കൊണ്ടുണ്ടായിരുന്ന ന്യൂനത കൂടാതെ വേറെ ഒരു ദോഷമുണ്ടായിരുന്നതു അദ്ദേഹത്തിൻെറ നിറത്തി ലായിരുന്നു. ആൾ മഹാദീർഘനും കറുത്തവനും ആയിരുന്നു. തൻെറ യുദ്ധവിദഗ്ദ്ധതയും സാമാന്യ ബുദ്ധിഗുണവും കൊണ്ടു ഇദ്ദേഹം വളരെ യശസ്സു സമ്പാദിച്ചിരുന്നു. രാജ്യസഞ്ചാരം ചെയ്തു ബുദ്ധിവികാസം വരുത്തീട്ടുള്ളതുകൂടാതെ യുദ്ധത്തിൽ ശത്രുക്കളെ പരാജിതന്മാരാക്കി അങ്ങിനെയും കീർത്തിനേടിയി രുന്നു. വീരസേനൻെറ അത്യന്ത ബന്ധുവായിരുന്ന അബ്ദു ല്ലാഖാൻ അദ്ദേഹത്തിൻെറ ഗൃഹത്തിൽ പോയിട്ടുള്ള സമയ ങ്ങളിൽ യുദ്ധവർത്തമാനത്തെപ്പററി വല്ലതും സംസാരിക്ക പ തിവായിരുന്നു. താൻ സഞ്ചരിച്ചിട്ടുള്ള രാജ്യങ്ങളിൽ കണ്ടിട്ടു ള്ള നാനാവിധമായ വിശേഷങ്ങളെ പളരെ മാധുര്യമായി പ റഞ്ഞുകേൾപ്പിക്കുന്നതിനു സേനാധിപതിയോളം സാമർത്ഥ്യ വും വാചാലത്വവും മററാർക്കും ഉണ്ടായിട്ടില്ല. തനിക്കു ചെ റുപ്പത്തിൽ തുടങ്ങിയുണ്ടായിട്ടുള്ള കഷ്ടപ്പാടുകൾ ചിലപ്പോൾ

വിസ്തരിക്കും. ചിലപ്പോഠം താൻ നടത്തീട്ടുള്ള യുദ്ധങ്ങഠം വിവരിക്കുന്നകാലത്തു ശ്രോതാക്കഠം യുദ്ധക്കളത്തിൽ കാണികളായി നില്ക്കയില്ലേ എന്നുക്രൂടി സംശയിച്ചിട്ടുണ്ടു്. ഒരിക്കൽ ശത്രുക്കളുടെ കയ്യിൽ അബദ്ധത്തിൽ അകപ്പെട്ടിരുന്ന താൻ ഏതുവിധമാണു് രക്ഷപെട്ടതെന്നു പറഞ്ഞുതുടങ്ങി. മറെറാരിക്കൽ താൻ അന്യരാജ്യത്തു വച്ചുകണ്ട ഭീഷണാകാരന്മാരായ ചില ആളുകളുടെ കഥ വർണ്ണിച്ചുതുടങ്ങി. ഒരിക്കൽ സൈന്യസമേതനായി താൻ ഒരു ദ്വീപിൽ പോയിരുന്ന കാലത്തു അവിടെ കണ്ട ജനങ്ങഠം കൌണപന്മാരായിരുന്നു എന്നു പറകയുണ്ടായി. ഈ കഥകഠം വിസ്തരിക്കുന്ന സമയം അവയെ ശ്രദ്ധയോടു കേട്ടുകൊണ്ടിരുന്ന വീരസേനന്റെ പുത്രിയുടെ മുഖത്തുണ്ടാകുന്ന ചില വികാരങ്ങഠം അബ്ദുല്ലാഖാൻസൂക്ഷിച്ചുവന്നു. കഥയാരംഭിക്കുമ്പോഠം വീട്ടുജോലികഠം ബദ്ധപ്പെട്ടു നടത്തിയും വച്ചു കഥാശ്രവണത്തിനായി സരസ്വതിഭായി ഹാജരാകുന്നതുപതിവായിരുന്നു.

സേനാധിപതിയുടെ ജീവചരിത്രം മുഴുവൻ വിസ്തരിച്ചു കേഠംക്കണമെന്നു സരസ്വതിഭായി താൽപ്പര്യപ്പെട്ടു. ഈ താൽപ്പര്യാനുസരണമായി തനിക്കുണ്ടായിട്ടുള്ള സുഖദുഃഖങ്ങളെ സേനാധിപതി വർണ്ണിച്ചുതുടങ്ങിയപ്പോഠം സരസ്വതിഭായി ഇടക്കിടക്കു ചിരിക്കയും കരയുകയുംചെയ്തു. കഥകഠം കേഠംക്കുന്നതിലേക്കു ആവശ്യപ്പെട്ടതുകൊണ്ടു മനഃപീഡ നീങ്ങുന്നില്ലെന്നും സരസ്വതിഭായിയോടു അനുരാഗമുള്ളതായി സേനാധിപതിക്കു ആരെങ്കിലും ഒരിഷ്ടനുണ്ടായിരുന്നാൽ അയാഠം ഈ വിധമുള്ള കഥാവിവരണം കൊണ്ടു മാത്രം അവളുടെ പ്രേമത്തിനു പാത്രീഭവിക്കുമെന്നും സരസ്വതിഭായി പറഞ്ഞു. ഈ സമയത്തു സരസ്വതിഭായിയുടെ അറിവു കൂടാതെ അവളുടെ ഉള്ളിൽ കവിഞ്ഞിരുന്ന ചില പ്രേമചിഹ്നങ്ങഠം പ്രത്യക്ഷപ്പെട്ടു. ഈ സന്ദർഭം വൃഥാകളയരുതെന്നുള്ള കരുതലോടുകൂടി സേനാധിപതി സരസ്വതിഭായിയോടു ഇപ്രകാരം പറഞ്ഞു: “എത്രയോ കാലമായി ഞാൻ എന്റെ അഭിലാ

ഷം പറയാതിരിക്കയാണ്. ജാതിവ്യത്യാസം കൊണ്ടും സൌന്ദൎയ്യക്കുറവുകൊണ്ടും എന്റെ ആഗ്രഹനിവൃത്തിക്കു മാൎഗ്ഗമില്ലെന്നു എനിക്കുതന്നെ നല്ല ബോധമാണ്. എന്നെ ഭൎത്താവായി സ്വീകരിക്കുന്നതിനു വിരോധമില്ലെങ്കിൽ ഞാൻ കൃതാൎത്ഥനായി."

സേനാധിപതിയുടെ ഇഷ്ടപൂൎത്തിക്കു വളരെ വിഘ്നങ്ങൾ ഉണ്ടായില്ല. ദേഹസൌന്ദൎയ്യത്തിനെക്കാൾ പ്രധാനം ബുദ്ധിഗുണമാണെന്നു ധരിച്ചിരിക്കുന്ന സരസ്വതിഭായി, തന്നെ സദാ വിശ്വസിച്ചു സ്നേഹിച്ചുകൊണ്ടിരുന്ന സേനാധിപതിയെ ഉടനെ ഭൎത്താവായി സ്വീകരിച്ചു.

ഇതിലേക്കു വീരസേനന്റെ അനുവാദമുണ്ടാകയില്ലെന്നു സേനാധിപതിക്കും സരസ്വതിഭായിക്കും ഒരുപോലെ മനസ്സിലായിരുന്നതുകൊണ്ടു കല്യാണം നടത്തിയതു വളരെ ഗോപ്യമായിട്ടാണ്. രാമേശസിംഹൻ കുറേക്കാലമായി സരസ്വതിഭായിയെ കല്യാണം കഴിച്ചാൽ കൊള്ളാമെന്നു കാംക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു.

ഈ ആഗ്രഹസാദ്ധ്യത്തിനു സേനാധിപതി ഉണ്ടാക്കീട്ടുള്ള വിഘ്നം ഒന്നുമാത്രമാണു രാമേശസിംഹനെ സേനാധിപതിയുടെ ശത്രുവാക്കിത്തീൎത്തിട്ടുള്ളതു്. ഈ സംഗതിയെപ്പററിയാണു രാമേശസിംഹനും രുദ്രഗുപ്തനും സംസാരിച്ചുകൊണ്ടിരുന്നതെന്നു വ്യക്തമായല്ലൊ. ഇവരുടെ ആലോചന എങ്ങിനെ അവസാനിച്ചുവെന്നു ഇനി പ്രസ്താവിക്കുന്ന സംഗതികൾകൊണ്ടു മനസ്സിലാകുന്നതാണ്.

രാ-സി—ഇതാ നാമിപ്പോൾ വീരസേനന്റെ ഗൃഹത്തിന്റെ പടിക്കൽ വന്നിരിക്കുന്നു. ഇനി അദ്ദേഹത്തിനെ വിളിച്ചുണൎത്തുകയല്ലെ വേണ്ടതു്?

രു-ഗു—സംശയിക്കാനുണ്ടോ? വളരെ ഉച്ചത്തിൽ ഭയങ്കരമായ സ്വരത്തിൽ വിളിക്കണം. ജനസമൃദ്ധിയുള്ള ഒരു പട്ടണത്തിൽ സൂക്ഷ്മക്കുറവുകൊണ്ടു പെട്ടെന്നു രാത്രിയിൽ തീപിടിച്ചാൽ എന്തുമാത്രം ഉച്ചത്തിൽ വിളിക്കേണ്ടിവരുമോ അത്രയുമുറക്കെ വിളിക്കണം.

ഇതിൻെറ ശേഷം രണ്ടാളുംകൂടി പട്ടണം മുഴുവൻ ഇളക്കത്തക്ക വിധത്തിൽ ഇപ്പ്രകാരം നിലവിളി കൂട്ടി. "കള്ളൻ കേറിയേ കള്ളൻ! വീടും പുത്രിയും സാമാനങ്ങളും എല്ലാം നശിച്ചു! ഇതെന്തുറക്കമാണ്. കള്ളൻ കേറിയേ കള്ളൻ!"

ഈ ഭയങ്കരമായ ശബ്ദം കേട്ടു വീരസേനൻ ഉറക്കത്തിൽനിന്നും ഞെട്ടി ഉണൎന്നു പാതിരാത്രി സമയത്തു തൻെറ പടിക്കൽ വന്നു ലഹള കൂട്ടുന്നതു ആരാണെന്നു മനസ്സിലാകാതെ കുറച്ചു നേരം പരിഭ്രമിച്ചു. താൻ കിടന്നിരുന്ന മാളികമുറിയുടെ ഒരു ജന്നൽ തുറന്നു ധൈൎയ്യത്തോടു കൂടി പുറത്തേക്കു നോക്കി. ഇരുട്ടിൻെറ ആധിക്യംകൊണ്ടു മാളികച്ചുവട്ടിൽ നിന്നിരുന്ന ആളുകളെ തിരിച്ചറിയുന്നതിനു കഴിഞ്ഞില്ലാ. ഒടുവിൽ ഇങ്ങനെ സംസാരിച്ചു തുടങ്ങി. "പാതിരാത്രിക്കു എന്തുലഹളയാണ്? എന്താ നിങ്ങൾക്കു ഭ്രാന്തുപിടിച്ചിട്ടുണ്ടോ?"

രൊ-സി— സ്വാമീ! എൻെറ ശബ്ദം കേട്ടിട്ടു അങ്ങേക്കു ആൾ മനസ്സിലാകുന്നില്ലേ?

വീ-സേ — ഇല്ലാ. ആരാണ്!

രൊ-സി— രൊമേശസിംഹനാണ്.

വീ-സേ—എടാ നീയെൻെറ പടിക്കൽകൂടി വരരുതെന്നു ഞാൻ വിരോധിച്ചിട്ടില്ലേ. എൻെറ മകളെ കല്യാണം കഴിക്കേണമെന്നുള്ള നിൻെറ അത്യാഗ്രഹം വിട്ടുകളവാൻ പറഞ്ഞിട്ടില്ലേ. ഉറങ്ങിക്കിടക്കുന്ന എന്നെ ഈ അൎദ്ധരാത്രിസമയത്തു കള്ളും കുടിച്ചുകൊണ്ടു വന്നു ഉപദ്രവിക്കുന്നതു എന്തിനായിട്ടാണ്? ഞാൻ വിചാരിച്ചാൽ നിന്നെ മൎയ്യാദ പഠിപ്പിച്ചു വിടുന്നതിനും കഴിയും. ഇതെന്താ! വെള്ളരിക്കാപ്പട്ടണമൊ? ഇവിടെ, വിശേഷിച്ചു, എൻെറ ഗൃഹത്തിൽ ഒരു മോഷണം നടന്നാൽ കൊള്ളാമെല്ലൊ.

രു-ഗു— അങ്ങേക്കു ഞങ്ങളോടു രസമില്ലെങ്കിലും സത്യം പറഞ്ഞാൽ അങ്ങു വിശ്വസിക്കേണ്ടയൊ?

വീ-സേ— നീ മഹാകൃത്രിമിയും ദുഷ്ടനുമാണു.

രു-ഗു—അങ്ങു— ഓ! മന്ത്രിയാണല്ലൊ.

രൊ--സി—കഷ്ടം--അങ്ങു വൃഥാ ദേഷ്യപ്പെടുന്നുവല്ലൊ. അങ്ങെ വയസ്സിനെയും സ്ഥിതിയെയും ഞങ്ങൾ ആദരിക്കുന്നില്ലാ എന്നു വിചാരിക്കുന്നതു വ്യസനമാണ്. വൃദ്ധനായ അങ്ങെ വഞ്ചിച്ച അങ്ങെ പ്രേമഭാജനമായ പുത്രീ ആ നീചനായ സേനാധിപതിയോടുകൂടി ഇറങ്ങി തിരിച്ചുവല്ലൊ. പക്ഷെഅങ്ങെ വാക്കുകൾ കേട്ടിട്ട് ഈ വിധം ചെയ്യുന്നതിലേക്കു പുത്രിക്കു അനുവാദം കൊടുത്തിട്ടുണ്ടായിരുന്നു എന്നു ഞങ്ങൾ ശങ്കിക്കുന്നു. പുത്രിയുടെ കിടപ്പു മുറിയിൽ അവളെ കണ്ടില്ലെങ്കിൽ ഞങ്ങൾ പറയുന്നതിൻെറ പരമാൎത്ഥം വെളിപ്പെടുന്നതാണ്. ഞങ്ങൾ അസത്യം പറഞ്ഞതാണെങ്കിൽ ശിക്ഷിപ്പിക്കുന്നതിലേക്കു അങ്ങേക്കു ശക്തിയുമുണ്ടല്ലൊ.

ഇവർ പറഞ്ഞതു സത്യമാണെന്നു വിചാരിച്ചു ഉടനെ വീരസേനൻ ഭൃത്യന്മാരെ വിളിച്ചുണൎത്തി ഒരു വിളക്കുംകൊണ്ടു പുത്രിയുടെ മുറിയിൽ ചെന്നു നോക്കി. രുദ്രഗുപ്തൻ ചില സൂത്രങ്ങൾ പറഞ്ഞു രൊമേശസിംഹനെ വശമാക്കി വീരസേനൻെറ ഗൃഹത്തിൻെറ പടിക്കൽ നിൎത്തിയുംവച്ചു സേനാധിപതിയുടെ ഗൃഹത്തിലേക്കു ബദ്ധപ്പെട്ടു പോകുകയും ചെയ്തു. പുത്രിയെക്കാണാതായപ്പോൾ വീരസേനൻ ഭ്രാന്തന്മാരെപ്പോലെ വിപ്രലാപം ചെയ്തുതുടങ്ങി. "എൻെറ സ്വപ്നം ഫലിച്ചുവല്ലൊ- അവൾ പോയതു തീൎച്ചതന്നെയാണു. ഇനി ജീവിച്ചിരുന്നിട്ടു ഫലമില്ലാ. എൻെറ സുഖമെല്ലാം തീൎന്നിരിക്കുന്നു — നീ അവളെ എവിടെവെച്ചാണ് കണ്ടതു് — മഹാപാപീ! — നിൻെറ ജന്മം വൃഥാവായല്ലൊ — ആ മഹമ്മദൻ അവളെ കൊണ്ടുപോയി എന്നല്ലെ നീ പറഞ്ഞതു — ഈ കഥ കേൾക്കുമ്പോൾ പിതാവായിരിക്കണമെന്നു ഇനി ആൎക്കും തോന്നുകയില്ലാ — അവൾ തന്നെയാണെന്നു നീ എങ്ങിനെയറിഞ്ഞു — അവൾ എന്നെ ഈ വിധം വഞ്ചിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ലാ — നിന്നോടു അവൾ എന്താണ് പറഞ്ഞതു് — വെളിച്ചംകൊണ്ടുവരുവാൻ പറഞ്ഞിട്ടു എന്തു താമസമാണ്. എൻെറ ബന്ധുക്കൾക്കെല്ലാം ഇപ്പോൾ അറിവ്

കൊട്ടക്കണം. അവരുടെ കല്യാണം ഇപ്പോൾ കഴിഞ്ഞിരിക്കുമോ?

രൊ-സി—കല്യാണം കഴിഞ്ഞിരിക്കും എന്നാണ് എനിക്കു തോന്നുന്നത്.

വീ-സേ—ഈശ്വരാ! ഞാനെങ്ങിനെ സഹിക്കുന്നു. ഇവൾ എങ്ങിനെ പുറത്തു കടന്നു. എന്റെ ആത്മാവു എന്നെ വഞ്ചിക്കുമെന്ന് ഞാനെങ്ങിനെയാണ് വിശ്വസിക്കേണ്ടതു്. ഇനി മേൽ പുത്രികൾ നടിക്കുന്ന ഭക്തിയും സ്നേഹവും കണ്ടിട്ട് പിതാക്കന്മാരും വിശ്വസിച്ചു പോകരുതു്. പക്ഷെ, എന്റെ പുത്രിയെ ക്ഷുദ്രക്രിയകൊണ്ടു് വശീകരിച്ചതായിരിക്കാം.

ഇങ്ങിനെയെല്ലാമാണ് വീരസേനൻ വ്യസനിച്ചതു്. ഏതായാലും അന്വേഷണം നടത്തേണ്ടതു കടമയാണെന്നു് വിചാരിച്ചു് അതിലേക്കായി രൊമേശസിംഹനുമൊന്നിച്ചു് പുറപ്പെട്ടു.

രുദ്രഗുപ്തൻ രൊമേശസിംഹനെ വശപ്പെടുത്തിയതിന്റെ ശേഷം സേനാധിപതിയെ കാണുന്നതിനായി പോയ വിവരം മുൻ പറഞ്ഞുവെല്ലൊ. സേനാധിപതിയെ കണ്ടപ്പോൾ രുദ്രഗുപ്തൻ മടിക്രൂടാതെ ഇങ്ങിനെ പറഞ്ഞുതുടങ്ങി—"യുദ്ധത്തിൽ ചില ആളുകളെ ഞാൻ കൊന്നിട്ടില്ലെന്നില്ലാ- എങ്കിലും ഒരു കുലപാതകം ചെയ്യുന്നതിനു എന്നെ എന്റെ മനസ്സനുവദിക്കുന്നില്ല. അന്യായം ചെയ്യുന്നതിനു ഞാൻ തയ്യാറാണെങ്കിൽ എന്തു് സുഖമായിരിക്കാമായിരുന്നു. കാച്ചിക്കളയട്ടയൊ എന്നു ഞാൻ പലതവണയും വിചാരിച്ചു.

അ-ഖാൻ - അങ്ങിനെ ഒന്നും സംഭവിക്കാഞ്ഞതു തന്നെ നന്നു്

രു-ഗു—അങ്ങെ പുച്ഛിച്ചു് അവൻ പറഞ്ഞ അസഭ്യവാക്കുകൾ കേട്ടു സഹിക്കുന്നതിലേക്കു എന്തുമാത്രം ക്ഷമ ആവശ്യപ്പെട്ടു എന്നു് എനിക്കേ അറിഞ്ഞുക്രൂടു. കല്യാണം ഇനിയും കഴിഞ്ഞില്ലെന്നുണ്ടോ? ഒരുകാര്യം നിശ്ചയമാണ്. വീരസേനന്ന് എന്തുമാത്രം ബലവും സ്വാധീനവുമുണ്ടെന്നു് അങ്ങേക്കു

അറിയാമല്ലൊ? ന്യായം കൊണ്ടോ സൂത്രംകൊണ്ടോ എങ്ങിനെയും ഈ ബന്ധം ദുർബ്ബലപ്പെടുത്തുവാൻ അദ്ദേഹം ശ്രമിക്കാതിരിക്കയില്ല. എന്തെല്ലാം തടസ്ഥമുണ്ടാക്കുവാൻ കഴിയുമോ അതൊക്കെയും ഉണ്ടാകയേക്കുവാനെളുപ്പമുണ്ട്.

അ-ഖാൻ—അദ്ദേഹത്തിന്ന എങ്ങനെയെല്ലാമുപദ്രവിക്കാമോ അങ്ങിനെയെല്ലാമാകട്ടെ. ഞാൻ ഈ രാജ്യത്തേക്കു ചെയ്തിരിക്കുന്ന സഹായം മാത്രമാണ് ഈ അവസരത്തിൽ എന്റെ വലുതായ ബന്ധു. എന്റെ സ്ഥിതികളെക്കുറിച്ച് സ്തുത്യമായി ഞാൻതന്നെ പറയണമെന്നു വിചാരിച്ചിരുന്നില്ല. വേണ്ടിവന്നാൽ നിവൃത്തി ഇല്ലല്ലൊ. ഞാൻ ഒരു രാജവംശത്തിൽ ജനിച്ചവനാണ്. എനിക്ക് ഈ സ്ത്രീയെ കല്യാണം കഴിക്കുന്നതിന്ന മാത്രം യോഗ്യതയുണ്ടോ ഇല്ലയൊ എന്നു ആരെങ്കിലും തീരുമാനിക്കട്ടെ. സുശീലയായ ഇവളോട്ട എനിക്കു ബലവത്തായ അനുരാഗമുണ്ടായിരുന്നില്ലെങ്കിൽ ഞാൻ എന്റെ സ്വാതന്ത്ര്യം കളഞ്ഞു വിവാഹത്തിലേക്ക് ആഗ്രഹിക്കയില്ലായിരുന്നു. നോക്കു! എന്താണ് ആ കാണുന്ന വെളിച്ചം ?

ഇവരിങ്ങിനെ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ സുരേന്ദ്രനാഥനും വേറെ ചില ഉദ്യോഗസ്ഥന്മാരും ആ സ്ഥലത്തെത്തി. അബ്ദല്ലാഖാൻ അവരെ യഥോചിതം സല്ക്കരിച്ച് അവർഅസമയത്തു എന്തിനായിട്ടാണ് വന്നതെന്നു ചോദിച്ചു. ഈ ചോദ്യത്തിന്ന മറുപടിയായി സുരേന്ദ്രനാഥൻ പറഞ്ഞതു് ഇങ്ങിനെയാണ്. "യവനന്മാർ നമ്മുടെവകയായ മിഥിലദ്വീപിനെ ആക്രമിച്ചിരിക്കുന്നു എന്നു നമ്മുടെ യുദ്ധക്കപ്പലിലുള്ള ഉദ്യോഗസ്ഥന്മാർ ആളയച്ചു ഇന്നു തിരുമനസ്സറിയിക്കയുണ്ടായി. അപ്പോൾതന്നെ ആലോചന സഭ കൂട്ടുന്നതിന്ന് കല്പനകൊടുത്തു. ഇപ്പോൾ എല്ലാപേരും കൊട്ടാരത്തിലുണ്ട്. അങ്ങെ അന്വേഷിച്ചു മൂന്നുവഴിക്കു ആളുകൾ തിരിച്ചിട്ടുണ്ട്.

അ-ഖാൻ- വീട്ടിൽ ഒരു വാക്കു പറയുന്ന താമസമേയുള്ളു. ഇതാ പുറപ്പെട്ടുകഴിഞ്ഞു.

സേനാധിപതി യാത്രക്കായി പുറത്തേക്കുവന്നപ്പോൾ വീരസേനനും രാമേശസിംഹനും ചില ഉദ്യോഗസ്ഥന്മാരും ഭൃത്യന്മാരും അവിടെ വന്നുചേന്നു. വാൎദ്ധക്യംകൊണ്ടു കോപത്തെയും വ്യസനത്തെയും ഒരുവിധം അമൎത്തുവാൻ ശക്തനല്ലാതെയിരുന്ന വീരസേനൻ അദ്ദേഹത്തിൻെറ സ്ഥിതിക്കനുരൂപമല്ലാത്ത വാക്കുകൾകൊണ്ടു് സേനാധിപതിയെ പ്രഹരിച്ചു. എന്നുമാത്രമല്ലാ, ക്ഷുദ്രപ്രവൃത്തികൊണ്ടുമാത്രമാണു് സരസ്വതിഭായി വശഗതയായതെന്നും ഇതിലേക്കു പകരം ചോദിക്കാതെ താൻ അടങ്ങുകയില്ലെന്നും അതിനാൽ രാജസന്നിധിയിലേക്കു് ഉടനെ പോകണമെന്നും അവിടെ ന്യായമനുസരിച്ചു് ഒരു തീരുമാനമുണ്ടാകാതിരിക്കയില്ലെന്നും വീരസേനൻ വളരെ ക്ഷോഭിച്ചു പറഞ്ഞു. ആപൽക്കാലത്തുപോലും ധൈൎയ്യത്തെ ത്യജിക്കാത്ത അബ്ദല്ലാഖാൻ വീരസേനൻെറ വ്യസനംകണ്ടു് അനുതപിക്കയും അദ്ദേഹത്തിൻെറ താല്പൎയ്യവും രാജകല്പനയും അനുസരിച്ചു് കൊട്ടാരത്തിലേക്കു് തിരിക്കയും ചെയ്തു.

ഭാനുവിക്രമൻ ഈ സമയത്തു മന്ത്രാലോചനസഭക്കാരുമായി യുദ്ധവൎത്തമാനം പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. യവനന്മാർ മിഥിലദ്വീപിനെ ആക്രമിക്കുന്നതിനായി ഒരുമ്പെട്ടിറങ്ങിയിരിക്കുന്നു എന്നു ആദ്യവും അതല്ലാ സാഗരദ്വീപിനെ ആക്രമിക്കുന്നതിനാണു് ഭാവമെന്നു രണ്ടാമതും കേട്ടതുകൊണ്ടു് അങ്ങിനെ സംഭവിക്കുന്ന പക്ഷം തൻെറ രാജ്യത്തേക്കു നഷ്ടം സംഭവിക്കാതിരിക്കുവാൻ ഏതുതേതുമാൎഗ്ഗത്തൂടെ പ്രവേശിക്കണമെന്നാണു് ഭാനുവിക്രമൻ ആലോചിച്ചതു്. ഈ ആലോചന നടക്കുന്നമദ്ധ്യേ വീരസേനനും അബ്ദല്ലാഖാനും രുദ്രഗുപ്തനും രാമേശസിംഹനും കൊട്ടാരത്തിൽ വന്നുചേന്നു.

ഭാനുവിക്രമൻ—(അബ്ദല്ലാഖാനോടു) യവനന്മാരുടെ പരാക്രമം കേട്ടിരിക്കുമെല്ലോ? സൈന്യസമേതം വേഗം മിഥിലദ്വീപിലേക്കുതിരിക്കണം. വീരസേനനോടു, ആലോചനക്കു നിങ്ങൾകൂടി ഇല്ലാതിരുന്നതുകൊണ്ടു് നമുക്കു അത്ര തൃപ്തിയായില്ല.

വീ-സേ—പൊതുവിൽ സംഭവിച്ചിരിക്കുന്ന ദുഃഖമെല്ലാം വൃദ്ധനായ എന്നെ ഈ അസമയത്തു ഇവിടെ വരുത്തുന്നതിനിടയാക്കിയതു്- ദുസ്സഹമായ എന്റെ ദുഃഖം മററുള്ള സകല ബാധകളെയും നിസ്സാരമാക്കിത്തീത്തിരിക്കുന്നു.

ഭാ-വി—വിശേഷമുണ്ടെങ്കിൽ ഇവിടെ അറിയിക്കാമെല്ലൊ.

വീ-സേ—എന്റെ പുത്രി—എന്റെ പുത്രി—

ഭാ-വി—കഷ്ടം. മരിച്ചുപോയൊ?

വീ-സേ—അതെ. എന്നെ സംബന്ധിച്ചിടത്തോളം അങ്ങിനെതന്നെ. എന്റെ പുത്രിയെ ഔഷധംകൊണ്ടൊ മന്ത്രംകൊണ്ടൊ മയക്കി മോഷ്ടിച്ചുകൊണ്ടുപോയിരിക്കുന്നു. അവയവങ്ങൾക്കും ബുദ്ധിക്കും ദോഷമില്ലാത്തഅവൾ സ്വാതന്ത്ര്യമായിപ്പോയതാണെന്നു് വിചാരിക്കുവാൻ പാടില്ലാ.

ഭാ-വി—അങ്ങെ പുത്രിയെ കബളിപ്പിച്ചു് കൊണ്ടുപോയിട്ടുള്ളതു് എന്റെ പുത്രൻ തന്നെയാണെങ്കിലും അവൻ ശിക്ഷകൂടാതെ രക്ഷപ്പെട്ടുകൊള്ളാമെന്നു് വിചാരിക്കേണ്ട. ഈ രാജ്യത്തുള്ള ചട്ടങ്ങളുടെ ഗൌരവം അങ്ങേയ്ക്കറിയാമെല്ലൊ.

വീ-സേ—തിരുമനസ്സിലെ അപാരമായ ബുദ്ധിഗുണംകൊണ്ടു് ന്യായമായ തീച്ച ഉണ്ടാകാതെയിരിക്കുകയില്ലെന്നു് എനിക്കു് ബോധമുണ്ടു്. ഈ നിൽക്കുന്ന സേനാധിപതിയാണു് ഈ ഘോരമായ അകൃത്യം പ്രവത്തിച്ചതു്.

ഭാ-വി—(സേനാധിപതിയോടു്) നിങ്ങൾ എന്തുപറയുന്നു.

അ-ഖാൻ—ന്യായം, ധമ്മം, ശക്തി, സത്യം, ദയ ഇവയ്ക്കു വിളനിലമായിരിക്കുന്ന തിരുമനസ്സിലെ സന്നിധാനത്തിങ്കൽ അവിടുത്തെ അടിമയായിരിക്കുന്ന ഒരുവൻ അസത്യംപറയുന്നതിലേക്കു സന്നദ്ധനാകുന്നതല്ല. ഞാൻ ഇദ്ദേഹത്തിന്റെ പുത്രിയെ കൊണ്ടുപോയതും കല്യാണം കഴിച്ചതും സത്യം തന്നെയാണു്. ഇതിലധികം കഠിനമായൊരുകുററം ഞാൻ ചെയ്തിട്ടില്ല. ഏഴവയസ്സായപ്പോൾ തുടങ്ങി യുദ്ധങ്ങളെ

ത്തിൽ മാത്രംപരിചയപ്പെട്ടിട്ടുള്ള ഞാൻ ഭംഗിയായി സംസാരിച്ചു എന്റെ കാൎയ്യം ജയിച്ചുകൊള്ളാമെന്ന് വിചാരിക്കുന്നില്ല. യുദ്ധവൎത്തമാനത്തെപ്പററിയാണെങ്കിൽ ഞാനും സ്വല്പം വല്ലതും സംസാരിക്കാം. ഏതായാലും നടന്നിട്ടുള്ള സംഗതികൾ മുഴുവൻ തിരുമനസ്സറിവിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ പുത്രിയെ വശീകരിക്കുന്നതിനു ഞാൻ എന്തെല്ലാം മരുന്നുകളും മന്ത്രങ്ങളും ഉപയോഗിച്ചിട്ടുണ്ടെന്ന് അപ്പോൾ വ്യക്തമാകും.

ഏതുവിധമുള്ള തന്ത്രംകൊണ്ടാണ് അബ്ദുല്ലാഖാൻസരസ്വതിഭായിയുടെ ഭൎത്താവായി തീൎന്നതെന്നു വിസ്തരിച്ചു പറഞ്ഞു. വീരസേനന്റെ നിൎബന്ധത്താൽ സരസ്വതിഭായിയെ സാക്ഷിയായി വിസ്തരിക്കേണ്ടിവന്നു. സരസ്വതിഭായി പറഞ്ഞതു ഇപ്രകാരമായിരുന്നു. “എന്റെ ജനനത്തിനും അറിവിനും കാരണഭൂതനായ എന്റെ അച്ഛനോടു എനിക്കു വളരെ സ്നേഹവും ബഹുമാനവുമുണ്ട്. അമ്മക്കു മററുള്ളവരോടുണ്ടായിരുന്നതിനെക്കാൾ അച്ഛനോടു എന്തുമാത്രം സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നുവോ അത്രയുംസ്നേഹവും ബഹുമാനവും എന്റെ ഭൎത്താവായ ഇദ്ദേഹത്തിനോട് എനിക്കുണ്ടായിരിക്കണമെന്ന് ഞാൻപറയുന്ന ന്യായം അച്ഛൻതന്നെ സമ്മതിക്കാതിരിക്കയില്ല. കൎണ്ണപരുഷങ്ങളായ ഈവാക്കുകൾ കേട്ടപ്പോൾ ഈ സംസാരം ദീൎഘിപ്പിക്കരുതെന്നുള്ള കരുതലോടുകൂടി വീരസേനൻ ഇപ്രകാരം പറഞ്ഞു. എനിക്ക് ഇനി ഒന്നുംതന്നെ പറവാനില്ല. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.ഞാൻ കാരണംരാജ്യകാൎയ്യങ്ങളിൽ പ്രവേശിച്ചിരുന്ന മഹാരാജാവിനു കൂടി ബുദ്ധിമുട്ടായി. എനിക്കു വേറെ പുത്രികളില്ലല്ലോ എന്നു വിചാരിക്കുമ്പോൾ വളരെ സുഖം തോന്നുന്നുണ്ട്. ഉണ്ടായിരുന്നുവെങ്കിൽ ഇവളുടെ പ്രവൃത്തി അവരെ സംബന്ധിച്ചിടത്തോളം എന്നെ വളരെ കഠിനഹൃദയനാക്കി തീൎക്കുമായിരുന്നു.

വീരസേനന്റെ ദുഃഖത്തിനു മതിയായ പ്രതിശാന്തി ഉണ്ടായില്ല. എങ്കിലും ഈ സംഗതി ഒരുവിധം തീരുമാനപ്പെട്ടപ്പോൾ എല്ലാപേരുടേയുംമനസ്സു യുദ്ധത്തിലേക്കു പ്രവേശിച്ചു.

മഹാപരാക്രമശാലികളായ യവനന്മാരുമായി യുദ്ധം ചെയ്യു ന്നതിനു മിഥിലദ്വീപിലേയ്ക്കു് ഉടനെ ഒരു സൈന്യമയക്കേ ണ്ടതാണെന്നും, സേനാധിപത്യം വഹിക്കേണ്ടതു അബ്ദല്ലാ ഖാൻ തന്നെയാണെന്നുമുള്ളതിനെപ്പററി ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരുന്നില്ല. മനസ്സിനൈക്യമായ ഒരു കല്യാണം കഴി ഞ്ഞിട്ടു് ഒരു ദിവസമെങ്കിലും സുഖമായി ഭാൎയ്യയോടുകൂടി താ മസിക്കുന്നതിനു് സേനാധിപതിക്കു സൌകൎയ്യം കിട്ടിയിട്ടില്ലെ ന്നു് പറയേണ്ടതില്ലല്ലോ. തൻെറ ഒരുവൻെറ സുഖത്തി നായിട്ടു് രാജ്യകാൎയ്യത്തിൽ വിരസത കാണിക്കുന്നതിനു് അ ബ്ദല്ലാഖാൻ ഒരുമ്പെടുന്ന ആളുമല്ലായിരുന്നു.

സേനാധിപത്യം വഹിച്ചു് മിഥിലദ്വീപിലേക്കു് തിരി ക്കണമെന്നു് മഹാരാജാവു കല്പിച്ചപ്പോൾ അബ്ദല്ലാഖാൻ തൃപ്തിയോടുകൂടി ഇങ്ങിനെ അറിവിച്ചു. "ചെറുപ്പത്തിൽ തുടങ്ങി യുദ്ധക്കളത്തിൽ പരിചയപ്പെട്ടിട്ടുള്ള എനിക്കു് ഈ കല്പന ഒരനുഗ്രഹം തന്നെയാണു്. യുദ്ധക്കളത്തിൽ മററുള്ള വൎക്കു ദുഃഖപ്രദമായി തോന്നുന്ന സകലവസ്തുക്കളും എനിക്കു് സുഖപ്രദമായിട്ടാണു് തോന്നിയിട്ടുള്ളതു്. എൻെറ ഭാൎയ്യയു ടെ സ്ഥിതിക്കനുസരണമായി താമസിക്കുന്നതിലേയ്ക്കു് അ വൾക്കു ഒരു ഗൃഹവും അടുത്തുണൻ പരിചാരകന്മാരും ഉണ്ടാ യാൽ പുറപ്പെടുന്നതിലേക്കു് എനിക്കു താമസമൊന്നുമില്ല". അപ്പോൾ സരസ്വതിഭായി ആദരവോടുകൂടി ഇപ്രകാരം തിരുമനസ്സറിവിച്ചു.

"ഞാനിത്രമാത്രം കഷ്ടപ്പെട്ടതു ഇദ്ദേഹത്തിനെ വേർ പിരിയാതെ ഇരിക്കുന്നതിനാണു്. ഇദ്ദേഹത്തിൻെറ ബുദ്ധി സൌന്ദൎയ്യം മാത്രം കാംക്ഷിച്ചു ഇപ്പോൾ ഭാൎയ്യാപദം വഹി ക്കുന്ന ഞാൻ പ്രത്യേകം താമസിക്കണമെന്നു പറയുന്നതു് സ ങ്കടമാണു്. അതിനാൽ ഇദ്ദേഹം ഒരുമിച്ചു് ഞാൻ കൂടി പോകുന്നതിലേക്കു് ദയവായ കല്പനയുണ്ടാകണം."

ഭാ-വി— പോകുന്നതും താമസിക്കുന്നതും എല്ലാം നി ങ്ങൾ ഭാൎയ്യാഭൎത്താക്കന്മാർ നിശ്ചയിക്കുന്നതുപോലെയാകട്ടെ. രാജ്യകാൎയ്യമാകകൊണ്ടു കാലതാമസം ഒട്ടുംതന്നെ പാടില്ല.

വിശ്വസ്തനായ ഒരാളെ വിശേഷങ്ങളറിയിക്കുന്നതിലേക്കായി നിശ്ചയിച്ചതിന്റെ ശേഷം സേനാധിപതി മിഥിലദ്വീപിലേക്കു തിരിക്കേണ്ടതാണെന്നു മഹാരാജാവു കല്പിച്ചതനുസരിച്ചു രുദ്രഗുപ്തനെ അതിലേക്കു നിയോഗിച്ചു. രാജസന്നിധിയിൽനിന്നും എല്ലാപേരും പോകുന്നതിനുമുമ്പായി വീരസേനൻ സേനാധിപതിയോടു ഗുണദോഷമായി ഇങ്ങനെ പറഞ്ഞു. "ഇവൾ അച്ഛനെ വഞ്ചിച്ചവളാണ്. നിങ്ങളെ വഞ്ചിക്കാതെ സൂക്ഷിച്ചുകൊള്ളണം".

രാജസഭ ഉടനെ പിരികയും സേനാധിപതിയും ഭാൎയ്യയും അവരുടെ ഗൃഹത്തിലേക്കു തിരിക്കയും ചെയ്തു. വിചാരിച്ചിടത്തോളവും കാൎയ്യങ്ങൾ ഒരുവിധം ഭംഗിയായി ഫലിപ്പിച്ചതിനാൽ രുദ്രഗുപ്തൻ സന്തോഷഭരിതനായിരൊമേശസിംഹന്റെ മുമ്പിൽ ഒന്നുകൂടി പ്രത്യക്ഷപ്പെട്ടു.

രൊ-സി—ഇനി ഞാൻ എന്താണ് ചെയ്യേണ്ടതു?

രു-ഗു—പോയി സുഖമായി കിടന്നുറങ്ങണം.

രൊ-സി—വല്ലവിധവും മരിച്ചുകളയാമെന്നു തന്നെ ഞാൻ നിശ്ചയിക്കുന്നു.

രു-ഗു—അതിലധികം ബുദ്ധിഹീനത മറെറാന്നുമില്ല.

രൊ-സി—ദുസ്സഹമായ ദുഃഖത്തിൽ കിടന്നു വലയുന്നതല്ലേ കുറച്ചുകൂടി കഷ്ടം.

രു-ഗു—തൊലിവെളുത്ത ഒരു പെണ്ണിനുവേണ്ടി മരിക്കുന്നതിനെക്കാൾ മനുഷ്യാകൃതി കളഞ്ഞു ഒരു വാനരമാകുന്നതിനാഗ്രഹിക്കയാണ് നന്ന്.

രൊ-സി—ഞാനെന്തുചെയ്യുന്നു. ഇങ്ങിനെ വ്യസനിക്കുന്നതു ബുദ്ധിയില്ലായ്മയാണെന്നു ഞാൻതന്നെ സമ്മതിക്കുന്നു ഈ വ്യസനത്തെ അടക്കുവാൻ മാത്രമുള്ള ഗുണമൊന്നും എനിക്കില്ല.

രു-ഗു—ഗുണം! പുല്ലാണ്! അതൊക്കെ ദൂരെ കളയണം നാമോരോന്നിൽ പ്രവേശിക്കുന്നതു് നമ്മുടെ ബുദ്ധിയുടെ പോക്കനുസരിച്ചാണ്. നമ്മുടെ ദേഹം ഒരു വിളവുഭൂമിയാണെ

ന്നും നാം അതിലെ കൃഷിക്കാറരാണെന്നും മനസ്സിലാക്കണം. ഈ ഭൂമിയിൽ ഓരോന്നു നട്ടു പിടിപ്പിക്കുന്നതും നശിപ്പിക്കുന്നതും നമ്മുടെ ഇഷ്ടംപോലെയാണ്. മനസ്സിൽ കടന്നുക്രൂടുന്ന അനാവശ്യമായ വിചാരങ്ങൾക്കു പ്രാധാന്യം ഉണ്ടാകാതെയിരിപ്പാൻ മനുഷ്യനു ബുദ്ധിയുമുണ്ടല്ലോ. അല്ലെങ്കിൽ എന്തെല്ലാം അബദ്ധത്തിൽ ചാടിപ്പോകും.

രൊ-സി—ഇതൊന്നും പറഞ്ഞതുകൊണ്ടായില്ല.

രു-ഗു—എല്ലാം മനസ്സിൻെറ ഗതിയെ അനുസരിച്ചാണെന്നു ഞാനല്ല പറയുന്നതു്. ഈ നിസ്സാരമായ സംഗതിയെ വിചാരിച്ചു പുരുഷത്വം കളയാറുണ്ടോ. ഇതു വിചാരിച്ചു അങ്ങു മുങ്ങിച്ചാകുവാൻ പോകുന്നുവോ? നാണമാകുന്നില്ലേ! വല്ല പട്ടിയേയോ പൂച്ചയേയോ മുക്കിക്കൊല്ലണം. അങ്ങെ പ്രാണബന്ധുവായിരിക്കുന്ന എനിക്കു ഇതിനേക്കാൾ നല്ലതായ ഒരവസരത്തിൽ അങ്ങേക്കു ഒരു സഹായം ചെയ്യാൻ കഴികയില്ല. വല്ലവിധവും കുറെ പണമുണ്ടാക്കുവാൻ നോക്കണം. ഇവൾക്കു സേനാധിപതിയോടുള്ള അനുരാഗം ഒരിക്കലും സ്ഥിരമായിരിക്കയില്ല. മൂപ്പരുടെ പുതുമോടിയൊക്കെ തെറിച്ചുപോകുന്നതാണ്. പണം ഉണ്ടാക്കുവാൻ ഞാനല്ലെ പറയുന്നതു്. ഇവരുടെ വിവാഹംതുടങ്ങീട്ടുള്ളതുതന്നെ ഭംഗിയായിട്ടല്ല. ആരംഭംപോലെതന്നെ അവസാനവും നമുക്കു കാണാം, പണം ഉണ്ടാക്കണം. ഈ മേത്തന്മാരുടെ മനസ്സു ക്ഷണനേരം ഒരു കാൎയ്യത്തിൽ സ്ഥിരമായിനില്ക്കയില്ല. പണംകൊണ്ടു സാധിക്കാത്ത കാൎയ്യമുണ്ടോ? ഇപ്പോൾ സേനാധിപതിക്കു പഞ്ചസാരപ്പാൽപ്പായസമായി തോന്നിയിരിക്കുന്നതു് സ്വല്പംചെന്നാൽ കാഞ്ഞിരക്കുരുവായിത്തീരുന്നതാണ്. നല്ല ചെറുപ്പക്കാരരെ കാണുമ്പോൾ അവളൊന്നു മറിയും. പണമുണ്ടാക്കാമൊ - അങ്ങേക്കു നശിച്ചേതീരു എന്നു നിർബന്ധമുണ്ടെങ്കിൽ കുറച്ചു സുഖമനുഭവിച്ചിട്ടാകരുതെ? ചാകുന്നു! ആ വിചാരം തള്ളിക്കളയണം. ഇങ്ങനെ നശിക്കുന്നതിനേക്കാൾ സുഖമനുഭവിച്ചിട്ടു കഴവേറുകയല്ലെ ഭേദം.

രൊ-സി—കാൎയ്യം സാധിക്കുമെന്നു വിചാരിച്ചു ഞാൻ പ്രയത്നം ചെയ്താൽ അങ്ങു എന്നെ വഴിയാംവണ്ണം സഹായിക്കുമോ?

രു-ഗു—എന്നെ നിങ്ങൾക്കു വിശ്വാസമില്ലേ? പണമുണ്ടാക്കണം. ആ മേത്തൻ എന്റെ പരമശത്രുവാണെന്നു ഞാൻ എത്രപ്രാവശ്യം പറഞ്ഞിട്ടുണ്ട്. എന്റെ കാൎയ്യം ഞാൻ ഉറച്ചിട്ടുണ്ട്. നിങ്ങളോടു ഇതിലധികം ദ്രോഹം അയാളെന്താണ് ചെയ്വാനുള്ളത്. അതുകൊണ്ടു നാമൊന്നിച്ചു ചേൎന്നു അവനെ ദ്രോഹിക്കണം. പോയി പണമുണ്ടാക്കണം.

ഇങ്ങിനെ പറഞ്ഞു രുദ്രഗുപ്തൻ രൊമേശസിംഹനെ ധൈൎയ്യപ്പെടുത്തി അയച്ചു. രൊമേശസിംഹൻ പോയപ്പോൾ രുദ്രഗുപ്തന്റെ മനോരാജ്യം തുടങ്ങി. “ഇതുപോലുള്ള ഏഭ്യന്മാരുണ്ടെങ്കിലെ പണംസമ്പാദിക്കുന്നതിനു സൌകൎയ്യമുള്ളു. എന്റെ ലാഭത്തിനും നേരംപോക്കിനും ഇവനെപ്പോലുള്ളവർ ഉപകരിക്കയില്ലെങ്കിൽ എന്റെ ലോകപരിചയം ശൂന്യമായി ഭവിക്കട്ടെ. ആ മേത്തൻ പരമദ്രോഹിയാണ്. ഞാൻ അയാളുടെ സ്നേഹിതനാണെന്നാണ് ഭാവം. കൊള്ളാം; അതു നമ്മുടേ കാൎയ്യസാദ്ധ്യത്തിനുപയോഗപ്പെടും. വല്ലവിധവും സുരേന്ദ്രനാഥനെക്കൂടി ഇടക്കു പിടിച്ചിട്ടാൽ അയാളുടെ സ്ഥാനം കിട്ടുന്നതിനും എന്റെ ആഗ്രഹപൂൎത്തിക്കും മാൎഗ്ഗമുണ്ട്. എന്തുസൂത്രമാണ് പ്രയോഗിക്കേണ്ടതു്. സരസ്വതിഭായിക്കു സുരേന്ദ്രനാഥനെ ഈയിട കുറച്ചു പ്രത്യേകമാണെന്നു സേനാധിപതിയെ ധരിപ്പിക്കണം. സുരേന്ദ്രനാഥൻ സരസ്വതിഭായിയെക്കാണുമ്പോൾ ചില സ്വാതന്ത്ര്യങ്ങൾ പ്രവൎത്തിക്കാറുണ്ട്. ആൾ രസികനുമാണ്. സ്ത്രീകളെ വശളാക്കുന്നതിന് സൃഷ്ടിച്ചിരിക്കയാണെന്നു അയാളുടെ മുഖം പറയുന്നുമുണ്ട്. സേനാധിപതി അശേഷം കപടമില്ലാത്തയാളാണ്. ഞാൻ വിചാരിക്കുന്നതുപോലെ ഫലിപ്പിക്കുവാൻ വല്യതായ വിഘ്നമൊന്നും കാണുന്നില്ല. ഏതായാലും ഞാനുറച്ചു. ഇതിൽ പ്രവേശിക്കുന്നതിനുമാത്രം ധൈൎയ്യമുണ്ടായാൽ മതി.

സേനാധിപതി രാജകല്പന അനുസരിച്ചു കാലവിളംബം വരുത്താതെ മിഥിലദ്വീപിലേക്കു തിരിച്ചതായി മുൻപറഞ്ഞുവല്ലൊ. ഭാൎയ്യയുമൊരുമിച്ചു ഒരു കപ്പലിൽ കയറി തിരിക്കുന്നതിന് സൌകൎയ്യമുണ്ടായിരുന്നില്ല. സരസ്വതിഭായിയും രുദ്രഗുപ്തനും രുദ്രഗുപ്തന്റെ ഭാൎയ്യയായ അനന്തഭായിയും വേണ്ട ഭൃത്യജനങ്ങളും വേറെ ഒരു കപ്പലിൽകയറി. അതികഠിനമായ ഒരു കൊടുങ്കാറ്റുണ്ടായതു് നിമിത്തം യവനന്മാരുടെ യുദ്ധക്കപ്പലുകൾ വളരെ നഷ്ടപ്പെടുകയും സേനാധിപതി മിഥിലദ്വീപിൽ ചെന്നു ചേരുന്നതിനു മുമ്പായി സരസ്വതിഭായി കയറിയിരുന്ന കപ്പൽ ആ ദ്വീപിൽ എത്തുകയും ചെയ്തു. കൊടുങ്കാറ്റുനിമിത്തം സേനാധിപതിയുടെ കപ്പലിന് വല്ല ദോഷവും നേരിട്ടേക്കുമൊ എന്നു സംശയിച്ചു മിഥിലദ്വീപിലുള്ള പ്രധാന കുടിയാനവന്മാരും സുരേന്ദ്രനാഥനും പട്ടാളത്തിലുള്ള വേറെ ചില ഉദ്യോഗസ്ഥന്മാരും കടൽതീരത്തു എത്തിയിരുന്നു. ആദ്യം തുറമുഖത്തടുത്ത കപ്പലിൽ സരസ്വതിഭായിയും മറവുമാണുണ്ടായിരുന്നതു്. തന്നെ ഉപചരിക്കുന്നതിലേക്കായി ഭൎത്തൃനിയോഗത്താൽ വന്നിരിക്കുന്ന ജനങ്ങളാണ് കടൽത്തീരത്തു നിൽക്കുന്നതെന്നു വിചാരിച്ചു് സരസ്വതിഭായി വളരെ വിനീതിയോടു അവരുടെ സല്ക്കാരത്തെ സ്വീകരിച്ചതായി അവരെ മനസ്സിലാക്കിയിട്ടു കപ്പലിൽനിന്നും കരക്കിറങ്ങി. അവിടെ കൂടിയിട്ടുണ്ടായിരുന്ന ജനങ്ങളിൽ ഭൎത്താവിന്റെയും തന്റെയും മിത്രമായ സുരേന്ദ്രനാഥനെക്കൂടികണ്ടപ്പോൾ സരസ്വതിഭായിക്കു വളരെ സന്തോഷമുണ്ടായി. കൊടുങ്കാറ്റുനിമിത്തം താൻ കയറിയിരുന്ന കപ്പൽ സേനാധിപതിയുടെ കപ്പലിൽ നിന്നും കൂട്ടുവിടുന്നതിനിടയായി എന്നും എല്ലാപേരും അദ്ദേഹത്തിന്റെ വരവിനെ കാംക്ഷിച്ചുകൊണ്ടു നിൽക്കയാണെന്നും സുരേന്ദ്രനാഥൻ സരസ്വതിഭായിയോടു പറഞ്ഞപ്പോൾ ആ സ്ത്രീരത്നത്തിനു ദുസ്സഹമായ വ്യസനമുണ്ടായി. അവർ ഓരോ വൎത്തമാനവും പറഞ്ഞു കടൽത്തീരത്തു നിൽക്കുമ്പോൾ ഒരു പീരങ്കിയുടെ മുഴക്കം കേട്ടു. ഈ ശബ്ദംകേട്ടപ്പോൾ അതു് മിത്രങ്ങളുടെ കപ്പലിൽ നിന്നും പുറപ്പെട്ടതാ

ണ്ടെന്നും അതിനാൽ സേനാധിപതിയുടെ കപ്പൽ താമസി യാതെ തുറമുഖത്തുവന്നു ചേരുമെന്നും എല്ലാപേരും തീരുമാനപ്പെടുത്തി. കുറച്ചു കഴിഞ്ഞപ്പോൾ സേനാധിപതി കയറിയിരുന്ന കപ്പലും ഭടന്മാർ കയറിയിരുന്ന അനേകയുദ്ധക്കപ്പലുകളും തുറമുഖത്തെത്തി. ഭർത്താവിനെ സംഭവിച്ചേക്കാമായിരുന്ന വിപത്തുകളുടെ ഗൌരവത്തെ ഓർത്തു് ആലോചനയിൽ മഗ്നയായിരുന്ന സരസ്വതിഭായിയുടെ മുഖം ഉടനെ വികസിച്ചു. കപ്പൽയാത്രയിൽ ഉണ്ടായ ഓരോ ബുദ്ധിമുട്ടുകളെ വിവരിച്ചും ഒടുവിൽ സുഖമായി വന്നെത്തിയതിനെപ്പററി സന്തോഷിച്ചും ഓരോന്നു പറഞ്ഞുകൊണ്ടു എല്ലാപേരുംസേനാധിപതിയുടെ താമസത്തിലേക്കായി നിശ്ചയിച്ചിരുന്ന ബംഗ്ലാവിലേക്കു പോകയും ചെയ്തു. കൊടുങ്കാററു നിമിത്തം യവനന്മാരുടെപടക്കപ്പലുകൾ സാമാനങ്ങളോടുകൂടി മുങ്ങിപ്പോയെന്നും യവനസൈന്യം വളരെ നഷ്ടപ്പെട്ടു എന്നുമുള്ള വർത്തമാനമാണു് മിഥിലദ്വീപിൽവന്നപ്പോൾ സേനാധിപതിക്കു കിട്ടിയതു്. പെരുമ്പറകൊട്ടി ഈ സന്തോഷവർത്തമാനം ദ്വീപുമുഴുവനും പ്രസിദ്ധപ്പെടുത്തുന്നതിനു സേനാധിപതി ഭൃത്യജനങ്ങളെ അധികാരപ്പെടുത്തി. തന്റെ കാര്യസാദ്ധ്യത്തിലേക്കു അധികതാമസമുണ്ടാകരുതെന്നു വിചാരിച്ചു് രുദ്രഗുപ്തൻ ഈ അവസരത്തിൽ രാമേശസിംഹനെ ഗൂഢമായൊരുസ്ഥലത്തു വിളിച്ചുകൊണ്ടുപോയി ഇപ്രകാരം ഉപദേശിച്ചു.

"നമുക്കു് കുറച്ചു കഴിഞ്ഞിട്ടു് തുറമുഖത്തു കൂടണം. സരസ്വതിഭായിക്കു് അയാളിൽ വാസ്തവമായ അനുരാഗമുണ്ടെന്നു് അങ്ങേക്കു തോന്നിയിട്ടുണ്ടോ'!

രാ-സി— നിങ്ങൾ **സു**രേന്ദ്രനാഥനെ ഉദ്ദേശിച്ചല്ലെ പറയുന്നതു്.

രു-ഗു കാര്യമൊക്കെ രഹസ്യമായിരിക്കണം. ഞാൻ പറയുന്നതു് കേട്ടു് മനസ്സിലാക്കണം. ആ മഹമ്മദൻ പൊടിപ്പും തൊങ്ങലും വച്ചു് വേണ്ട കള്ളക്കഥകൾ പറഞ്ഞുകേൾപ്പിച്ചപ്പോൾ അവൾ വശപ്പെട്ടു പോയിട്ടുള്ളതാണു്. ഇങ്ങിനെയുണ്ടായിട്ടുള്ള അനുരാഗം നിലനിൽക്കുമെന്നു് ബുദ്ധിയുള്ളവരാ

രെങ്കിലും വിചാരിക്കയൊ? അവളുടെ കണ്ണുകൾക്കെങ്കിലും ഒരു സുഖമുള്ള കാഴ്ച വേണ്ടെ? ഈ കരിമാക്കാനെ കാണുന്നതിനെന്തുസുഖമാണുള്ളത്? വയസ്സിലെങ്കിലും, സൌന്ദൎയ്യത്തിലെങ്കിലും, പ്രകൃതിയിലെങ്കിലും, ഏതെങ്കിലും ഒന്നിൽ തങ്ങളിൽ ചേൎച്ചവേണ്ടെ? ഒരു ഗുണവുമില്ലാത്ത ഒരുവനെ കല്യാണം കഴിച്ചതു ബുദ്ധിമൌഢ്യമാണെന്നു വിചാരിച്ചു വ്യസനിച്ച് അവളുടെ അനുരാഗം ക്രമേണ കുറഞ്ഞു തുടങ്ങും. ഈ അനുരാഗം കുറയുമ്പോൾ വേറെ ഒരുവനിൽ അതു സ്ഥാപിക്കേണ്ടിവരും. ഈ ഭാഗ്യമനുഭവിക്കുന്നതിനു സുരേന്ദ്രനാഥനെക്കാൾ യോഗ്യനായിട്ടു മററാരാണുള്ളത്? അയാൾ ഈ സ്നേഹവും ഔദാൎയ്യവും പ്രകടിപ്പിക്കുന്നതു് ഹൃദയത്തിൽ മറച്ചുവച്ചിരിക്കുന്ന നിൎമ്മൎയ്യാദയായ അഭിലാഷത്തെ എളുപ്പത്തിൽ സാധിക്കുന്നതിനാണ്. സമയംപോലെ ഓരോന്നു് പ്രവൎത്തിച്ചു പ്രീതി സമ്പാദിക്കുന്നതിന് ഇത്ര സാമൎത്ഥ്യം വേറെ ആൎക്കുമില്ല. പോരെങ്കിൽ ദുൎമ്മാൎഗ്ഗവിഷയത്തിലധികം പരിചയപ്പെട്ടിട്ടില്ലാത്ത ആളുകളെ കൌശലവലയിൽ ചാടിക്കുന്നതിനുവേണ്ട സൌന്ദൎയ്യവും നടപടികളുമിവനുണ്ടു്. എന്നുമാത്രമല്ലാ, ഈയിട സരസ്വതീഭായിക്കു് മാത്രനേരം ഇവനെ കാണാതിരിപ്പാൻ പാടില്ല.

രൊ-സി— ഞാൻ ഇതു വിശ്വസിക്കുന്നില്ല. അവൾ നല്ല പതിവ്രതയാണ്.

രു-ഗു— അവൾക്കു് മററുള്ള സ്ത്രീകളെക്കാൾ വിശേഷമൊന്നുമില്ല. ഈയിട ഇവനുമായിട്ടുള്ള കളിയും ചിരിയും അങ്ങു കണ്ടില്ലെ?

രൊ-സി— കണ്ടു. മൎയ്യാദകൊണ്ടങ്ങിനെ സംഭവിക്കാമെല്ലൊ.

രു-ഗു— നല്ല മൎയ്യാദയാണ്! എല്ലാം സൂത്രമാണ്. പട്ടാളംകിടക്കുന്ന പാളയത്തിൽ ഇന്നു് രാത്രിയിൽ മേൽവിചാരം സുരേന്ദ്രനാഥനാണ്. അങ്ങു് ഇന്നുരാത്രിയിൽ അവിടെ ചെന്നാൽ ഞാൻ പറയുന്നതുപോലെ ചെയ്യണം. ഉറക്കെ സംസാരിച്ചിട്ടൊ അല്ലെങ്കിൽ അയാളുടെ ഉദ്യോഗസംബന്ധമായ

നടപടികളിൽ ന്യൂനതയുണ്ടെന്ന് സൂചിപ്പിച്ചിട്ടൊ എങ്ങിനെ യും അയാളെ ഒന്ന ദേഷ്യപ്പെടുത്തണം.

രൊ-സി—സമ്മതിച്ചു. ഇതുകൊണ്ടുള്ള വിശേഷമെന്താണ്.

രു-ഗു— അയാൾ ക്ഷണം ദേഷ്യപ്പെട്ടുകൊള്ളും. പക്ഷെ അങ്ങെ പ്രഹരിച്ചേക്കാനുംമതി. എങ്ങിനെയും ദേഷ്യപ്പെടുത്തണം. ഇത്രയും നടത്താമെങ്കിൽ ഈ ദ്വീപുവാസികളെ ഞാനിളക്കി ഒരു ലഹളയുണ്ടാക്കി ഇവന്റെ ഉദ്യോഗം താഴെ വയ്പിക്കാം. അപ്പോൾ ചില സൂത്രങ്ങൾ ഞാൻ ആലോചിച്ചു പറയുന്നതുപോലെ അങ്ങ് പ്രവൎത്തിച്ചുകൊണ്ടാൽ അങ്ങെ ആഗ്രഹം എളുപ്പത്തിൽ സാധിക്കാം. ഈ തടസ്ഥം വല്ല വിധവും നീക്കിയില്ലെങ്കിൽ നമ്മുടെ സുഖം പൂജ്യമാണ്.

കാൎയ്യസാദ്ധ്യത്തിന്ന വേറെ മാൎഗ്ഗങ്ങൾ ആലോചിച്ചറിയുന്നതിന് ശക്തനല്ലാതിരുന്ന രൊമേശസിംഹന രുദ്രഗുപ്തന്റെ ഉപദേശത്തെ സ്വീകരിച്ച് യാത്രയാകയും രുദ്രഗുപ്തൻ ഉടനെ ആലോചനയിൽ മഗ്നനാകയും ചെയ്തു. "സുരേന്ദ്രനാഥന് അവളിൽ താല്പൎയ്യമുണ്ടെന്ന് എനിക്ക് നല്ലവിശ്വാസമാണ്. അവൾക്ക അങ്ങോട്ടും അതുപോലെ ഉണ്ടെന്നുള്ളതു് സംഭവിക്കാവുന്നതും വിശ്വസിക്കാവുന്നതുമാണ്. എനിക്ക് സേനാധിപതിയെ കാണുന്നതുതന്നെ ദുസ്സഹമാണെങ്കിലും അയാൾ യോഗ്യനാണെന്നും വാസ്തവത്തിൽ സരസ്വതിഭായിയെ സ്നേഹിക്കുന്ന ആളാണെന്നും അറിയാം. എന്റെഹൃദയത്തിലും ചില ആഗ്രഹങ്ങൾ കടന്ന് വശമായിട്ടുണ്ട്. പക്ഷെ അവൾ അതിലൊന്നും ഉൾപ്പെടുമെന്ന തോന്നുന്നില്ല. ഏതായാലും സുരേന്ദ്രനാഥനെ മുമ്പോട്ട് ഒന്നുന്തിവിടുകതന്നെ. സേനാധിപതിയോടു കുറേ അധികം അസത്യം പറയേണ്ടിവരും. അയാളുടെ സുഖം തീരെ നശിപ്പിച്ച അയാളെ ഭ്രാന്തുപിടിപ്പിക്കുന്നതിനും എന്നെ സ്നേഹിച്ചതിന്ന പ്രതിഫലമായി കഴുതപ്പെരെട്ടുന്നതിനും ഇതുപോലെ ഒരവസരമുണ്ടാകയില്ല." ഇങ്ങനെ വിചാരിച്ചുംകൊണ്ടു രുദ്രഗുപ്തൻ സുരേന്ദ്രനാഥനെ കാണുന്നതിലേക്കായി പോയി. സേനാധിപതിയും ഭാൎയ്യയും മിഥ

ലദ്വീപിൽ വന്നുചേൎന്ന ദിവസംതന്നെ യവനന്മാരുടെ പടക്ക പ്പലുകൾ നഷ്ടപ്പെട്ടു എന്നുള്ള വൎത്തമാനം ഒരു ശുഭലക്ഷണ മായിത്തീരുകയാൽ ആ ദ്വീപുവാസികൾക്കു് അന്നേദ്ദിവ സം ഒരു മഹോത്സവമായിരുന്നു. ഈ സന്തോഷത്തിനെ ത ടുക്കരുതെന്നു വിചാരിച്ചു് സേനാധിപതി ദ്വീപുവാസികളുടെ ഇഷ്ടമനുസരിക്കേണ്ടിവന്നു. സെനാധിപതിക്കും ഭാൎയ്യക്കും "വിജയം ഭവിക്കട്ടെ". എന്നുള്ള ശബ്ദം പലവീഥികളിലും മു ഴങ്ങിത്തുടങ്ങി. ഈ സന്ദൎഭത്തിൽ പട്ടാളക്കാർ മററുള്ളവരെ പ്പോലെ ഉത്സാഹശീലന്മാരായി തീൎന്നേക്കാനിടയുണ്ടെന്നും ത ന്നിമിത്തം കലശലുകൾ സംഭവിച്ചേക്കാമെന്നും സംശയിച്ചു സേനാധിപതി സുരേന്ദ്രനാഥനെ വിളിച്ചുവരുത്തിജനങ്ങൾക്കു യാതൊരു പീഡക്കും ഇടകൊടുക്കരുതെന്നു പ്രത്യേകം ചട്ടം കെട്ടി. അന്നുരാത്രിയിൽ തന്നെ തൻെറ സൂത്രങ്ങൾ പ്രയോ ഗിച്ചു് ഫലമറിയണമെന്നു് രുദ്രഗുപ്തനും നിശ്ചയിച്ചു. സേ നാധിപതിയോടു വളരെ ഭക്തിയും സുരേന്ദ്രനാഥനോടു് അ മിതമായ സ്നേഹവും പ്രകടിപ്പിച്ചുംകൊണ്ടു രുദ്രഗുപ്തൻ സുരേ ന്ദ്രനാഥൻെറ മുമ്പിൽ ഒന്നുകൂടി പ്രത്യക്ഷപ്പെട്ടു.

ഈ ആഘോഷം നടക്കുന്ന ദിവസം മിഥിലദ്വീപുവാ സികളിൽ അനേകംപേർ മദ്യം സേവിക്കയുണ്ടായി. ബുദ്ധി യെ ദുർവിഷയത്തിൽ തിരിക്കുന്നതിനും മാന്യന്മാരായ ജനങ്ങ ളെ ആഭാസവൃത്തിയിൽ ഉത്സാഹിപ്പിക്കുന്നതിനും മദ്യത്തി നൊരു പ്രത്യേകശക്തിയുണ്ടെന്നു പ്രസിദ്ധപ്പെട്ടിട്ടുള്ളതിൻെറ തത്വംഈ സന്ദർഭത്തിൽ പരീക്ഷിച്ചു തീരുമാനിക്കണമെന്നു് രുദ്രഗുപ്തൻ നിശ്ചയിച്ചു. ഓരോ വൎത്തമാനം പറഞ്ഞുകൊണ്ടി രിക്കുന്ന മദ്ധ്യേരുദ്രഗുപ്തൻ സരസ്വതിഭായിയുടെ ഓരോ ഗുണ ത്തെ വൎണ്ണിച്ചുതുടങ്ങി. സരസ്വതിഭായിയെക്കുറിച്ചു് വാസ്തവമായ ബഹുമാനമുണ്ടായിരുന്ന സുരേന്ദ്രനാഥനു് ഈവ ൎത്തമാനം വളരെ രസിച്ചു. രുദ്രഗുപ്തൻെറ നിർബന്ധത്താൽ സുരേന്ദ്രനാഥൻ സ്വല്പം മദ്യം സേവിച്ചു. ഈ മദ്യത്തിനു് അ സാമാന്യമായ ലഹരിയുണ്ടായിരുന്നതു് നിമിത്തം സുരേന്ദ്രനാ ഥനു് തൻേറടം അശേഷമില്ലാതെയായി. ലഹരി കലശ

ബാധിച്ചുതുടങ്ങിയപ്പോൾ കുടിയും കലശലായി. സുരേന്ദ്രനാഥൻ സരസ്വതിഭായിയെ വളരെ ഉച്ചത്തിൽ സ്തുതിച്ചുതുടങ്ങി. ഈ സ്ഥിതികണ്ടപ്പോൾ രുദ്രഗുപ്തൻ സ്വല്പനേരത്തേയ്ക്കു് അവിടെനിന്നും തെററിമാറി. രൊമേശസിംഹൻ രുദ്രഗുപ്തനുമായി ചെയ്തിട്ടുള്ള ഉടമ്പടിയനുസരിച്ച് സുരേന്ദ്രനാഥൻെറ സമീപത്തുവന്നു് അധിക്ഷേപവാക്കുകൾ ചൊരിഞ്ഞു തുടങ്ങി. മദ്യപാനം നിമിത്തം ഭ്രാന്തചിത്തനായിചമഞ്ഞിരുന്ന സുരേന്ദ്രനാഥൻ വാളും ഊരിക്കൊണ്ടു് രൊമേശസിംഹൻെറ പിന്നാലെ പാഞ്ഞെത്തി. കലശൽ വദ്ധിക്കുന്നതിനിടകൊടുക്കരുതെന്നു് വിചാരിച്ച് സമാധാനം പറയുന്നതിലേയ്ക്കു് സന്നദ്ധനായി വന്ന പട്ടാളത്തിലെ ഒരുദ്യോഗസ്ഥൻെറ ദേഹത്തിൽ സുരേന്ദ്രനാഥൻ മുറിവേല്പിച്ചു. രൊമേശസിംഹൻ ദ്വീപ് മുഴവനുമിളകത്തക്ക വിധത്തിൽ മുറവിളിയും കൂട്ടി. രുദ്രഗുപ്തൻെറ പ്രത്യേക ശിപാർശയിന്മേൽ കൂട്ടവിളിയുടെ ശബ്ദവും മുഴങ്ങിത്തുടങ്ങി. ഉറങ്ങിക്കിടന്നിരുന്ന അബ്ദല്ലാഖാൻ ഘോരമായ ശബ്ദംകേട്ടു ഞെട്ടിയുണൎന്നു വലുതായ ലഹള നടക്കുന്നു എന്നുള്ള വിചാരത്തോടുകൂടി പാളയത്തിലേക്കു് ചെന്നു. ലജ്ജകൊണ്ടും വ്യസനംകൊണ്ടും സംസാരിക്കുന്നതിനുപോലും ശക്തനല്ലാതെ സുരേന്ദ്രനാഥൻനിന്നു വിഷമിക്കുന്നതു കണ്ടിട്ടു രുദ്രഗുപ്തൻആദരവോടു് സംഭവിച്ച സംഗതികൾ വിസ്തരിച്ച് പറഞ്ഞുതുടങ്ങി. എന്നുമാത്രമല്ലാ, താൻ നിർദ്ദോഷിയാണെന്നു് സംഭവിക്കയും ചെയ്തു. പട്ടാളത്തിൻെറ മേൽവിചാരക്കാരനായി നിയമിക്കപ്പെട്ടിരുന്ന സുരേന്ദ്രനാഥൻ ആജ്ഞയെ നിഷേധിച്ച് മൌഢ്യസ്വഭാവം കാണിച്ചതുകൊണ്ടു് ക്രോധ പരവശനായ സേനാധിപതി ഉടനെ അയാളെ വേലയിൽനിന്നും പിരിച്ചു.

രുദ്രഗുപ്തൻ ഒന്നാമതായി പ്രയോഗിച്ച സൂത്രം നല്ലതുപോലെഫലിച്ചു എന്നു് സംശയിപ്പാനില്ലല്ലോ. മാനവും ക്ഷയിച്ച് ജോലിയും പോയതുകൊണ്ടു് സുരേന്ദ്രനാഥൻ വളരെ വ്യസനിച്ചു. മദ്യപാനിയാണെന്നു് പരക്കെ ബോധ

പ്പെട്ടത്തിയിരിക്കുന്ന താൻ സേനാധിപതിയുടെ സ്നേഹത്തി ന്നം ദയയ്ക്കും ഇനിമേൽ അർഹനല്ലെന്നുള്ളതു് താൻ തീച്ച്യാക്കിയ്യതായാലും ഇഷ്ടനായിരിക്കുന്ന രുദ്രഗുപ്തനുമായി ആലോചിച്ച് മേൽ വേണ്ടതുപോലെ പ്രവൎത്തിക്കണമെന്നും നിശ്ചയിച്ചു. സമയംപോലെ സാന്ത്വനവാക്കുകൾ ഉപയോഗിക്കുന്നതിന്ന് രുദ്രഗുപ്തനുണ്ടായിരുന്ന സാമൎത്ഥ്യം അവാച്യമാണ്.

രു-ഗു — ദുഃഖം നേരിടാത്ത ആളുകളുണ്ടോ? സേനാധിപതിക്ക് നിങ്ങളോട്ട് അശേഷം നീരസം തോന്നിയിട്ടില്ല. പിന്നെ അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥിതിക്കു തൽക്കാലം ഇത്രയും ചെയ്യാതെയിരിപ്പാൻ പാടില്ലാഞ്ഞു ചെയ്തിട്ടുള്ളതാണ്. കാൎയ്യം ഭംഗിയായി അവസാനിക്കുന്നതിന്ന് നിങ്ങൾ മാപ്പപേക്ഷിക്കുന്ന താമസമല്ലാതെ എന്താണുള്ളതു്.

സു-ന — കഷ്ടം എനിക്കു ലജ്ജയാകുന്നു. ഇത്രയോഗ്യനായ ഒരു മേലുദ്യോഗസ്ഥൻെറ അതൃപ്തി ഞാൻ മദ്യപാനം നിമിത്തം സമ്പാദിച്ചുവെല്ലൊ. മദ്യം പിശാചുതന്നെയാണ്. അതു ഉള്ളിൽ ചെല്ലുമ്പോൾ മനുഷ്യർ വിവേകശൂന്യരായി എന്തെല്ലാം പറകയും പ്രവൎത്തിക്കയും ചെയ്യുന്നു.

രു-ഗു — സ്വല്പം കുടിക്കാത്തവരായിട്ട് ആരാണുള്ളതു്? പക്ഷെ ഈ സമയത്തു് ഇങ്ങിനെ സംഭവിക്കാതിരുന്നു എങ്കിൽ വെടിപ്പായിരുന്നു. മേൽ വേണ്ട കാൎയ്യം ആലോചിക്കാം. ഇപ്പോൾ വാസ്തവമായി സേനാധിപതി സരസ്വതിഭായി തന്നെയാണ്. കല്യാണം കഴിഞ്ഞതിൽപിന്നെ ആ സ്ത്രീയുടെ ബുദ്ധിഗുണവും സൌന്ദൎയ്യവും കണ്ട് സേനാധിപതിമയങ്ങിക്കിടക്കയാണ്. ഭാൎയ്യപറയുന്നതു സേനാധിപതിക്കു വേദവാക്യമാണ്. ഇത്ര സത്യവതിയും സുശീലയുമായിട്ടു ഞാൻ വേറെ സ്ത്രീകളെ കണ്ടിട്ടില്ല. അങ്ങു സത്യം മുഴവനും അവരോട്ടു പറയണം. അവർ സേനാധിപതിയോട്ട് പിടിച്ചുപറഞ്ഞാൽ ഈ വിധമൊക്കെപ്പോയി ക്ഷണംകൊണ്ട് നിങ്ങൾ അദ്ദേഹത്തിൻെറ അത്യന്ത ബന്ധുവായിത്തീരും.

സു-നാ--അങ്ങിനെതന്നെ. നാളെ കാലത്തുതന്നെ ചെന്നുകണ്ടു് ആശ്രയിക്കാം. ഫലിച്ചില്ലെങ്കിൽ എൻെറ ശ്രേയസ്സിൻെറ ഗതി കീഴ്പ്പോട്ടായി.

സുരേന്ദ്രനാഥനെ ഈ വിധത്തിൽ ധൈൎയ്യപ്പെടുത്തി അയച്ചതിൻെറ ശേഷം രുദ്രഗുപ്തൻ പിന്നെയുംആലോചനയിൽ പതിച്ചു. "ഈവിധം ഗുണദോഷിക്കുന്ന എന്നെ ദുഷ്ടനാണെന്നു് ആരു പറയും? എൻെറ ഉപദേശം അനുഗമിക്കുന്നതുകൊണ്ടുമാത്രം സേനാധിപതിയുടെ ഇഷ്ടം അവൻ സമ്പാദിച്ചേക്കാൻ മതി. ഗുണപ്രദമായ വിഷയത്തിൽ പ്രവേശിക്കുന്നതിനു് സരസ്വതിഭായിക്കു വിസമ്മതം വരികയില്ല. സ്നേഹം കൊണ്ടടിമപ്പെട്ടിരിക്കുന്ന സേനാധിപതി അവളുടെ ഇഷ്ടമനുസരിച്ചു തുള്ളുമെന്നുള്ളതും സംശയിപ്പാനില്ല. അപ്പോൾ സുരേന്ദ്രനാഥനു് സുഖംവരുന്ന മാൎഗ്ഗത്തെ തെളിച്ചുകൊടുത്തിരുന്ന ഞാൻ ദുഷ്ടനാണെന്ന പേരിനു അൎഹനാകുന്നതു് എങ്ങിനെയാണു്? ഇതുകൊണ്ടെൻെറ കാൎയ്യസാദ്ധ്യം എങ്ങിനെ സംഭവിക്കുന്നു. അതെ! അതെ!! സുരേന്ദ്രനാഥനു കൊടുത്തിരുന്ന ഗുണോല്ക്കൃഷ്ടമായ ഉപദേശത്തെ വേറെയൊരു മാൎഗ്ഗത്തിൽ തിരിച്ചുവിട്ടു് അതുകൊണ്ടെൻെറ കാൎയ്യം സാധിക്കണം സുരേന്ദ്രനാഥൻെറ വ്യസനകരമായ സ്ഥിതി സേനാധിപതിയുടെ ചെവിയിൽ എത്തുന്നതിനു് സരസ്വതിഭായി തന്നെ ഉത്സാഹിക്കേണ്ടതാണു്. സരസ്വതിഭായിയുടെ ഉത്സാഹം സുരേന്ദ്രനാഥനോടുള്ള പ്രത്യേക സ്നേഹത്താലുണ്ടായിട്ടുള്ളതാണെന്നും അവളുടെന്യായമല്ലാത്ത ചില ആഗ്രഹപൂൎത്തിക്കായിട്ടാണു് അവൾ കഷ്ടപ്പെടുന്നതെന്നും സേനാധിപതിയെ ധരിപ്പിക്കണം. സുരേന്ദ്രനാഥനനുകൂലമായി എൻെറ ഭാൎയ്യയെക്കൊണ്ടു് സരസ്വതിഭായിയോടു് ഒന്നു പിടിച്ചുപറയിക്കണം. സുരേന്ദ്രനാഥൻ ആവലാധിക്കായി സരസ്വതിഭായിയുടെ സമീപത്തുചെല്ലുമ്പോൾ സേനാധിപതിയെ സൂത്രത്തിൽ വിളിച്ചുകൊണ്ടുപോയി ഇവരെ കാണിച്ചുകൊടുത്തു സംശയം ജനിക്കത്തക്കവിധത്തിൽ ഒന്നു മന്ത്രിക്കണം. അവളുടെ സന്മാൎഗ്ഗ

മൊക്കെ ദുർമ്മാൎഗ്ഗമാണെന്നു് സേനാധിപതിയെ ബോധപ്പെടുത്തി എല്ലാപേരേയും ഒരുമിച്ചു എൻെറ കൌശലവലയിൽ അകപ്പെടുത്തുന്നുണ്ടു്."

കാലവിളംബം കാൎയ്യസാദ്ധ്യത്തിനു വിഘ്നമായിത്തീരുമെന്നു് ശങ്കിച്ചു രുദ്രഗുപ്തൻ സൂത്രം പരീക്ഷിക്കുന്നതിലേക്കായി ഉടനെ വേണ്ട ഒരുക്കങ്ങൾ ചെയ്തു. പിറേറ ദിവസം പുലച്ച്യയായപ്പോൾ രുദ്രഗുപ്തൻെറ പ്രേരണയിന്മേൽ, സുരേന്ദ്രനാഥൻ സരസ്വതിഭായിയെ കാണുന്നതിനായി ചെന്നു. സരസ്വതിഭായിക്കു സഖിത്വത്തിനും സഹായത്തിനുമായിട്ടു രുദ്രഗുപ്തൻെറ ഭാൎയ്യ അനന്തഭായി കൂടി താമസിക്കുന്നുണ്ടായിരുന്നു. സുരേന്ദ്രനാഥൻ ഒന്നാമതായി കണ്ടതു് അനന്തഭായിയെയാണു്. സുരേന്ദ്രനാഥൻ വന്നിരിക്കുന്ന വിവരം അനന്തഭായി അകത്തു ചെന്നു് അറിയിച്ചപ്പോൾ ഉടനെ കൂട്ടിക്കൊണ്ടു വരുന്നതിനു് സരസ്വതിഭായി പറഞ്ഞയച്ചു. ഈ ആജ്ഞാനുസരണമായി സുരേന്ദ്രനാഥൻ തൻെറ സമീപത്തു വന്നപ്പോൾ സരസ്വതിഭായി വേണ്ടതുപോലെ ഉപചരിച്ചു് ഇങ്ങിനെ പറഞ്ഞു. "അങ്ങു വൃഥാ വ്യസനിക്കേണ്ടാ-ഭൎത്താവും നിങ്ങളും മുൻപിൽ എന്തുമാത്രം ബന്ധുക്കളായി കഴിഞ്ഞുവൊ അതുപോലെ മേലും കഴിയും. പക്ഷെ ഇപ്പോൾ നിങ്ങളോട്ടു് കുറച്ചു നീരസം നടിക്കുന്നതു് കൂടാതെ കഴികയില്ല. ഇതാ നിങ്ങളെ തിരിയെ വേലയിൽ നിയമിപ്പിക്കുന്നുണ്ടെന്നു ഈ അനന്തഭായി കേൾക്കെ ഞാൻ വാഗ്ദത്തം ചെയ്യുന്നു. ഞാൻ ഒരു വാക്കു പറഞ്ഞാൽ അതിൽനിന്നും പിൻവലിക്കയില്ലാ. നിങ്ങളെ വേലയിൽ നിയമിക്കുന്നതുവരെ ഭൎത്താവിനു ഞാൻ സൈ്വരം കൊടുക്കയില്ല. ഇതിലധികം എന്താണു് വേണ്ടതു്. ഇനിയെങ്കിലും സന്തോഷിക്കണം. നിങ്ങളെ ഈ ആപത്തിൽ ഉപേക്ഷിക്കുന്നതിനേക്കാൾ മരിച്ചുപോകുന്നതാണു് എനിക്കു സന്തോഷം."

സുരേന്ദ്രനാഥൻ കൃതജ്ഞതാപൂൎവ്വം യാത്ര പറയുന്ന സമയം സേനാധിപതിയും രുദ്രഗുപ്തനും സരസ്വതിഭായി ഇരുന്നിരുന്ന സ്ഥലത്തേയ്ക്കു കടന്നുവന്നു. വല്യതായ തെററു

ചെയ്യിരിക്കുന്ന തന്നെക്കണ്ടാൽ സേനാധിപതിക്കു നീരസം വൎദ്ധിച്ചേക്കുമെന്നു ശങ്കിച്ചു സുരേന്ദ്രനാഥൻ ബദ്ധപ്പെട്ടു് മുറിയിൽ ഗോപ്യമായി പുറത്തേയ്ക്കു കടന്നു. അപ്പോൾ രുദ്രഗുപ്തൻ പുരികം ചുളിച്ചു സ്വകാൎയ്യമായിട്ടു സേനാധിപതിയോടു ഇങ്ങിനെ പറഞ്ഞു. "ആ! അതു എനിക്കു് അത്ര പിടിച്ചില്ല."

അ-ഖാൻ—എന്താണു് നിങ്ങൾ പറഞ്ഞതു്?

രു-ഗു—ഒന്നുമില്ല. എന്തൊ പറഞ്ഞു എന്നേയൊള്ളു.

അ-ഖാൻ—ആ കടന്നുപോയതു് സുരേന്ദ്രനാഥനല്ലെ?

രു-ഗു—സുരേന്ദ്രനാഥനൊ? ഒരിക്കലുമല്ല. അങ്ങുവരുന്നതു കണ്ടിട്ടു് കുററക്കാരനെപ്പോലെ അയാൾ ഒളിച്ചോടുന്നതു് എന്തിനായിട്ടാണു്?

അ-ഖാൻ—അയാൾ ആണെന്നാണു എനിക്കു തോന്നിയതു്.

ഇത്രയും സംസാരിച്ചതിൻെറ ശേഷം രണ്ടാളും സരസ്വതിഭായിയുടെ മുറിയിലേക്കു് കടന്നു.

സ-ഭായി—അങ്ങെ അപ്രീതി സമ്പാദിച്ചിരിക്കുന്ന ഒരാൾ ഇതുവരെ എന്നോടു് അയാളുടെ സങ്കടം പറകയായിരുന്നു. അയാൾ സാധുവും ഇവിടത്തെപ്പേരിൽ വളരെ ഭക്തിവിശ്വാസം ഒള്ളവനും ആണു്. ഞാൻ പറഞ്ഞിട്ടു് ഒരു കാൎയ്യം ചെയ്യുന്നുണ്ടെങ്കിൽ അയാളെ തിരിയെ നിയമിച്ചാൽ കൊള്ളാം. അയാളുടെ പശ്ചാത്താപം കണ്ടിട്ടു് എനിക്കു വളരെ വ്യസനമുണ്ടു്. അയാളുടെ തെററു ബുദ്ധിമോശത്താൽ വന്നിട്ടുള്ളതാണെന്നു അയാളുടെ മുഖംതന്നെ പറയുന്നുണ്ടു്.

അ-ഖാൻ—ഇപ്പോൾ പോയതു് അയാളല്ലെ? ഏതായാലും ബദ്ധപ്പെടേണ്ട. പിന്നീടു് ആലോചിക്കാം.

സ-ഭായി—അധികതാമസം കൂടാതിരുന്നാൽ മതി.

അ-ഖാൻ—നിനക്കു് വേണ്ടി അങ്ങിനെയുമാകാം.

സ-ഭായി—എന്നാൽ ഇന്നു രാത്രിയിൽ അത്താഴം കഴിക്കുമ്പോൾ ഓൎമ്മപ്പെടുത്തട്ടൊ?

അ-ഖാൻ—ഇന്നുരാത്രിയിൽ വേണ്ട.

സ-ഭായി- എന്നാൽ നാളെ മൂത്താഴസമയത്തായാലൊ?

അ-ഖാൻ—നാളെ മൂത്താഴം എനിക്ക് ഇവിടെയല്ലല്ലൊ. ഒരുവിരുന്നുള്ള വിവരം നീ മറന്നുപോയൊ?

സ-ഭായി—എന്നാൽ നാളെ രാത്രിയിലൊ അല്ലെങ്കിൽ ചൊവ്വാഴ്ച കാലത്തൊ ഉച്ചക്കൊ രാത്രിയിലൊ ബുധനാഴ്ചകാലത്തൊ എപ്പൊഴായാലുംവേണ്ടതില്ലാ. മൂന്നു ദിവസത്തിനകം എൻെറ അപേക്ഷ സാധിച്ചുതരാമെന്ന് വാഗ്ദത്തം ചെയ്താൽ എനിക്കു സമാധാനമായി. അതിസമൎത്ഥന്മാരായിരിക്കുന്ന ഉദ്യോഗസ്ഥന്മാർ പോലും പട്ടാളത്തിലെ നടപ്പടികളെ ലംഘിച്ചാൽ കഠിനമായ ശിക്ഷക്ക് അൎഹന്മാരായി തീരുമെന്നുള്ളത് അറിവാൻ പാടില്ലാതെ ഞാൻ സിദ്ധാന്തിക്കുന്നതല്ല. സാധാരണ വിചാരിക്കുമ്പോൾ ഇയാളുടെ കുററത്തിൻെറ ഗൌരവം നിങ്ങൾ തമ്മിലുള്ള സ്നേഹത്തിനു പ്രതിബന്ധമായി തീരണമൊ എന്നുള്ള സംഗതി ആലോചിക്കേണ്ടതാണ്. എൻെറ അഭിപ്രായത്തിൽ കുററം തന്നെ നിസ്സാരമായിട്ടുള്ളതാണ്. അതുകൊണ്ട് ആ സാധു എപ്പോൾ വരണമെന്നെങ്കിലും പറയണം. എന്നാൽ സാധിക്കേണ്ടതു് ഒരു കാൎയ്യത്തിനായിട്ട് അങ്ങു ഇതുപോലെ എന്നോട് അപേക്ഷിച്ചിരുന്നുവെങ്കിൽ ഞാനെന്തെങ്കിലും തടസ്ഥം പറയുമെന്ന് അങ്ങു വിചാരിക്കുന്നുണ്ടോ? എന്നെ വിവാഹം ചെയ്യുന്നതിനു മുമ്പെ ഞാൻ ഓരോ സമയത്ത് അങ്ങെ ന്യൂനതകളെപ്പററി പ്രസ്താവിച്ചിട്ടുള്ളപ്പോൾ ഈ ആൾ അങ്ങെ പ്രശംസിച്ചു പറഞ്ഞിട്ടുള്ളതു് ഞാൻ ഇതുവരെ മറന്നിട്ടില്ല. വിവാഹം നടക്കുന്നതിനു മുമ്പു് എത്രപ്രാവശ്യമാണ് ദൂതിന് കച്ചകെട്ടി ഈ വിദ്വാൻ കഷ്ടപ്പെട്ടിട്ടുള്ളതു്! ഇങ്ങിനെയുള്ളയാളിനെ വേലയിൽ നിയമിക്കുന്നതിനു ഞാൻ ഇത്ര ബുദ്ധിമുട്ടണമോ?

അ-ഖാൻ—ദയവുതോന്നി ഈ സംസാരം മതിയാക്കണം. അയാൾക്കു ബോധിക്കുമ്പൊൾ വരട്ടെ.

സ-ഭായി—പ്രത്യേകിച്ചു സഹായം ഒന്നുംചെയ്യണമെ

ന്ന് ഞാൻ അപേക്ഷിക്കുന്നില്ല. കുളിക്കണമെന്നും. നിർമ്മലവസ്ത്രം ധരിക്കണമെന്നും, ഭക്ഷണം കഴിക്കണമെന്നും, സുഖക്കേടിന്ന് ഇടകൊടുക്കാതെ ദേഹം സൂക്ഷിച്ചുകൊള്ളണമെന്നും ഞാൻ പറയുന്നതാണെങ്കിൽ അതിൽ എന്തുമാത്രം അപേക്ഷയുണ്ടോ അതിൽ കവിഞ്ഞൊരപേക്ഷ ഇക്കാൎയ്യത്തിലുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. പിന്നെ എന്നോട്ട അനുരാഗത്തിന്ന് എന്തുമാ ദാർഢ്യമുണ്ടെന്ന് പരീക്ഷിക്കണമെന്നല്ല കരുതലോട്ടകൂടി ഞാനെന്തെങ്കിലും ഒന്ന് അപേക്ഷിക്കുമ്പോൾ ആ അപേക്ഷ സാധിച്ചുതരുന്നതിന്ന് അങ്ങേക്കു കുറെ അദ്ധ്വാനംകൂടാതെ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

അ-ഖാൻ -- നിൻെറ അപേക്ഷ പോലെ ചെയ്യാം. എനിക്ക് ആലോചിക്കാനും സ്വല്പം നേരം അനുവദിക്കേണ്ടതു് വിഹിതമല്ലയോ?

സ-ഭായി -- അങ്ങിനെതന്നെ.

സരസ്വതി ഭായിയുടെ ഈ വാക്കുകൾ കേട്ടതിൽ പിന്നെ അബ്ദല്ലാഖാൻ ക്ഷണനേരം അവിടെ താമസിച്ചില്ല. മുമ്പിൽതന്നെ സംശയഗ്രസ്തനായിരുന്നതുകൊണ്ടു രുദ്രഗുപ്തൻ സേനാധിപതിയുടെ വരവിനെ കാത്തുനിൽക്കയായിരുന്നു. അബ്ദല്ലാഖാൻെറ പൂൎണ്ണസമ്മതം കൂടാതെ മനസ്സിൽ കവിഞ്ഞിരുന്ന ചില വിചാരങ്ങൾ വാക്കുകളായിട്ടു് പുറത്തേക്ക് പുറപ്പെട്ടതു് രുദ്രഗുപ്തൻ കേൾക്കാതിരുന്നില്ല. "എൻെറ പ്രിയതമെ! എനിക്ക് നിന്നോടപാരമായ പ്രേമമില്ലെങ്കിൽ ഞാൻ എൻെറ ആത്മാവിനെ വഞ്ചിക്കയാണ്. എൻെറപ്രേമത്തിന്ന് ഭംഗം വരുന്ന കാലത്തു് എല്ലാം കുഴപ്പത്തിലാകും." ഈ വാക്കുകളാണ രുദ്രഗുപ്തൻ കേൾക്കുന്നതിനിടയായതു്.

രു-ഗു — കഷ്ടം!

അ-ഖാൻ — നിങ്ങൾ എന്താണ് പറയുന്നതു്?

രു-ഗു -- വിശേഷിച്ചൊന്നുമല്ല. വിവാഹത്തിനു മുമ്പു അങ്ങെ അനുരാഗത്തെപ്പററി സുരേന്ദ്രനാഥനു വല്ല അറിവുമുണ്ടായിട്ടുണ്ടോ?

'അ-ഖാൻ--ആദ്യംമുതൽ അവസാനംവരെ അറിഞ്ഞു

ട്ടുണ്ട്. എന്തിനായിട്ടാണ് ചോദിക്കുന്നതു്.

രു-ഗു—എന്റെ സമാധാനത്തിനു വേണ്ടി ചോദിച്ചു എന്നല്ലാതെ ദോഷവിചാരമൊന്നുമില്ല.

അ-ഖാൻ—എന്നു മാത്രവുമല്ല, വളരെ വൎത്തമാനങ്ങൾ ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞയച്ചിട്ടുമുണ്ട്.

രു-ഗു—വാസ്തവമൊ?

അ-ഖാൻ—വാസ്തവം. അതിലെന്താ വിശേഷം? അയാൾ സത്യവാനല്ലെ?

രു-ഗു—സത്യവാനൊ?

അ-ഖാൻ—സത്യവാൻ-അതെ! സത്യവാൻ

രു-ഗു അങ്ങിനെ തന്നെയാണു വിചാരിക്കേണ്ടതു്.

അ-ഖാൻ—നിങ്ങൾ എന്തുവിചാരിക്കുന്നു.

രു-ഗു—ഞാൻ വിചാരിക്കുന്നതൊ?

അ-ഖാൻ—ഞാൻ പറയുന്നതൊക്കെ നിങ്ങൾ ആവൎത്തിക്കുന്നതെന്തിനായിട്ടാണ്? നിങ്ങളുടെ മനസ്സിൽ നികൃഷ്ടങ്ങളായ എന്തൊ വിചാരങ്ങൾ ഉള്ളതായിട്ടു തോന്നുന്നു. "എനിക്കിതത്ര രസിച്ചില്ലാ" എന്നു നിങ്ങൾ സ്വല്പം മുമ്പു സുരേന്ദ്രനാഥൻ എന്റെഭാൎയ്യയുടെ സമീപത്തുനിന്ന് പോകുമ്പോൾ പറയുന്നതു ഞാൻ കേട്ടു. എന്താണു നിങ്ങൾക്ക് രസിക്കാത്തുള്ളതു്? എന്റെ വിവാഹത്തിനു മുമ്പു സുരേന്ദ്രനാഥൻ ദൌത്യം വഹിച്ചു എന്നുപറഞ്ഞപ്പോൾ നിങ്ങൾ അതിശയത്തോടു "വാസ്തവമൊ" എന്നു ചോദിക്കയും പുരികം ചുളുക്കുകയും ചെയ്തതു എന്തിനായിട്ടാണ്. എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ ഗൌപ്യമായ വിചാരം വേഗം വെളിപ്പെടുത്തുകയാണു നന്നു".

രു-ഗു—അങ്ങെ ഞാൻ സ്നേഹിക്കുന്നുണ്ടെന്നു അവിടത്തേയ്ക്കു അറിയാവുന്നതാണല്ലോ.

അ-ഖാൻ—ഞാൻ അങ്ങിനെ തന്നെയാണ് വിചാരിക്കുന്നതു്. നിങ്ങൾക്കു എന്നോടു സ്നേഹമുണ്ടെന്നും സത്യത്തെക്കുറിച്ചു ബഹുമാനമുണ്ടെന്നും നല്ലതുപോലെ വിചാരിച്ചേ എന്തെങ്കിലും പുറത്തുപറകയുള്ളു എന്നും എനിക്കറിയാവുന്നതു

കൊണ്ടുതന്നെയാണ നിങ്ങൾ ഇടയ്ക്കിടയ്ക്ക് അപൂൎവമായി സംസാരിച്ചതിനെപ്പററി ഞാൻ ഭയപ്പെടുന്നതു്. ദുഷ്ടനായിട്ടുള്ള ഒരാൾ ഈ വിധം സംസാരിച്ചുവെങ്കിൽ സൂത്രമാണെന്നു വിചാരിച്ചു് ഞാൻ സമാധാനപ്പെടുമായിരുന്നു. സത്യസന്ധനായ ഒരുവൻെറ മനസ്സിൽ ഈ വിധമുള്ള വിചാരങ്ങൾ അടക്കിവയ്ക്കുന്നതിനു പ്രയാസം തന്നെയാണ്.

രു-ഗു — സുരേന്ദ്രനാഥൻ സത്യമുള്ളയാളാണെന്നു് തന്നെയാണ് എനിക്കു തോന്നുന്നതു്.

അ-ഖാൻ — ഞാനുമങ്ങിനെയാണു് വിചാരിക്കുന്നതു്.

രു-ഗു — മനുഷ്യരുടെ അകവും പുറവും ഒരുപോലെയിരുന്നാൽ എത്ര ഭംഗിയായി. സത്യം നടിച്ചുകൊണ്ടു് വഞ്ചന പ്രവൎത്തിക്കുന്നതു് വളരെ കഠിനംതന്നെയാണു്. സുരേന്ദ്രനാഥൻ വഞ്ചനയുള്ള ആളായിരിക്കാൻ പാടില്ല. എനിക്കുതോന്നുന്നതു് മുഴുവൻ ഞാൻ പറയണമെന്നുണ്ടോ? എൻെറ മനസ്സിൽ ദുൎവിചാരങ്ങൾക്കു് കടക്കുവാൻ പാടില്ലെന്നുണ്ടോ? എത്ര പരിശുദ്ധമായിട്ടുള്ള സ്ഥലത്തും ചിലപ്പോൾ മലിനമായ വസ്തുക്കൾ കാണുന്നതിനിടയുണ്ടു്. ദുൎവിചാരങ്ങളുടെ അധിവാസത്തിനു് സൌകൎയ്യം കൊടുക്കാതെ എല്ലായ്പോഴും നിൎമ്മലമായ വിചാരത്തോടുകൂടിയിരിക്കുന്ന മനുഷ്യർ അപൂൎവമാണ്. ചിലപ്പോൾ ഈ വിചാരങ്ങൾ മനസ്സിൽ പ്രവേശിച്ചു് കോടതികളിൽ ന്യായാധിപതികൾകൂടി കേസ്സുവിചാരണ കഴിക്കുന്നതുപോലെ ചില അന്വേഷണങ്ങൾ നടത്തി വിധിപറയുന്നുണ്ടു്.

അ-ഖാൻ — നിങ്ങളുടെ സ്നേഹിതനായിരിക്കുന്ന എന്നെ ഒരുവൻ വഞ്ചിക്കുന്നുണ്ടെന്നു് മനസ്സിലാക്കീട്ടു് നിങ്ങളുടെ വിചാരം എന്നിൽ നിന്നും മറച്ചു് വക്കുന്നതു് ദ്രോഹമല്ലെ?

രു-ഗു — എൻെറ ആലോചന തെററിപ്പോയി എന്നു് വന്നേക്കാം. മററുള്ളവരുടെ ഗൂഢവിചാരങ്ങൾ അന്വേഷിച്ചറിയുന്നതിനും അവൎക്കില്ലാത്ത ദോഷങ്ങൾ മനോധൎമ്മം കൊണ്ടു് നിൎമ്മിക്കുന്നതിനും എൻെറ സ്വഭാവത്തിനു് ശ

ക്തിയില്ലെന്നു പറവാൻ പാടില്ലാ. അതുകൊണ്ടു് ലോകപരിചയവും സൂക്ഷ്മവുമില്ലാത്ത എന്റെ ചില സംശയങ്ങളെഅടിസ്ഥാനമാക്കി ബുദ്ധിമാനായ അങ്ങെ മനസ്സിന്ന് അസ്വാസ്ഥ്യം ജനിപ്പിക്കുന്നതു് ന്യായമല്ല. എന്റെ വിചാരങ്ങൾ അങ്ങറിയാതിരിക്കുന്നതു് എന്റെ പ്രായത്തിനും സ്വഭാവത്തിനും ബുദ്ധിക്കും അനുരൂപമായിട്ടുള്ളതാണു്.

അ-ഖാൻ — നിങ്ങൾ പറയുന്നതിന്റെ താല്പര്യം അത്ര വ്യക്തമാകുന്നില്ല.

രു-ഗു — ബഹുമാനം എന്നുപറയുന്നതു് സ്ത്രീ പുരുഷന്മാൎക്കൊരു ഭൂഷണമാണു്. പണം തൃണമാണു്. ഒരുവൻ എന്റെ ധനമെല്ലാം അപഹരിച്ചു എന്നു വിചാരിക്കണം. ഇതെത്രയും നിസ്സാരമായിട്ടുള്ളതാണു്. എന്നാൽ നിസ്സാരമാണൊ? അതെ അല്ലാതെന്താ? കുറച്ചുമുമ്പെ എന്റെ വകയായിരുന്നതു് ഇപ്പോൾ അവന്റെതായിരിക്കുന്നു. ഇതുപോലെ എത്രയൊ പേൎക്കു ഈ സാധനം അടിമപ്പെടുന്നു. എന്നാൽ എന്റെ യശസ്സിനെ അപഹരിക്കുന്നവൻ എന്നെ സിദ്ധനനാക്കുകയാണു് ചെയ്യുന്നതു്. എന്നുമാത്രവുമല്ലാ, അവൻഅതുകൊണ്ടു് ഒരു വിധത്തിലും ഗുണപ്പെടുന്നതുമല്ല.

അ-ഖാൻ — തീർച്ചയായി നിങ്ങളുടെ വിചാരം ഞാൻ അറിയാതായിരിക്കയില്ല.

രു-ഗു — എന്റെ സ്വാധീനത്തിലുള്ള ഗൂഢവിചാരങ്ങൾ അറിഞ്ഞുകൊള്ളാമെന്നു വിചാരിക്കുന്നതു എങ്ങിനെയാണു്? എന്റെ ഹൃദയംപിളൎന്നു നോക്കുവാൻ അവിടേയ്ക്കു കഴിയുമൊ?

അ-ഖാൻ — ഹാ ! അങ്ങിനെയാണല്ലെ?

രു-ഗു — എന്തു ഊഹങ്ങളാണു് മനസ്സിൽ സംഭരിച്ചുവക്കുന്നതെന്നു ഓൎത്തുകൊള്ളണം. ഭാൎയ്യയുടെ പാതിവ്രത്യത്തെപ്പററി സംശയിക്കുന്നവനു ഒരു സുഖമില്ലാ. എന്നാൽ ഭാൎയ്യയുടെ ചാരിത്രദോഷം വാസ്തവമായി അറിഞ്ഞു തന്റെ കാലമാണെന്നോൎത്തു അതിനെ ഗണ്യമാക്കാത്തവൻ, ആ ദോഷത്തിനു മതിയായ കാരണം കണ്ടുപിടിക്കുവാൻ പാടില്ലാതെ

വിഷമിച്ചു പൂൎണ്ണാനുരാഗത്തോടു കൂടിയിരിക്കുന്ന ഒരുവനേക്കാൾ എത്രയൊ ഭാഗ്യവാനാണെന്നു പറയേണ്ടതില്ലല്ലോ.

അ-ഖാൻ—കഷ്ടം! കഷ്ടം!

രു-ഗു—തൃപ്തിയോടുകൂടി ദാരിദ്ര്യമനുഭവിക്കുന്നവൻ മഹാധനികനാണ്. എന്നാൽ ദാരിദ്ര്യത്തെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നവൻ എത്ര ധനികനായാലും ദരിദ്രനെക്കാൾ ഒട്ടും വിശേഷമുള്ളവനല്ല. ഈശ്വരാ! എൻെറ മനസ്സിൽ ഈവിധമുള്ള സംശയങ്ങൾ ജനിക്കരുതെ.

അ-ഖാൻ—എന്താണു പറയുന്നതു് എൻെറ സംശയങ്ങൾ അനവൎത്തമായി ഞാൻ വൎദ്ധിപ്പിച്ചുകൊണ്ടിരിക്കുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ? നിങ്ങളുടെ ഊഹങ്ങൾ മാത്രംകൊണ്ടു എൻെറ മനസ്സിനു് അസ്വാസ്ഥ്യം ജനിക്കുമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഞാൻ ഈ മനുഷ്യരൂപംവെടിഞ്ഞുമൃഗസ്വരൂപം അവലംബിക്കുന്നതാണുത്തമം; എൻെറ ഭാൎയ്യ സുന്ദരിയാണെന്നും ഔദാൎയ്യബുദ്ധിയുള്ളവളാണെന്നും മററുള്ളവരോടു ധാരാളം സംസാരിക്കുന്നവളാണെന്നും പാടുകയുംകളിക്കയും ചിരിക്കയും ചെയ്യുമെന്നും പറയുന്നതു മാത്രംകൊണ്ടു് അവൾക്കു ചാരിത്രശുദ്ധിയില്ലെന്നു വിചാരിക്കാമൊ? ഗുണമുള്ളിടത്തു ഇവ ഭൂഷണങ്ങളാണ്. എൻെറ സ്വഭാവത്തിൻെറ ന്യൂനതകൊണ്ടു അവൾക്കു ദോഷമുണ്ടെന്നു വിചാരിക്കുന്നതും പാപമാണ്. എന്നെ നല്ലതുപോലെ കണ്ടതിൻെറ ശേഷമാണ് അവൾ വിവാഹം ചെയ്തിട്ടുള്ളതു്. അതുകൊണ്ടു സംശയത്തിന്നുതന്നെ ബലമായ തെളിവുവേണം. തെളിവു ഉണ്ടാകുമ്പോൾ മേൽ അനുരാഗമോ വൈരസ്യമോ വേണ്ടതെന്നു തീൎച്ചയാകും.

രു-ഗു—ഇപ്പോളെനിക്കു് സന്തോഷമായി. എൻെറ സ്നേഹവും ആദരവും പ്രത്യക്ഷപ്പെടുത്തുന്നതിലേയ്ക്കു ഇതിലധികം നല്ലതായി ഒരവസരമുണ്ടാകയില്ല. തെളിവുകളെപ്പററി ഞാനിപ്പോൾ ഒന്നുംതന്നെ പറയുന്നില്ല. മേലാൽ ഭാൎയ്യയുടെ നടപടികളെ ഒന്നു സൂക്ഷിക്കണം. സുരേന്ദ്രനാഥനെ

യും ഭാൎയ്യയേയും ഒരുമിച്ചുകാണുമ്പോൾ പ്രത്യേകം ചിലതൊക്കെ ദൃഷ്ടിവയ്ക്കാനുണ്ട്. സൂക്ഷ്മമല്ലാതെവല്ലതും സംശയിച്ചുഅങ്ങെ ശ്രേഷ്ഠായ സ്വഭാവത്തിനുകൂടി ദൂഷ്യമുണ്ടാക്കരുതു്. ഈ രാജ്യത്തെ സ്ത്രീകളുടെ സ്വഭാവം എനിക്ക് നല്ലതുപോലെ പരിചയപ്പെട്ടിട്ടുണ്ട്. ഭൎത്താക്കന്മാരെ കണ്ണികാണിക്കാൻ പാടില്ലാത്ത അനേക വിദ്യകളിൽ അവൎക്ക് വൈദഗ്ദ്ധ്യമുണ്ട്. ഏതൊരു സ്ത്രീ അവളുടെ ചപലതയെ ഭൎത്താവിങ്കൽ നിന്നും മറച്ചുവച്ചിട്ട് ദുൎമ്മാൎഗ്ഗത്തിൽ പ്രവേശിക്കുന്നുവൊ, അവൾ സന്മാൎഗ്ഗിയാണെന്നു് തന്നത്താൻ ഭാവിക്കുന്നുമുണ്ട്.

അ-ഖാൻ — നിങ്ങളുടെ അറിവ് സൂക്ഷ്മമാണൊ?

രു-ഗു — അച്ഛനെ വഞ്ചിച്ചിട്ടാണ് അവൾ അങ്ങെ വിവാഹം ചെയ്തിട്ടുള്ളതെന്നും നീരസം നടിച്ച് കൊണ്ടിരുന്നകാലത്തു് അവൾക്ക് പൂൎണ്ണാനുരാഗമുണ്ടായിരുന്നു എന്നും അങ്ങേക്ക് നിശ്ചയമല്ലെ?

അ-ഖാൻ — അതിനെപ്പററി എനിക്ക് സംശയമൊന്നുമില്ല.

രു-ഗു ചെറുപ്പമാണെങ്കിലും എത്ര സാമൎത്ഥ്യത്തോട് അവൾ അച്ഛൻെറ കണ്ണിൽ മണ്ണിട്ടു. ആ വൃദ്ധൻ എല്ലാക്ഷുദ്രത്തിൻെറ വലിപ്പംകൊണ്ട് സംഭവിച്ചതാണെന്നു് വിചാരിച്ചുപോയി. എൻെറ അപാരസ്നേഹംകൊണ്ട് ചിലതൊക്കെ പറഞ്ഞുപോകുന്നതിൽവച്ച് വിരോധം തോന്നരുതു്. ഇപ്പോൾതന്നെ അങ്ങെ ഉത്സാഹം വളരെ കുറഞ്ഞിരിക്കുന്നു.

അ-ഖാൻ - ഒട്ടും കുറഞ്ഞിട്ടില്ല.

രു-ഗു—അതുവൃഥാ പറയുന്നതാണ്. സ്നേഹംകൊണ്ട് വന്നുപോയിട്ടുള്ള അബദ്ധം ക്ഷമിക്കണം. ഇത്ര എളുപ്പത്തിൽ മനസ്സമറിയുമായിരുന്നു എങ്കിൽ ഞാൻ ഒന്നും പറകയില്ലായിരുന്നു. സുരേന്ദ്രനാഥൻ എൻെറ അത്യന്ത ഇഷ്ടനാണ്.

അ-ഖാൻ — സരസ്വതിഭായി സത്യമുള്ളവളല്ലെന്നു് ഞാൻ വിശ്വസിക്കുന്നില്ല.

രു-ഗു—അങ്ങെ വിശ്വാസത്തിന്നു് ഭേദം വരുത്തരുതു്. ഭാൎയ്യ എന്നും സത്യവതിയായിത്തന്നെ ഇരിക്കട്ടെ.

അ-ഖാൻ--അങ്ങിനെയല്ലെങ്കിൽ അവളുടെ സ്വാഭാവികമായിട്ടുള്ള പ്രകൃതത്തിന് എന്തു് മാററം വന്നിരിക്കണം.

രു-ഗു -- അതു് ശരിയാണ്. ഇനി ധൈര്യമായിട്ടു് പറയാമെല്ലൊ. സ്വാഭാവികമായിട്ടുള്ള പ്രകൃതമനുസരിച്ചു് പ്രവത്തിക്കുന്ന സ്ത്രീയായിരുന്നു എങ്കിൽ തൻെറ രാജ്യത്തുതന്നെ തനിക്കു് സമമായിട്ടുള്ള ആളുകളിൽ ഒരാളെ വിവാഹം ചെയ്യുന്നതിനല്ലെ എളുപ്പമുണ്ടായിരുന്നതു്. അതുകൊണ്ടു് തൻെറ രാജ്യത്തുതന്നെ തനിക്കു് വിവാഹം ചെയ്യാമെന്നുണ്ടായിരുന്ന ആളുകളുടെ സ്ഥിതിയേയും അങ്ങെ സ്ഥിതിയേയും സാദൃശ്യപ്പെടുത്തി നോക്കുമ്പോൾ കുറച്ചു് പശ്ചാത്താപപ്പെട്ടേക്കുവാൻ ഇടയില്ലെ എന്നുമാത്രം ഞാൻ സംശയിക്കുന്നു.

അ-ഖാൻ-മതി മതി. നിങ്ങൾക്കു് വിശേഷാൽ വല്ല ലക്ഷ്യങ്ങളും കിട്ടിയാൽ എന്നെ അറിയിക്കണം. സൂക്ഷിച്ചുകൊള്ളുന്നതിനു നിങ്ങളുടെ ഭാൎയ്യയോടും പ്രത്യേകം ചട്ടംകെട്ടണം. നിങ്ങൾ ഇനി താമസിക്കണമെന്നില്ല.

രു-ഗു—(പോകുന്നതിനു ഭാവിച്ചിട്ടു്) ഞാൻ ഇതാപോകുന്നു.

അ-ഖാൻ—ഞാൻ എന്തിനായിട്ടാണ് വിവാഹം ചെയ്തതു്? രുദ്രഗുപ്തൻ പറഞ്ഞിട്ടുള്ളതിലധികം അയാൾക്കു് അറിയാമെന്നുള്ളതു് നിശ്ചയമാണ്.

രു-ഗു -- (തിരിച്ചുവന്നതായി നടിച്ചിട്ടു്) ഈ വിചാരം മനസ്സിൽ നിന്നു കളയണം. എന്തെങ്കിലും ഉണ്ടെങ്കിൽ കാലംകൊണ്ടെല്ലാം ശരിയാകും. സുരേന്ദ്രനാഥനെ തിരിയെ ജോലിയിൽ നിയമിച്ചാൽ അയാൾ സാമൎത്ഥ്യത്തോടെ ആ ജോലി ഭരിക്കുമെങ്കിലും തൽക്കാലം അങ്ങിനെ ചെയ്യാതിരിക്കുന്നതിൽവച്ചു് അയാളുടെ ചില ഗൂഢഗതികൾ മനസ്സിലാക്കുവാനെളുപ്പമുണ്ടു്. അയാൾക്കു് ജോലികൊടുക്കുന്നകാൎയ്യത്തിൽ അങ്ങെ ഭാൎയ്യയ്ക്കുള്ള സിദ്ധാന്തവുംതാല്പൎയ്യവും എന്തുമാത്രമാണെന്നുമറിയാമല്ലൊ. ഇതിൽനിന്നും ചിലതൊക്കെ ഊഹിക്കാ

നുണ്ട്. എൻെറ സംശയങ്ങൾക്ക് ബലമായ അടിസ്ഥാനമി ല്ലെന്ന് ആലോചിക്കണമെന്നുമാത്രമേ ഞാൻ അപേക്ഷിക്കു ന്നുള്ളു.

അ-ഖാൻ—വേണ്ടആലോചനകഴിക്കാതെ ഞാൻ ഒന്നും പ്രവത്തിക്കുമെന്ന് ഭയപ്പെടേണ്ട.

രു-ഗു--എന്നാൽ ഞാൻ ഒന്നുകൂടി യാത്ര ചോദിക്കുന്നു.

രുദ്രഗുപ്തൻ പോയഉടനെ അബ്ദല്ലാഖാൻ പിന്നേയും മനോരാജ്യത്തിൽ മഗ്നനായി. "ഇവൻ സത്യവാനാണ്. മനു ഷ്യസഭാവം നല്ലതുപോലെ മനസ്സിലാക്കീട്ടുള്ളവനുമാണ്. അ വൾ എൻെറ പ്രാണൻ തന്നെയാണെങ്കിലും എന്നെ ച്ചതിച്ചി ട്ടുണ്ടെങ്കിൽ ത്യാജ്യയായിത്തീരേണ്ടതു് ന്യായമാണ്. പക്ഷെ എൻെറ വണ്ണം കറുപ്പാണെന്നും രസികന്മാൎക്കുള്ള വാചാലത എനിക്കു കുറയുമെന്നും പ്രായാധിക്യം കൊണ്ടു് അവളൊടു ചേൎന്നിരിക്കാൻ എനിക്കു് യോഗ്യത ഇല്ലെന്നും ഉള്ള ചില ദൂ ഷ്യങ്ങൾ എനിക്കുണ്ടായിരിക്കാം. പ്രായം കൂടിപ്പോയി എ ന്നു പറവാൻ മാത്രം എന്താണുള്ളതു്? അവൾ എന്നെ ച തിച്ചതു തീൎച്ചതന്നെയൊ? എന്നാൽ മേലിൽ അവളെ വെ റുക്കുന്നതു തന്നെയാണ് എൻെറ സുഖത്തിനു കാരണം. ഹാ! വിവാഹം എന്തനത്ഥകരമായിട്ടുള്ളതാണ്? ഭാൎയ്യമാരും അവ രുടെ മനസ്സിൻെറ ഗതികളും ഏകകാലത്തുതന്നെ എൻെറ സ്വന്തമാണെന്ന് ഏതു ഭൎത്താവിന്ന് ധൈൎയ്യമായിട്ടു് പറയാം. മററുള്ളവരിൽക്കൂടി അനുരാഗമുള്ള ഒരു സ്ത്രീ ഭാൎയ്യയായിരിക്കു ന്നതിനെക്കാൾ ദുൎഗ്ഗന്ധം കൊണ്ടു് നിബിഡമായിരിക്കുന്ന ഒ രു ഇരുട്ടുമുറിയിൽ ഏകാന്തമായി ഒരു തവളയെപ്പോലെ കഴി ച്ചുകൂട്ടുന്നതാണ് കുറച്ചുകൂടിസുഖമായിട്ടുള്ളതു്. ഉന്നതസ്ഥി തികളിൽ ഇരിക്കുന്ന ആളുകളാണ് താഴ്ന്ന സ്ഥിതിയിലുള്ള വരെക്കാൾ ഈ വിധമായ ആഭാസകൃത്യത്തിൽ ആസക്ത രായിരിക്കുന്നതു്. പക്ഷെ മരണംപോലെതന്നെ ഇതും തട്ടു കുവാൻ പാടില്ലാത്ത ഒരാപത്താണ്. അമ്മയുടെ ഗർഭപാ ത്രത്തിൽ ഉല്പാദനമുണ്ടാകുന്ന കാലംതുടങ്ങി സ്ത്രീയാൽ വഞ്ചി തനാകുന്നതിന് എല്ലാപുരുഷനും തയാറാകതന്നെയാണ്.

സേനാധിപതി ഈ വ്യസനത്തിൽ മുഴുകിയിരിക്കുമ്പോ ളാണു സരസ്വതിഭായിയും അനന്തഭായിയും അദ്ദേഹത്തിനെ കാണുന്നതിനായി വന്നതു്.

സ-ഭാ—പ്രിയതമ ! ക്ഷണിച്ചുവരുത്തീട്ടുള്ള ആളുകൾ ആരും അങ്ങു വരാഴികയാൽ ഭക്ഷണം കഴിച്ചിട്ടില്ല.

അ-ഖാൻ--എന്റെ കുററംതന്നെയാണ്.

സ-ഭായി--സ്വരത്തിൽ എന്താണ് സ്വല്പം വ്യസനഭാവം കാണുന്നതു്. സുഖക്കേടൊന്നുമില്ലല്ലോ?

അ-ഖാൻ--എനിക്കു സ്വല്പം തലവേദനയുണ്ടു്.

സ-ഭാ--ഉറക്കം ഒഴിഞ്ഞതുകൊണ്ടായിരിക്കാം. ഈ സാല്വാ തലയിൽ മുറുക്കികെട്ടിയാൽ ക്ഷണം ആശ്വാസപ്പെ ടും.

അ-ഖാൻ--വേണ്ട. കളയു. നമുക്കു അകത്തേക്കുപോ കാം.

സരസ്വതിഭായികൊടുത്ത സാല്വാസേനാധിപതിയുടെ കയ്യിൽനിന്നുംതാഴെവീണു. അതിനെ അത്രസൂക്ഷിക്കാതെയാണ് രണ്ടാളും ബദ്ധപ്പെട്ടുപോയതു സമീപത്തുനിന്നിരുന്ന അനന്തഭായിഒരു ചെറിയ പുഞ്ചിരിയോടുകൂടിസാല്വാ കയ്ക്കലാക്കി മറവുചെയ്തു. സരസ്വതിഭായിയെ വിവാഹം കഴിച്ചദിവസം പ്രേമസൂചകമായി അബ്ദല്ലാഖാൻ ഈ സാല്വയെയാണ് ആ സ്ത്രീരത്നത്തിനു സമ്മാനിച്ചിട്ടുണ്ടായിരുന്നതു്. ഏതുതന്ത്രം പ്രയോഗിച്ചെങ്കിലും ഈ സാല്വ കൈവശപ്പെടുത്തുന്നതിലേക്കായി കുറെ നാളായിട്ടു രുദ്രഗുപ്തൻ അനന്തഭായിയെ ഉപദ്രവിച്ചുവരികയായിരുന്നു. ഭർത്തൃനിയോഗംകൊണ്ടാണ് അനന്തഭായി ഇപ്പോൾ ഈ അപഹരണം നടത്തിയതു്. ഈ അവസരത്തിൽ രുദ്രഗുപ്തൻ എവിടെ നിന്നൊ ആ സ്ഥലത്തു വന്നുചേൎന്നു. സാല്വാ കണ്ടപ്പോൾ രുദ്രഗുപ്തനളവില്ലാത്ത സന്തോഷമുണ്ടായി. അപഹരണം നടത്തിയ വൃത്താന്തം രഹസ്യമായിരിക്കണമെന്നു ഭാൎയ്യയുടെ ചെവിയിൽ മന്ത്രിച്ചിട്ടു രുദ്രഗുപ്തൻ സാല്വയെ അത്യാഗ്രഹത്തോടു കൈവശപ്പെടുത്തി

ഇങ്ങനെ ആലോചിച്ചു. "ഈ സാലപം സുരേന്ദ്രനാഥൻ താമസിക്കുന്ന ഭവനത്തിൽ എവിടെയെങ്കിലും ഒരു സ്ഥലത്തു കൊണ്ടുചെന്നിടണം. അയാൾ ഇതു കാണുന്നപക്ഷം എടുക്കാതെയിരിക്കുകയില്ല. കണ്ടു എങ്കിൽ കാൎയ്യം ഞാൻ വിചാരിച്ചകടവിൽ എത്തിക്കുന്നതിനും വിഷമമില്ല. ഭാൎയ്യയുടെ പാതിവ്രത്യത്തെക്കുറിച്ചു സംശയമുള്ള ഒരാൾക്കു ഭ്രാന്തു പിടിക്കുന്നതിനു നിസ്സാരമായ കാരണം വല്ലതുമുണ്ടായാൽ മതിയെല്ലൊ. പാഷാണം ആദ്യമായി ഒരാൾ സേവിക്കുമ്പോൾ അതിൻെറ അരുചിയെ അത്ര നോക്കാറില്ല. ദുഷ്ടവിചാരവും പാഷാണവും ഏകദേശം ഒന്നുപോലെതന്നെയാണ്. എൻെറ ദുഷ്ടവിചാരം സേനാധിപതിയുടെ സുഖത്തിനു പാഷാണമായിതന്നെതീരേണ്ടതാണ്. ഇന്നലെ വരെ സുഖമായുറങ്ങിക്കൊണ്ടിരുന്ന സേനാധിപതിയുടെ മനോവൈകല്യത്തിനു സിദ്ധൌഷധങ്ങൾ ഒന്നുംതന്നെയുണ്ടാകയില്ല."

രുദ്രഗുപ്തൻെറ ദൂഷണവാക്യത്തെമാത്രം ചൎവ്വിതചൎവ്വണം ചെയ്തു തനിക്കു നേരിട്ടിരിക്കുന്ന മാനഹാനിയെപ്പററി ഭിന്നഹൃദയനായിത്തീൎന്നിരിക്കുന്ന സേനാധിപതി കേവലം ഒരു ഭ്രാന്തനെപ്പോലെ രുദ്രഗുപ്തനെ ആരാഞ്ഞു പുറപ്പെട്ടു. രുദ്രഗുപ്തനെ കണ്ടപ്പോൾ ഇങ്ങിനെ പറഞ്ഞുതുടങ്ങി. "നീ എന്തിനായിട്ടാണ് എൻെറ സുഖത്തിനുഭംഗം ഉണ്ടാക്കിയതു്? അവളുടെ സ്വഭാവദോഷം എന്നെ അറിയിച്ചിട്ടു ആവശ്യമില്ലായിരുന്നു. ഇന്നലെ വരെ ഞാൻ എത്ര സുഖമായി ഉറങ്ങിക്കൊണ്ടിരുന്നു. സുരേന്ദ്രനാഥനും അവളുംകൂടി എന്നെ ദ്രോഹിക്കുന്നുണ്ടെന്നുള്ളതിലേയ്ക്കു യാതൊരു ലക്ഷ്യവും ഉണ്ടായിട്ടില്ല. മോഷണം പോയിട്ടുള്ള ഒരു സാധനത്തിൻെറ ഉപയോഗം ഒരാൾക്കു് ഒട്ടുംതന്നെയില്ലെങ്കിൽ ആ മോഷണസംഗതി ആയാൾ അറിയാതെയിരിക്കുന്നതാണ് ഭേദം. എൻെറ സുഖമെല്ലാം ഇന്നലെ അവസാനിച്ചിരിക്കുന്നു. ഇനി യുദ്ധമെന്നും, പട്ടാളമെന്നും, കൊടിയെന്നും, പീരങ്കിയെന്നും, വിരുതുകളെന്നും, കാഹളനാദമെന്നും ഈ അബ്ദല്ലാഖാന് വിചാരിച്ചു സുഖിക്കുവാൻ കഴിയാതെയായി.'

രു-ഗു—ഞാൻ പറഞ്ഞതു് ഇത്ര വിഷമത്തിൽ കലാശിച്ചുവൊ?

അ-ഖാൻ—ദ്രോഹി! നീ എന്റെ ഭാൎയ്യയിൽ ആരോപിച്ചിരിക്കുന്ന ദോഷത്തിനു പ്രത്യക്ഷമായ തെളിവു തന്നില്ലെങ്കിൽ എന്റെ കോപത്തിനു ഇരയായിട്ടുതീരും. അവളിൽ ദൂഷ്യം സ്ഥാപിച്ചിട്ടുള്ളതു എന്റെ മനസ്സിനെ കഠിനമായി പീഡിപ്പിക്കുന്നതിനു മാത്രമാണെങ്കിൽ നിന്റെ ഈ സാധുത്വത്തിനു ഔഷധമുണ്ടു്. നീ ഏതായാലും കഠിനഹൃദയനാണു്. നിന്റെ പാപകൎമ്മം ഈശ്വരൻ സഹിക്കുന്നതല്ല.

രു-ഗു—ഈശ്വരാ! എന്റെ അപരാധം ക്ഷമിക്കണമെ. നിങ്ങളാണൊ നീതിമാനായ പുരുഷൻ? ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ. എനിക്കു നിങ്ങളുടെ കീഴിൽ ഉദ്യോഗം വേണമെന്നില്ല. എന്റെ സത്യസ്വഭാവത്തെ വഷളാണെന്നു തോന്നിപ്പിച്ചിട്ടുള്ള ഞാൻ മഹാ ഭോഷനാണു്. ഇതു എത്ര നികൃഷ്ടമായ ലോകമാണു്! സത്യമുള്ളവനു രക്ഷയില്ലെന്നു മേലിലെങ്കിലും മനുഷ്യരറിഞ്ഞിരിക്കേണ്ടതാണു്. ഏതായാലും അങ്ങെ ഈ സ്വഭാവം എന്നത്തേയ്ക്കും എനിക്കു ഒരു പാഠമായി. സ്നേഹം ഈ വിധമുള്ള അപകടത്തിനു കാരണമായി തീരുന്നതുകൊണ്ടു് എനിക്കു ഇനി ഈ ലോകത്തു ഇഷ്ടന്മാരും വേണമെന്നില്ലാ.

അ-ഖാൻ—വരട്ടെ! നിങ്ങൾ സത്യത്തെ എന്നും ബഹുമാനിക്കണം.

രു-ഗു— സത്യംകൊണ്ടു് ഭോഷനാകുന്നതിനെക്കാൾ ബുദ്ധികൊണ്ടു് സത്യത്തെ മറയ്ക്കുയാണു് നന്നു്.

അ-ഖാൻ—എനിക്കു സ്ഥിരമായ ഒരഭിപ്രായമുണ്ടാകുന്നില്ലാ. എന്റേ ഭാൎയ്യ സത്യത്തെ ത്യജിച്ചിട്ടില്ലെന്നും, അതല്ലാ ത്യജിച്ചിട്ടുണ്ടെന്നും, നിങ്ങൾ ന്യായത്തെ ബഹുമാനിക്കുന്നുണ്ടെന്നും, അതല്ലാ അഗണ്യമായി ഭാവിക്കയാണെന്നും, എന്റെ മനസ്സിൽ തോന്നുന്നുണ്ടു്. സദാ സന്തോഷപ്രദമായി

രുന്ന നിഷ്കളങ്കമായ അവളുടെ നാമധേയം ഇപ്പോൾ അന്ധകാരത്തിനു തുല്യമായിട്ടാണ് എനിക്കു തോന്നുന്നതു്. മരണഹേതുക്കളായ വിഷം ആയുധം, പാശം, ജലം, അഗ്നി ഇവ ഏതിനെയെങ്കിലും ആശ്രയിച്ചിട്ട് ഞാനൊരുവിധത്തിൽ എന്റെ മനസ്സിന്ന് സമാധാനം വരുത്തുമായിരുന്നു. പക്ഷെ ബലവത്തായ എന്തെങ്കിലും ഒരു ലക്ഷ്യം ഉണ്ടായെങ്കിൽ മതിയായിരുന്നു.

രു-ഗു—എങ്ങിനെയാണ് അങ്ങെ സമാധാനപ്പെടുത്തേണ്ടതു്? നേത്ര ഗോചരമായിരിക്കുന്ന തെളിവുകൾ കൂടാതെ സമാധാനപ്പെടാമെങ്കിൽ അത്ര വൈഷമ്യം ഒന്നുമില്ല.

അ-ഖാൻ—അവൾക്ക് ദോഷമുണ്ടെന്നുള്ളതിലേക്ക് ബലമായ തെളിവുകൂടാതെ ഞാൻ ഒന്നും പ്രവൎത്തിക്കുന്നതിന് സന്നദ്ധനല്ല.

രു-ഗു—ഇതിലേക്ക് ഉദ്യോഗിക്കുന്നതിന്ന് എനിക്കത്ര തുഷ്ടിയില്ല. പക്ഷെ എന്റെ ശുദ്ധതയും സ്നേഹവും നിമിത്തം ഇത്രമാത്രം സംഭവിച്ചിരിക്കുന്നതിനാൽ ഞാൻ അറിഞ്ഞിട്ടുള്ള സംഗതികൾ ധരിപ്പിക്കാതിരിക്കുന്നില്ല. ഇന്നാൾ ഒരു രാത്രിയിൽ സുരേന്ദ്രനാഥനും ഞാനും ഒരു മുറിയിൽ ഒരുകിടക്കയിൽത്തന്നെ കിടക്കുന്നതിന്ന് സംഗതിയായി. കഠിനമായ പല്ലുവേദനകൊണ്ടു് ഞാൻ ഒട്ടുംതന്നെ ഉറങ്ങിയില്ല. മനസ്സിൽ കവിഞ്ഞിരിക്കുന്ന വിചാരങ്ങളെ അടക്കുവാൻ പാടില്ലാത്ത ചില കൂട്ടരുള്ളതിൽ ഒരാളാണ് നമ്മുടെ സുരേന്ദ്രനാഥനൻ. ഉറക്കത്തിൽ അയാൾ പറഞ്ഞതു് ഞാൻ എങ്ങിനെയാണ് പുറത്തുപറയേണ്ടതു്. "കേട്ടൊ! സരസ്വതിഭായി! നമ്മുടെ അനുരാഗം പ്രത്യക്ഷപ്പെടുത്താതെ കഴിച്ചുകൂട്ടണം." ഇതുകഴിഞ്ഞിട്ട് എന്നെ ആലിംഗനം ചെയ്കയും ചുംബനം ചെയ്കയും ചെയ്തു. ഒടുവിൽ ഒരു ദീർഘശ്വാസത്തോടുകൂടി ഇങ്ങിനെയും പറഞ്ഞു. "കഷ്ടം! ആ മേത്തനുണ്ടായഭാഗ്യംഎനിക്കുണ്ടായില്ലല്ലൊ." ഇതിൽനിന്നും ചിലതൂഹിക്കാനില്ലെ? പക്ഷെ സ്വപ്നമാണെന്നൊരു കാൎയ്യമുണ്ടു്.

അ-ഖാൻ – കേവലം സ്വപ്നം എന്നുമാത്രം വിചാരിച്ചാൽ പോരാ. മുൻപുണ്ടായിട്ടുള്ള സുഖാനുഭവത്തെയാണ് സുരേന്ദ്രനാഥൻ സൂചിപ്പിച്ചതു്.

രു-ഗു—നിസ്സാരമായ ചില സംശയങ്ങളെ ഉറപ്പിക്കുന്നതിന്നു് ഈയാളുടെ ചാപല്യം പക്ഷെ സഹായമായി തീരുകയില്ലെ?

അ-ഖാൻ—ഞാൻ അവളെ കഷ്ണം കഷ്ണമായി നുറുക്കുന്നുണ്ടു്.

രു-ഗു—എങ്കിലും പ്രത്യക്ഷമായ തെളിവു വല്ലതും വേണ്ടെ? വിശേഷമായ കൃത്രിമപുഷ്പങ്ങളെക്കൊണ്ടു അലങ്കരിക്കപ്പെട്ടതായ ഒരു സാല്വാ ഭാൎയ്യയുടെ കൈവശമുള്ളതു് അങ്ങു കണ്ടിരിക്കുമല്ലൊ.

അ-ഖാൻ—എന്റെ കല്യാണം കഴിഞ്ഞപ്പോൾ നിങ്ങൾ പറഞ്ഞ മാതിരിയിൽ ഒരു സാല്വാ ഞാൻ സരസ്വതിഭായിക്കു സമ്മാനിച്ചിരുന്നു.

രു-ഗു—ആ വിവരം ഞാനറിഞ്ഞിട്ടില്ല. ഇന്നു് സുരേന്ദ്രനാഥൻ ആ സാല്വകൊണ്ടു വിയൎപ്പു തുടക്കുന്നതുകണ്ടു.

അ-ഖാൻ—എന്റെ കോപമാകുന്ന തീയിൽ ഇവൻ ശലഭംപോലെ വീണുമരിക്കുന്നുണ്ടു്. ഇപ്പോൾ സത്യമെല്ലാം പുറത്തായി. എന്റെ സകല പ്രേമവും ഇതാ നശിച്ചിരിക്കുന്നു. ഇനി തക്കതായ പ്രതികാരത്തിന്നു് പൈശാചമായ ദുഷ്ടതകളെ ശരണം പ്രാപിക്കതന്നെയാണു് വേണ്ടതു്. സൎപ്പവിഷത്തെക്കാൾ ഘോരമായുള്ള ദുഷ്ടവിചാരങ്ങൾ എന്റെ മനസ്സിന്നു ധൈൎയ്യമുണ്ടാക്കട്ടെ.

രു-ഗു—എങ്കിലും ദ്വേഷ്യത്തെ അടക്കണം.

അ-ഖാൻ—അവളുടെ രക്തം കാണുമ്പോൾ ദ്വേഷ്യം തന്നെ അടങ്ങും.

രു-ഗു—അങ്ങെ ഈ വിചാരം മാറിയേക്കാം.

അ-ഖാൻ—ഊക്കോടു പായുന്ന കോപമാകുന്ന ഈ ജലപ്രവാഹത്തിന്റെഗതി മേല്പോട്ടുനിൽക്കയല്ലാതെ അധഃപത

നത്തെ ഇച്ഛിക്കുമെന്ന് വിചാരിക്കേണ്ട. ഇതിൽനിന്നും പിൻവലിക്കയില്ലെന്ന് ഈ ആകാശത്തെ സാക്ഷിയാക്കി മഹമ്മദീയനായ ഈ അബ്ദുല്ലാഖാൻ മട്ടകുത്തി ഇതാ സത്യം ചെയ്യുന്നു.

രു-ഗു—ആകാശത്തിൽ ഉദിച്ചുയൎന്നിരിക്കുന്ന ചന്ദ്രനേയും നക്ഷത്രങ്ങളേയും സാക്ഷിയാക്കി ഇതാ രുദ്രഗുപ്തനും സത്യം ചെയ്യുന്നു. ദ്രോഹിക്കപ്പെട്ടിരിക്കുന്ന ഈ അബ്ദല്ലാഖാനെ സഹായിക്കുന്നതിലേക്കായി രുദ്രഗുപ്തൻെറ സകല അവയവങ്ങളേയും ഇതാ അടിമപ്പെടുത്തുന്നു. അങ്ങെ ആജ്ഞയനുസരിച്ച് ഞാൻചെയ്യുന്ന ക്രൂരകൃത്യത്തെ ദയവായ ഒരു പ്രവൃത്തിയാണെന്നല്ലാതെ ഞാൻ വിചാരിക്കുകയില്ല.

അ-ഖാൻ—ഞാൻ വളരെ കൃതജ്ഞതയുള്ളവനായിരിക്കേണ്ടതാണ്. ഇന്നുമുതൽ മൂന്നുദിവസത്തിനകം സുരേന്ദ്രനാഥനെ നാമാവശേഷനാക്കിത്തീൎക്കുന്നുണ്ട്.

രു-ഗു—അങ്ങെ ഈ വാക്കുകളാൽതന്നെ എൻെറ സ്നേഹിതനായ സുരേന്ദ്രനാഥൻ മരിച്ചിരിക്കുന്നു എന്ന് വിചാരിച്ചുകൊള്ളണം. അങ്ങെ ഭാഗ്യ ജീവിച്ചിരിക്കട്ടെ.

അ-ഖാൻ—ആ പരമദ്രോഹി! അവളെ ഇല്ലായ്മചെയ്യുന്നതിന് ചില മാൎഗ്ഗങ്ങൾ ആലോചിക്കുന്നതിനായി ഞാനിതാ പോകുന്നു.

ഇവരുടെ പൈശാചികമായ ആലോചന നടക്കുന്ന സമയത്ത് സരസ്വതിഭായി അനന്തഭായിയുമായി ചില നേരമ്പോക്കുകൾ പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. ഓരോന്നു പറയുന്നതിനിടയ്ക്ക് പെകമോശംവന്നിട്ടുള്ള സാലപയെപ്പററി സരസ്വതിഭായി വിഷമിച്ച് പറഞ്ഞുതുടങ്ങി. അപ്പോൾ അബ്ദല്ലാഖാൻ വന്നതുകൊണ്ട് ഈ സംസാരം അവസാനിപ്പിക്കുന്നതിന് സംഗതിയായി.

സ-ഭായി- ആ സുരേന്ദ്രനാഥൻെറ സംകടത്തിന് ഒരു തീരുമാനവും ഉണ്ടാക്കിയില്ലല്ലൊ?

അ-ഖാൻ—എന്താണെന്നറിഞ്ഞില്ല- കണ്ണിൽനിന്ന് ഇങ്ങനെ വെള്ളം ഒഴുകുന്നു. ആ സാലപ ഇങ്ങോട്ടു തരൂ. കണ്ണൊന്നുതുടയ്ക്കട്ടെ.

സ-ഭായി—ഇതാ ഈ സാല്വാകൊണ്ടു് തുടക്കണം.

അ-ഖാൻ—ഇതുവേണ്ടാ. ഞാൻ നിനക്കു് ഒരു സാല്വാ തന്നിട്ടുണ്ടല്ലൊ അതു കൊണ്ടുവരു.

സ-ഭായി—അതെന്റെ കൈവശം ഇല്ലാ.

അ-ഖാൻ—ഇല്ലേ?

അതു് കൈവശമില്ലെന്നു ഭയത്തോടും വ്യസനത്തോടും കൂടി സരസ്വതിഭായി ആവത്തിച്ചുപറഞ്ഞു.

അ-ഖാൻ—അതു് കളഞ്ഞു എങ്കിൽ വലുതായ തെററാണു്. ഇത്ര വിശേഷപ്പെട്ട സാല്വാ ഞാൻ കണ്ടിട്ടില്ല. അതു എന്റെ അമ്മക്കു് ഒരു ദിവ്യസ്ത്രീ സമ്മാനിച്ചിട്ടുള്ളതാണു്. ഈ സാല്വാ കയ്യിലുള്ളപ്പോൾ എന്റെ അച്ഛനു് അമ്മയോടുള്ള സ്നേഹത്തിനും വിശ്വാസത്തിനും വിഘ്നം ഉണ്ടാകയില്ലെന്നും അതു് പോകുന്നകാലത്തു് അമ്മക്കു് അത്യാപത്തുകൾ നേരിടുമെന്നും ആ ദിവ്യസ്ത്രീ പറഞ്ഞിരുന്നു. എന്റെ അമ്മ അതിനെ ഭദ്രമായി സൂക്ഷിച്ചു. അമ്മയുടെ മരണ സമയത്തു് ഈ സാല്വാ വാത്സല്യപൂർവ്വമായി എന്നെ ഏല്പിച്ചു ഇങ്ങിനെ നിയോഗിച്ചു. "മകനെ! നീ കല്യാണം കഴിക്കുന്ന കാലത്തു് ഈ സാല്വാ നിന്റെ ഭാര്യക്കു് സമ്മാനമായി കൊടുത്തു് അതിനെ ഭദ്രമായി സൂക്ഷിക്കുന്നതിനു് പ്രത്യേകം ചട്ടം കെട്ടണം" മാതൃവാക്യം ബഹുമാനിച്ചു് ഞാൻ അതിനെ നിനക്കായിട്ടു് സമ്മാനിച്ചു. നീ അതിനെ കളകയൊ വല്ലവൎക്കും ദാനം ചെയ്കയൊ ചെയ്തിട്ടുണ്ടെങ്കിൽ അവധിയില്ലാത്ത അനത്ഥം ഉണ്ടാകും.

സ-ഭായി—ഈ പറയുന്നതൊക്കെ സത്യമാണോ?

അ-ഖാൻ—സത്യം. ആ സാല്വയുടെ മഹിമ നീ അറിഞ്ഞിട്ടില്ല. ഒരു ദിവ്യസ്ത്രീ ഇരുനൂറു സംവത്സരം രാപകൽ മുഷിഞ്ഞാണു് ഈ സാല്വാ നെയ്തുണ്ടാക്കിയതു്. അതിൽ ഉള്ള പട്ടുനൂലുകൾക്കു തന്നെ വിശേഷമുണ്ടു്. ശുദ്ധമായ ഒരു സ്ഥലത്തു് വളത്തീട്ടുള്ള പട്ടുപ്പുഴക്കളിൽനിന്നും ആണു നൂലുകൾതന്നെ എടുത്തിട്ടുള്ളതു്.

സ-ഭാ — ഇത്ര ദിവ്യത്വമുള്ളതാണെങ്കിൽ അതു ഞാൻ ഒരിക്കലും കാണാതിരുന്നുവെങ്കിൽ മതിയായിരുന്നു.

അ-ഖാൻ—നേരമ്പോക്കിനുള്ള സമയമല്ലാ; അതു പോയി എന്നുണ്ടൊ? വേഗം പറയൂ.

സ-ഭായി—പോയിട്ടില്ല. പോയെങ്കിൽ തന്നെ ഒരു സാല്വയല്ലെ.

അ-ഖാൻ— കൊണ്ടുവരൂ എനിക്കു കാണണം.

സ-ഭാ—ഓഹൊ! കൊണ്ടുവരാം. കുറച്ചുകഴിഞ്ഞൊട്ടെ. ഞാൻ സുരേന്ദ്രനാഥന്റെ സംഗതി പറഞ്ഞതുകൊണ്ടുള്ള ഗൗരവമാണിതു്. എനിക്കു മനസ്സിലായെല്ലോ സൂത്രം.

അ-ഖാൻ—സാല്വാ കൊണ്ടുവരാൻ അല്ലെ പറഞ്ഞതു്? എന്റെ മനസ്സിൽ വല്ലാത്ത സംശയങ്ങൾ ഉണ്ടാകുന്നു.

സ-ഭാ--അയാളെത്ര കാൎയ്യശേഷിയുള്ളവനാണ്.

അ-ഖാൻ--സാല്വാ കൊണ്ടുവരാൻ പറഞ്ഞിട്ട ——

സ-ഭാ--സുരേന്ദ്രനാഥന്റെ കാൎയ്യം പറയണം.

അ-ഖാൻ--സാല്വാ കൊണ്ടുവരുമോ ഇല്ലയോ?

സ-ഭാ--അങ്ങേക്കൊണ്ടു ഗുണപ്പെട്ടു അങ്ങെ ആപത്തുകളുടെ ഒരോഹരി അനുഭവിച്ചിട്ടുള്ള സുരേന്ദ്രനാഥൻ ——

ഈ വാചകംമുഴുവനാക്കുന്നതിനു മുമ്പ് അബ്ദല്ലാഖാൻ കോപാന്ധനായി ഉച്ചത്തിൽ ചിലതൊക്കെ പറഞ്ഞുംകൊണ്ടു ഗൃഹത്തിൽ നിന്നും പുറത്തിറങ്ങി. അബ്ദല്ലാഖാന്റെ ദ്വേഷ്യത്തിനുള്ള കാരണം മനസ്സിലാക്കുവാൻ കഴിയാതെ സരസ്വതിഭായി കുഴങ്ങി ഇരിക്കുമ്പോൾ സുരേന്ദ്രനാഥനുമൊരുമിച്ചു രുദ്രഗുപ്തൻ ഹാജരായി. രുദ്രഗുപ്തന്റെ പ്രേരണയിന്മേൽ സുരേന്ദ്രനാഥൻ പിന്നെയും സരസ്വതിഭായിയോടു് ആവലാതി പറഞ്ഞുതുടങ്ങി. സേനാധിപതിയുടെ മനസ്സിനു സ്വല്പം അസ്വാസ്ഥ്യം ജനിച്ചിട്ടുണ്ടെന്നും അതിനാൽ താൻ ചെയ്ത പ്രയത്നം ഫലിച്ചിട്ടില്ലെന്നും ഒന്നുകൂടി പരിശ്രമിക്കാമെന്നും സരസ്വതിഭായി സുരേന്ദ്രനാഥനോടു പറഞ്ഞു. ഭൎത്താവു പ്രകടിപ്പിച്ച അസാമാന്യമായ ദ്വേഷ്യത്തിനു് മതിയാ

യ കാരണം കണ്ടുപിടിക്കുന്നതിനു അശക്തയായിരുന്ന സരസ്വതിഭായി അനന്തഭായിയോടു ഇങ്ങിനെ പറഞ്ഞു. "രാജ്യകാൎയ്യങ്ങളിൽ എന്തൊ തകരാറുണ്ടായിരിക്കണം. അല്ലെങ്കിൽ ഈ ദ്വീപുവാസികളുടെ കൃത്രിമം വല്ലതും എന്റെ ഭൎത്താവിന്റെ അറിവിൽ എത്തിയിരിക്കണം. ഇത്ര വളരെ ദ്വേഷ്യം ഞാനൊരിക്കലും കണ്ടിട്ടില്ല. നിസ്സാരമായൊരു വേദന നമ്മുടെ ചെറുവിരലിനുണ്ടായാൽ ആയത്തു മററുള്ള സകല അവയവങ്ങളിലും വ്യാപിക്കുന്നില്ലെ? അപ്പോൾ രാജ്യകാൎയ്യങ്ങൾ വിചാരിച്ചു വ്യസനിച്ചിരിക്കുന്ന എന്റെ ഭൎത്താവിനു ഞാൻ വ്യസനം വൎദ്ധിപ്പിക്കുന്നതിനു ഇടകൊടുക്കരുതു്. പിന്നെ, ന്യൂനത ഇല്ലാതിരിക്കുന്നതിനു മനുഷ്യൻ ഈശ്വരനും മററുമല്ലല്ലോ. കല്യാണത്തിനു മുമ്പു കാണിച്ചിട്ടുള്ള സന്തോഷം എന്നും ഒരുപോലെ നിലനിൽക്കണമെന്നു കാംക്ഷിക്കുന്നതും ന്യായമല്ലല്ലൊ. കാൎയ്യമറിയാതെ അദ്ദേഹം കലഹിച്ചതുകൊണ്ടു ഞാൻ അദ്ദേഹത്തിന്റെ സ്വഭാവത്തെപ്പററി ചിലതൊക്കെ ശങ്കിച്ചതു എത്ര കഷ്ടമായി.

രുദ്രഗുപ്തന്റെ കപടഗതികൾ അറിഞ്ഞിട്ടില്ലായിരുന്ന അനന്തഭായി സമാധാനം പറഞ്ഞു് സരസ്വതിഭായിയുടെ വ്യസനത്തെ സ്വല്പം ശമിപ്പിച്ചു. സാലപാകൊണ്ടു സുരേന്ദ്രനാഥൻ വിയൎപ്പുതുടക്കുന്നതു കണ്ടു എന്നു് രുദ്രഗുപ്തൻ അബ്ദല്ലാഖാനോടു പറഞ്ഞതിൽ സ്വല്പം സത്യമുണ്ടായിരുന്നു. അനന്തഭായിയുടെ പക്കൽനിന്നും വാങ്ങിച്ച സാലപാ രുദ്രഗുപ്തൻ സുരേന്ദ്രനാഥന്റെ കിടപ്പുമുറിയിൽ കൊണ്ടുപോയി ഇട്ടിരുന്നു. സുരേന്ദ്രനാഥൻ കല്യാണം കഴിച്ചിട്ടുണ്ടായിരുന്നില്ല. കമലം എന്നു പേരുള്ള ഒരു ദാസി സുരേന്ദ്രനാഥനെ കുറച്ചധികം സ്നേഹിച്ചിരുന്നതിനാൽ കല്യാണം കഴിക്കേണ്ട ആവശ്യം സുരേന്ദ്രനാഥനുണ്ടായിട്ടില്ല. കിടപ്പുമുറിയിൽ വച്ചുകണ്ട സാലപാ കമലത്തിനായിട്ടു സുരേന്ദ്രനാഥൻ ദാനം ചെയ്തതിൽ അതിശയപ്പെടാനൊന്നുമില്ലല്ലോ. സേനാധിപതിയുടെ മനസ്സിനു സുഖം വരുന്നതിലേക്കായി രുദ്രഗുപ്തൻ വളരെ പ്രയത്നിച്ചിട്ടു യാതൊരു ഫലവുമുണ്ടായില്ല.

അ-ഖാൻ--നിങ്ങറം ആ സാലപയുടെ കാൎയ്യം എന്നെ ഓൎമ്മപ്പെടുത്താതെ ഇരുന്നുവെങ്കിൽ മതിയായിരുന്നു. മരിക്കുവാൻ കിടക്കുന്ന ഒരാറംക്കു പട്ടിയുടെ മോങ്ങൽ എന്തുമാത്രം ദുഃഖത്തെ ഉണ്ടാക്കുമൊ അതിലധികം ദുഃഖം ഈ ഒരു വിചാരം എന്റെ മനസ്സിൽ ജനിപ്പിക്കുന്നുണ്ട്. സുരേന്ദ്രനാഥൻ എന്തെങ്കിലും പറകയുണ്ടായോ?

രു-ഗു--ചിലതൊക്കെ പറഞ്ഞില്ലെന്നില്ലാ. പ്രവൃത്തി എന്താണെന്നു അയാറംക്കല്ലെ അറിഞ്ഞുകൂട.

അ-ഖാൻ--എന്താ! എന്താ! സാലപയെപ്പറ്റി അയാളെന്താ പറഞ്ഞതു്! ഗൂഢവിചാരങ്ങറം പുറത്താക്കീട്ടു കഴവേറുന്നതിനു അദ്ധ്യാനപ്പെടുകയായിരിക്കാം. ചിലതൊക്കെ വിചാരിക്കുമ്പോറം എനിക്കു ഭയമാകുന്നു. എന്റെ ഭയം ഇനി സംഭവിക്കുവാൻ പോകുന്ന കഠിനമായ ഫലത്തെ സൂചിപ്പിക്കയാണ്. മനുഷ്യനു വലുതായ വിപത്തു സമീപിച്ചിരിക്കുന്ന കാലത്തു ഈ വിധമായ ഭയം സ്വഭാവജമാണ്. സുരേന്ദ്രനാഥന്റെ സ്വപ്നത്തെക്കുറിച്ചു നിങ്ങറം പറഞ്ഞിട്ടുള്ള വാക്കുകളല്ല എന്നെ അധൈൎയ്യപ്പെടുത്തുന്നതു് കഷ്ടം! എന്തെല്ലാമാണുണ്ടായതു്? സുരേന്ദ്രനാഥന്റെ അധരവും അവളുടെ ——അത്രമേലായെല്ലോ! ആ സാലപാ — ഹാ ദുഷ്ട ——!

ഈ വാക്കുകറം ആയാസപ്പെട്ടു പുറത്തു പുറപ്പെടുവിച്ചപ്പോറം അബ്ദല്ലാഖാൻ മോഹിച്ചു ഭൂമിയിൽ വീണു. അപ്പോറം രുദ്രഗുപ്തന്റെ മനസ്സിലുണ്ടായ വിചാരം ഇപ്രകാരമായിരുന്നു. "അങ്ങിനെ കുഴയട്ടെ-എന്റെ ഔഷധം ശക്തിയുള്ളതു തന്നെ. വല്ലതും കേട്ടു വിശ്വസിക്കുന്ന ഭോഷന്മാൎക്കു് ഇത്രയും പററിയാൽ പോരാ. നിൎദ്ദോഷികളായ എത്ര സ്ത്രീകറം ഈ വിധം ഭത്സിക്കപ്പെടുന്നു"

അബ്ദല്ലാഖാൻ മൂൎഛിതനായി കിടക്കുമ്പോറം സുരേന്ദ്രനാഥൻ വന്നുചേൎന്നു. സേനാധിപതിയുടെ സ്ഥിതികണ്ടു് വ്യസനിച്ചു് ഇപ്രകാരം ചോദിച്ചു. "കഷ്ടം! ഇതിലേക്കുണ്ടായ കാരണമെന്താണ്"

രു-ഗു—അയ്യൊ! അദ്ദേഹത്തിന്ന് ഒരു ചുഴലിയുടെ ഉപദ്രവമാണ്. ഇന്നലെയും ഇതുപോലെ ഉണ്ടായി

സു-നാ — നെററിയുടെ രണ്ടുവശത്തും കൈകഠം അമത്തിപ്പിടിച്ചു നോക്കണം.

രു-ഗു — തൊട്ടാൽ കലശലാകും- വായിൽക്കൂടെ നുരയും പതയുംവന്ന് കഠിനമായ ഭ്രാന്തായിത്തീരും. ഇതാ! നോക്കൂ! കുറച്ചുശ്വാസത്തിൻെറ ലക്ഷണം കാണുന്നുണ്ട്. വായുസഞ്ചാരം തടയാതെ നിങ്ങഠം പുറത്തേക്കുപോകണം. ഞാൻ പിന്നീടൊക്കെ വിസ്തരിച്ചു പറയാം.

സുരേന്ദ്രനാഥൻ പുറത്തിറങ്ങി പോയപ്പോഠം അബ്ദല്ലാഖാൻെറ മോഹാലസ്യം തീൎന്ന് എഴുനേററു. രുദ്രഗുപ്തൻ കപടമായ ആദരവോട്ട് കൂടി പിന്നെയുമടുത്തു.

അ-ഖാൻ-- സുരേന്ദ്രനാഥൻ സത്യമെല്ലാം പറഞ്ഞൊ?

രു-ഗു--കഷ്ടം! പുരുഷത്വം ആരെങ്കിലും നശിപ്പിക്കാറുണ്ടൊ? വിവാഹം ചെയ്തിട്ടുള്ള എല്ലാ പുരുഷൻെറയും സ്ഥിതി ഇതാണ്. എത്രലക്ഷം ജനങ്ങളാണ് അന്യരുടെ ശയനമുറി തങ്ങളുടെതാണെന്ന് വിചാരിച്ച് രാത്രികാലത്ത് ആ സ്ഥലത്ത് പതിവായികിടന്നുറങ്ങുന്നത്. അങ്ങെ സ്ഥിതി ഇതിലെത്ര ഭേദമാണ്. തൻെറ കൂടെഒരു കിടക്കയിൽ തന്നെ കിടന്നുറങ്ങുന്ന ഭാൎയ്യ പാതിവ്രത്യമുള്ളവളാണെന്ന് ഭൎത്താവ് വിശ്വസിച്ചുകൊണ്ടിരിക്കുമ്പോഠം എത്ര സ്ത്രീകളാണ് ആ വിശ്വാസത്തിന്ന് ലംഘനം ഉണ്ടാക്കുന്നത്? എൻെറ ഭാൎയ്യ എന്നെ വഞ്ചിച്ചു എന്ന് എൻെറ അറിവിലെത്തിയാൽ പിന്നീട് അവളോട്ട് എങ്ങിനെ ഭാവിക്കണമെന്ന് എനിക്കാരും പറഞ്ഞു തരേണ്ട. അങ്ങെ സ്ഥിതിയിലുള്ള ഒരാഠംക്ക് ഈ അധൈൎയ്യം എത്ര അനുചിതമാണ്. സുരേന്ദ്രനാഥനിവിടെ വന്നിരുന്നു. അങ്ങെ സുഖക്കേടിനുണ്ടായ കാരണം അവനോട്ട് പറയാതെ ഒരു വിധത്തിൽ ഇവിടെനിന്നും ഉന്തിയയച്ചു. സ്വല്പം കഴിഞ്ഞ് എന്നെ കാണുന്നതിനായി ഇങ്ങോട്ടുവരാമെന്ന് പറഞ്ഞിട്ടുമുണ്ട്- അങ്ങ് എവിടേയെങ്കിലും

ഒന്നു് മറഞ്ഞിരിക്കണം- സംസാരിച്ചുതുടങ്ങുമ്പോൾ അയാളുടെ മുഖത്തിൻെറ ഓരോ ഭാഗത്തുമുണ്ടാകുന്ന പുഷ്ഫുരസം സൂക്ഷിച്ചുകൊള്ളണം അയാളെക്കൊണ്ടു് കഴിഞ്ഞ കഥ മുഴവനും ഞാൻ ആവൎത്തിപ്പിക്കുന്നുണ്ടു്- എപ്പോൾ, എവിടെവച്ചു്, എത്രപ്രാവശ്യം, അങ്ങെ ഭാൎയ്യയെക്കണ്ടിട്ടുണ്ടെന്നും ഇനി എപ്പോൾ, എങ്ങിനെ, എവിടെ വച്ചാണ് കാണ്മാൻ നിശ്ചയിച്ചിരിക്കുന്നതെന്നും, ഞാൻ പറയിക്കാം. അയാളുടെ മുഖഭാവം മാത്രം സൂക്ഷിച്ചു കൊള്ളണം. പരിഭ്രമിക്കാതെ സ്ഥിരചിത്തനായി ഇരിക്കയുംവേണം.

ഉപദേഷ്ടാവായ രുദ്രഗുപ്തൻെറ കല്പനാനുസരണമായി വിവേക ശൂന്യനായ അബ്ദല്ലാഖാൻ ഒരു സ്ഥലത്തു മറഞ്ഞിരുന്നു. രുദ്രഗുപ്തനോടു് ചെയ്തിട്ടുള്ള വാദത്തെ ഫലിപ്പിക്കുന്നതിനായി സുരേന്ദ്രനാഥൻ ഉടനെ അവിടെ വന്നു.

രു-ഗു—(സുരേന്ദ്രനാഥനോടു്) എന്താ? സുഖമല്ലെ?

സു-നാഥൻ--ഇതിൽപരം സുഖമൊന്നുമില്ല. ജീവനം പോയതുകൊണ്ടു ജീവച്ഛവമായിരിക്കുന്ന എന്നെ നിങ്ങൾ പരിഹസിക്കുന്നതു് മഹാപാപമാണ്.

രു-ഗു—സരസ്വതിഭായിയോടു് താൽപ്പൎയ്യപ്പെട്ടു് അപേക്ഷിച്ചാൽ ജീവനത്തിനെന്തു പ്രയാസമാണ്. പക്ഷെ നിങ്ങളുടെ സരസ്വതിഭായിക്കു പകരം കമലയായിരുന്നുവെങ്കിൽ എത്ര ക്ഷണം കാൎയ്യം സാധിക്കാമായിരുന്നു.

സു-നാഥൻ—(ചിരിച്ചുംകൊണ്ടു്) കഷ്ടം! ആ സാധു!

അ-ഖാൻ—അല്ലാ ഇവൻ എത്രകേമമായി ചിരിച്ചുതുടങ്ങിയിരിക്കുന്നു.

രു-ഗു—ഒരു പുരുഷനെ ഒരു സ്ത്രീ ഇതിലധികം സ്നേഹിക്കുന്നതെങ്ങിനെയാണ്?

സു-നാഥൻ--അവൾക്കു വാസ്തവമായി എന്നിൽ സ്നേഹമുണ്ടായിരിക്കാം.

അ-ഖാൻ—അങ്ങിനെയല്ലെന്നു് സൂത്രത്തിൽസൂചിപ്പിക്കയാണ്. ചിരിച്ചു ഇല്ലാതെയാക്കാൻ ശ്രമിക്കുന്നുമുണ്ടു്.

രു-ഗു—നിങ്ങഠം കല്യാണം കഴിക്കുവാൻ പോകുന്നു എന്നു അവഠം ഘോഷിക്കുന്നുണ്ടല്ലോ? അങ്ങിനെ ചെയ്യാൻ നിങ്ങഠം നിശ്ചയിച്ചിട്ടുണ്ടോ?

സു-നാഥൻ—ഹാ! ഹാ! ഹാ! (ഉറക്കെച്ചിരിക്കുന്നു)

അ-ഖാൻ—ഇതു വലിയ സാമൎത്ഥ്യമാണെന്നു വിചാരിച്ചു ചിരിക്കയാണു്.

സു-നാഥൻ—ഞാൻ അവളെ കല്യാണം കഴിക്കയോ? അവഠം ഒരു വേശ്യാ! നിങ്ങഠംക്കു എന്നെപ്പററിയുള്ള അഭിപ്രായം ഇതാണൊ?

അ-ഖാൻ—ജയിക്കുമെന്നുള്ളോരേ ചിരിക്കയുള്ളു.

രു-ഗു—ജനങ്ങളുടെ സംസാരം നിങ്ങഠം അവളെ കല്യാണം കഴിക്കുവാൻ തീൎച്ചയാക്കിയിരിക്കുന്നു എന്നാണു്.

സു-നാഥൻ—സത്യമൊ?

രു-ഗു--ഇതു് സത്യമല്ലെങ്കിൽ ഞാൻ ദ്രോഹിയാണു്.

അ-ഖാൻ—നീ എനിക്കു അവമാനം ഉണ്ടാക്കീട്ടുണ്ടോ?

സു-നാഥൻ—ഞാൻ അവളെ കല്യാണം കഴിച്ചുകൊള്ളാമെന്നു വാഗ്ദത്തം ചെയ്തിട്ടില്ല. എന്നോടുള്ള സ്നേഹംകൊണ്ടു് അവഠം കൊട്ടിഘോഷിക്കുന്നതിന്നു് ഞാനെന്താ ചെയ്ക?

അ-ഖാൻ—ഇതാ! ഇനി കഥ വിസ്തരിക്കുവാൻ പോകുന്നു എന്നു് രുദ്രഗുപ്തൻ എന്നെ ആംഗ്യം കൊണ്ടു മനസ്സിലാക്കുന്നു.

സു-നാഥൻ—അവഠം ഇപ്പോഠം ഇവിടെ വന്നിരുന്നു. ഞാൻ പോകുന്ന സ്ഥലത്തൊക്കെ ഈ അസത്തും എത്തും. ഇന്നാഠം കുറെ സ്നേഹിതന്മാരുമായി സംസാരിച്ചുംകൊണ്ടാ ഞാൻ കടൽപുറത്തു് നിഠംക്കുമ്പോഠം ഇവഠം ആടിക്കുഴഞ്ഞു് അവിടെ വന്നുചേൎന്നുവെല്ലൊ! എന്തുചിരിയും ഉത്സാഹവുമാണു്. അവരെല്ലാപേരും അവിടെ നിഠംക്കുമ്പോഠം...... ...

അ-ഖാൻ—എന്താ? വല്ല പ്രേമ വാക്കുകളും ചൊരിഞ്ഞു എന്നുണ്ടോ? ഭാവം കണ്ടിട്ടു് അങ്ങിനെ തോന്നുന്നു,

സു-നാഥൻ--എന്തു് സന്തോഷവും അന്തഃകരച്ചില്ല മാണ്.

അ-ഖാൻ – ഇനിപ്പുറവാൻ പോകുന്നതു് അവരം എത്ര ബുദ്ധിമുട്ടിപ്പിച്ചിട്ടാണ് പിടിച്ചു ഇവനെ എന്റെ ശയനസ്ഥലത്തേക്ക കൊണ്ടുപോയതെന്നാണ്. നിന്നെ ഞാൻ വലിച്ചു കീറി പട്ടിക്കു് ഭക്ഷണമാക്കുന്നുണ്ടു്.

സു-നാഥൻ--അവളുമായിട്ടുള്ള സഹവാസം മതിയാക്കണമെന്നു് ഞാൻ വിചാരിച്ചിരിക്കയാണ്,

രു-ഗു--എന്നോടാണൊ ഇതു പറയുന്നതു്? ഇതാ! ആ വരുന്നതു് അവളല്ലെ?

കമലം സുരേന്ദ്രനാഥനെ അന്വേഷിച്ചു് അപ്പോരം അവിടെ വന്നു.

സു-നാഥൻ – ഈശ്വരാ! ഇതു് ഒരു ഒഴിയാബാധ ആയിത്തീൎന്നുവല്ലൊ.

കമലം – എന്റെ പട്ടിയാണ്. ഇനി നിങ്ങളെ അന്വേഷിച്ചു വരുന്നതു്. 'നിങ്ങരം ആ സാലപാ എന്തിനായിട്ടാണ് എന്റെ തലയിൽ കെട്ടിവച്ചതു്? അതിലെ ചിത്രപ്പണി നോക്കി എനിക്കൊന്നും പഠിക്കുന്നതിന്നു് കൊതിയില്ല. അതു് നിങ്ങളുടെ മുറിയിൽകിടന്നു കിട്ടിയതാണെന്നും, എങ്ങിനെ അവിടെ വന്നതാണെന്നു് നിങ്ങരംക്കറിവാൻ പാടില്ലെന്നും, ഉള്ളകഥകേട്ടു് വിശ്വസിക്കുന്നതിന്നു് ഞാനൊരു ഭോഷിയായിരിക്കണം. എങ്ങിനെ കിട്ടിയതായാലും വേണ്ടതില്ല. എനിക്കു് ഇതിൽനിന്നും ഒരു കുന്തവും പഠിക്കാനില്ല.

സു-നാഥൻ – കമലം! എന്തായിതു്?

അ-ഖാൻ -- നിശ്ചയമായിട്ടും ഇതു് എന്റെ സാലപയാണു്.

കമലം—അത്താഴത്തിന്നു് വരുന്നുണ്ടെങ്കിൽ വരണം അല്ലെങ്കിൽ എന്റെ സൌകൎയ്യം പോലെ ഞാൻ ക്ഷണിക്കുമ്പോരം വന്നാൽ മതി.

കമലം ദേഷ്യപ്പെട്ടു് ഉടനെ വീട്ടിലേക്കു് പോയി

രു-ഗു--ഹെ! നിങ്ങരംകൂടി പോകണം.

സു-നാഥൻ—ഞാൻ പോയില്ലെങ്കിൽ അവൾ വീഥി തോറും നടന്നു് വല്ലതും സംസാരിക്കും.

രു-ഗു--അത്താഴം അവിടെത്തന്നെയല്ലെ?

സു-നാഥൻ--എന്താ ചെയ്യ വേണ്ടിവന്നാൽ?

രു-ഗു--പക്ഷെ ഞാൻ അങ്ങോട്ടു് വന്നേക്കാൻ മതി- എനിക്കു് ചിലതൊക്കെ പറവാനുണ്ടു്.

സുരേന്ദ്രനാഥൻ യാത്രചോദിച്ചു് തിരിച്ചപ്പോൾ അബ്ദല്ലാഖാൻ മറഞ്ഞിരുന്നിരുന്ന സ്ഥലത്തുനിന്നും പുറത്തേക്കു വന്നു രുദ്രഗുപ്തനോടു് ഈ വിധം പറഞ്ഞു. "ഞാൻ എങ്ങിനെയാണു് അവനെ കൊല്ലേണ്ടതു്?"

രു-ഗു--ദുർമ്മാൎഗ്ഗവിഷയം വന്നപ്പോൾ അവന്റെ ചിരി കണ്ടില്ലെ? സാലപാ അങ്ങു് കണ്ടോ?

അ-ഖാൻ--അതു് എന്റെ സാലപയാണൊ?

രു-ഗു--സംശയിപ്പാനുണ്ടോ? അങ്ങേ ഭാൎയ്യ അവനു കൊടുത്തതു്. അവൻ ആ വ്യഭിചാരിക്കു് ദാനം ചെയ്തു.

അ-ഖാൻ--ഞാൻ പെട്ടെന്നു് അവനെ കൊന്നാൽ അവന്റെ ദ്രോഹത്തിനു് മതിയായശിക്ഷയാകയില്ല. എന്റെ ഭാൎയ്യ സുന്ദരിയും——

രു-ഗു—എയി! അക്കഥ മറക്കണം.

അ-ഖാൻ-അവളുടെ കഥ ഇന്നുരാത്രിയിൽ തീൎത്തേക്കാം. കഷ്ടം! ഒരു ചക്രവൎത്തിയുടെ പട്ടമഹിഷിയായിരിക്കുന്നതിനുള്ള യോഗ്യത അവൾക്കുണ്ടു്.

രു-ഗു—വിചാരം ഈമാൎഗ്ഗത്തിൽ കൊണ്ടുപോയാൽ കാൎയ്യസാദ്ധ്യത്തിനുള്ള വിഘ്നങ്ങൾ കാണുന്നില്ലെ?

അ-ഖാൻ—അവൾക്കുള്ള ഗുണങ്ങൾ ഞാൻ പറയുന്നതാണു്. എന്തു് ബുദ്ധിസാമൎത്ഥ്യവും ഉത്സാഹവുമാണു്! സംഗീതത്തിൽ എന്തു് വാസനയാണു്. പക്ഷെ എന്തുഫലം.

രു-ഗു—ഈ ഗുണങ്ങൾ എല്ലാം അവളുടെ സ്വഭാവദോഷത്തിന്റെ ഗൌരവത്തെ കാണിക്കയെല്ലാതെ അതിനെ ലഘൂപ്പെടുത്തുകയാണെന്നു് ഞാൻ വിചാരിക്കുന്നില്ല.

32D
94238
O32:3NO1:11
F5

അ-ഖാൻ— വിചാരിക്കുന്തോറും എൻെറ ഹൃദയംപൊടിയുന്നു.

രു-ഗു—അവളുടെ നിർമ്മയ്യാദ അങ്ങേക്കു് സഹിക്കാമെങ്കിൽ ആ നടപടിനീളെ ആചരിക്കുന്നതിന്നു് അവൾക്കു് ഒരു പിടിപാടു് കൊടുത്തേക്കണം. അങ്ങേക്കു് ഇതിൽമനഃക്ലേശം ഇല്ലെങ്കിൽ മററാക്കാണു് ഇതുകൊണ്ടുള്ള നഷ്ടം?

അ-ഖാ—ഞാൻ അവളെ കഷണം കഷണമായി വെട്ടുന്നുണ്ടു്. ഇനി എന്നെ ചതിക്കുന്നതിനൊ?

രു-ഗു—എന്തു് ദുഷ്ടതയാണു്?

അ-ഖാൻ—ചേച്ചിക്കു് തിരിഞ്ഞെടുത്തതു് എൻെറ കീഴ് വരുതിയിൽ ഇരിക്കുന്ന ഒരുവനെ അല്ലെ?

രു-ഗു—അതു കുറച്ചുകൂടി കഠിനം.

അ-ഖാൻ—നിങ്ങൾ കുറച്ചു വിഷം കൊണ്ടുവരണം. ഞാൻ ഒരക്ഷരം അവളോടു് സംസാരിക്കയില്ല. സംസാരിച്ചാൽ അവളുടെ സൌന്ദയ്യം എൻെറ വിചാരത്തിന്നു് പ്രതിബന്ധമായിത്തീൎന്നേക്കും. ഇന്നു രാത്രിയിൽതന്നെ വേണം.

രു-ഗു—വിഷംകൊണ്ടു കൊല്ലരുതു്. ഏതു കിടക്കയിൽ കിടന്നു നിമ്മയ്യാദ പ്രവത്തിച്ചുവോ ആ കിടക്കയിൽ കിടന്നു ശ്വാസംമുട്ടി ചാകണം!

അ-ഖാൻ—ഈ ന്യായം ഞാൻ സമ്മതിച്ചു.

രു-ഗു സുരേന്ദ്രനാഥൻെറ കായ്യം ഞാനേററു. ഇന്നദ്ധരാത്രിസമയം ചില വിശേഷങ്ങളൊക്കെ അങ്ങേക്കു് കേൾക്കാം.

ഇവരുടെ സംഭാഷണത്തിന്നു ഒരു തടസ്ഥം ഉണ്ടായി. സരസ്വതിഭായിയുടെ ബന്ധുക്കളിൽ ഒരുവനായ വിജയസിംഹൻ ഭാനുവിക്രമമഹാരാജാവിൻെറ ഒരുതിരുവെഴുത്തു സേനാധിപതിക്കു കൊടുക്കുന്നതിനായി അപ്പോൾ അവിടെ വന്നുചേൎന്നു. ആ സമയംതന്നെ സരസ്വതിഭായിയും അവിടെ എത്തി.

വിജയസിംഹൻ—അങ്ങേക്കു വിജയം ഭവിക്കട്ടെ എന്നു മഹാരാജാവും മന്ത്രിമാരും പ്രാൎത്ഥിക്കുന്നു.

അ-ഖാൻ—മഹാരാജാവിൻെറ എന്തു കല്പന നടത്തുന്നതിലേക്കായിട്ടാണു നിങ്ങഠം ഇപ്പോഠം ഇവിടെ വന്നതു്?

വി-സി—നിങ്ങഠംക്കു തരുന്നതിനായി ഒരു തിരുവെഴുത്തുണ്ടു്.

സ-ഭാ - ഞങ്ങഠം പോന്നതിൽപിന്നെ ഉള്ള വിശേഷം എന്തെല്ലാമാണ്?

രു-ഗു - അങ്ങു ഇവിടെ വന്നതു് ഞങ്ങളുടെ ഭാഗ്യമാണ്.

വി-സി—ഞാൻ നിങ്ങളുടെ ഉപചാരത്തെ അഭിനന്ദിക്കുന്നു. സുരേന്ദ്രനാഥനു സൌഖ്യമല്ലെ.

സ-ഭാ - അദ്ദേഹവും പ്രാണനാഥനുമായിട്ടു നല്ല രസമില്ല. നിങ്ങഠം വിചാരിച്ചാൽ എല്ലാം നേരെയാകും.

അ-ഖാൻ - അതു നിശ്ചയമുണ്ടോ?

സ-ഭാ - എത്ര ക്ഷണത്തിൽ ദേഷ്യപ്പെടുന്നു.

വി-സി - എഴുത്തിലെ വിശേഷങ്ങഠംകണ്ടിട്ടായിരിക്കാം. സുരേന്ദ്രനാഥനെ സകലകാൎയ്യങ്ങളും ഭരമേല്പിച്ചിട്ടു് സേനാധിപതി വേഗം രാജ്യത്തേയ്ക്കു തിരിക്കണമെന്നായിരിക്കാം തിരുവെഴുത്തു്.

സ-ഭാ - എനിക്കിപ്പോഠം സന്തോഷമായി.

അ-ഖാൻ - സത്യമോ?

സ-ഭാ - എൻെറ പ്രാണനാഥ!

അ-ഖാൻ - നിനക്കു ഭ്രാന്തു പിടിച്ചിരിക്കുന്നതു കൊണ്ടു എനിക്കുംസന്തോഷമാണ്.

സ-ഭാ - എൻെറ പ്രാണനാഥ! എന്താണു അങ്ങു് ഇങ്ങിനെ പറയുന്നതു്?

അ-ഖാൻ - ദ്രോഹി! (എന്നു വിളിച്ചുംകൊണ്ടു് സരസ്വതിഭായിയെ കഠിനമായി ഒന്നു പ്രഹരിച്ചു).

സ-ഭാ - കാരണം കൂടാതെയാണു് അങ്ങു് ഈ വിധംപ്രവൎത്തിച്ചതു്.

വി-സി - ഞാൻ ഈ പ്രവൃത്തി എൻെറ കണ്ണുകൊണ്ടു് കണ്ടു എന്നു സത്യം ചെയ്താൽകൂടി നമ്മുടെ രാജ്യത്തു് ആരും

ഞാൻ പറയുന്നതു് വിശ്വസിക്കയില്ല. ഇതു് സ്വല്പം കടുത്തു പായി. കഷ്ടം! സരസ്വതിഭായി കരയുന്നു. വേഗം സമാധാനപ്പെടുത്തണം.

അ-ഖാൻ —ദ്രോഹി! ,ഇവളെ എന്റെ മുമ്പിൽ കാണരുതു്. ഇവളുടെ കള്ളക്കരച്ചിൽ എനിക്കറിഞ്ഞുകൂടെ.

സ-ഭാ — ഞാൻ ഇവിടെനിന്നാൽ ഇനിയുംദേഷ്യം വൎദ്ധിക്കും അതുകൊണ്ടു പോയേക്കാം.

വി-സി— എത്രഅനുസരണയുള്ള സ്ത്രീയാണു്. അവളെ തിരിയെ വിളിക്കണം.

അബ്ദല്ലാഖാൻ സരസ്വതിഭായിയെ വിളിച്ചു വരുത്തി ഇപ്രകാരം പറഞ്ഞു. "തിരിയുന്നതിനും, മറിയുന്നതിനും, കരയുന്നതിനും, നിനക്കു് ധാരാളം വശമുണ്ടു്. അനുസരണശീലത്തിനും കുറവൊന്നുമില്ല. ഞാൻ രാജ്യത്തിലേക്കു ചെല്ലണമെന്നു കല്പന വന്നിട്ടുണ്ടു്. ഇനിനിനക്കു് ണമെന്നില്ല. പോകാം. ഞാൻ ഇപ്പോൾ തന്നെ നിന്റെ അടുക്കലേക്കു ഒരാളയക്കും"

അബ്ദല്ലാഖാന്റെ സ്വഭാവത്തിലുണ്ടായിട്ടുള്ള മാററങ്ങൾ കണ്ടു വിജയസിംഹൻ വളരെ അതിശയിക്കയും വ്യസനിക്കയും ചെയ്തു. അബ്ദല്ലാഖാൻ ഉടനെ അവിടെ നിന്നും പോയതു അനന്തഭായിയോടു ചോദിച്ചു ചില സംശയ നിവൃത്തികൾ വരുത്തുവാനായിട്ടായിരുന്നു. അനന്തഭായിയെ കണ്ടപ്പോൾ അദ്ദേഹം ഇങ്ങനെ ചോദിച്ചു. അപ്പോൾ നിങ്ങൾ ഒന്നുംകണ്ടിട്ടില്ലെ?

അ-ഭാ — കണ്ടിട്ടുമില്ല കേട്ടിട്ടുമില്ല; സംശയിക്കപോലും ഉണ്ടായിട്ടില്ല.

അ-ഖാൻ — സുരേന്ദ്രനാഥനേയും അവളേയും ഒരുമിച്ചു് കണ്ടിട്ടില്ലെ?

അ-ഭാ — ഉണ്ടു് അവർ സംസാരിക്കുന്നതു് മുഴുവനും അക്ഷരംപ്രതി കേട്ടിട്ടുമുണ്ടു്. അതിലൊരു ദോഷവുമില്ല.

അ-ഖാൻ - അവർ ഒരിക്കലും മന്ത്രിച്ചിട്ടില്ലെ?

അ-ഭാ ഒരിക്കലുമില്ല.

അ-ഖാൻ – അതു് വലിയ അതിശയമാണ്.

അ-ഭാ -- അങ്ങേ ഭാൎയ്യ പതിവ്രതയാണെന്നു ഞാൻ സത്യംചെയ്യാം. അങ്ങേ മനസ്സിൽ ഈ വിചാരം ജനിപ്പിച്ചിരിക്കുന്നവൻ കഠിനമായ ദൈവശിക്ഷക്കു് പാത്രീഭവിക്കും. അവൾക്കു് സത്യമില്ലെങ്കിൽ ഭൂമിയിൽ സത്യമുള്ളതായിട്ടു് വേറെ സ്ത്രീയില്ല.

അ-ഖാൻ – അവളോട്ടു് ഇവിടെ വരുവാൻപറയു.

അനന്തഭായി പോയപ്പോൾ അബ്ദല്ലാഖാൻ ആലോചിച്ചുതുടങ്ങി. "ഇവൾ മനഃപൂൎവ്വമായി അവൾക്കു സഹായം പറകയല്ലെ? ഇവൾ ഒരു വേശ്യയാണ്. ഈവിധമുള്ള വ്യാജങ്ങൾ മറയ്ക്കുന്നതിനു ഇവളുടെ തൊഴിലുകാൎക്കു സാമൎത്ഥ്യവുമുണ്ടു്. അതുകൊണ്ടു് ഇതിലധികം പറയുന്നില്ലല്ലോ എന്നു വിചാരിച്ചു അതിശയപ്പെടാനില്ല. ഇവളുടെ മനസ്സിൽ രഹസ്യങ്ങൾ കുറെ ഒതുക്കീട്ടുണ്ടു്. ആ രഹസ്യപ്പെട്ടി തുറക്കാൻ നിവൃത്തിയില്ല"

സരസ്വതിഭായി ഭൎത്തൃശാസന അനുസരിച്ചു അവിടെ വന്നു.

അ-ഖാൻ — എന്റെ മുഖത്തേയ്ക്കു നോക്കു. നിന്റെ കണ്ണുകൾ ഒന്നു കണ്ടോട്ടെ.

സ-ഭാ — ഇതെന്തു ദുൎവ്വിചാരമാണ്?

അ-ഖാൻ--(അനന്തഭായിയോടു) നിന്റെ പതിവായുള്ള ജോലിക്കു സമയമായിരിക്കുന്നു. അതുകൊണ്ടു ഈ മുറി അടച്ചു വാതുക്കൽതന്നെ കാത്തുനില്ക്കണം. വല്ലോരും വരുമ്പോൾ ഒന്നു ചുമച്ചിട്ടു ആളറിയിക്കണം. വേഗമാകട്ടെ. ഇതു നിന്റെ നിത്യത്തൊഴിലാണല്ലോ?

സേനാധിപതി പറഞ്ഞതിന്റെ താല്പൎയ്യം നല്ലതുപോലെ മനസ്സിലാകാഞ്ഞിട്ടു അനന്തഭായി സ്വല്പം വ്യസനത്തോടുകൂടി മുറിയിൽനിന്നും പുറത്തേക്കിറങ്ങി

സ-ഭാ--അങ്ങു് എന്തു വിചാരിച്ചിട്ടാണ് ഇങ്ങിനെ അവ്യക്തമായി സംസാരിക്കുന്നതെന്നു എന്നെ ധരിപ്പിക്കണം.

വാക്കുകളിൽ, ദ്വേഷ്യം കാണുന്നുണ്ട്. പക്ഷെ അവയുടെ അത്ഥം ഒട്ടും മനസ്സിലാകുന്നില്ല.

അ-ഖാൻ--നീ ആരാണ്?

സ-ഭായി—അങ്ങെ ഭാൎയ്യ. അങ്ങെ ഭക്തിവിശ്വാസമുള്ള ഭാൎയ്യ.

അ-ഖാൻ അങ്ങിനെയാണെന്ന് സത്യം ചെയ്തിട്ടു കഴിവേരുന്നതു് നന്ന്.

സ-ഭാ—എന്റെസത്യം ഈശ്വരനുതന്നെ അറിയാം.

അ-ഖാൻ—അതെ- നീ മഹാപാതകിയാണെന്ന് ഈശ്വർന്നറിയാം

സ-ഭാ—ഞാൻ ആരെ എങ്ങിനെ വഞ്ചിച്ചു

അ-ഖാൻ--നിന്നെ കാണുന്നതു് തന്നെ എനിക്കു് ഒരു ശിക്ഷയായിരിക്കുന്നു. എന്റെ മുൻപിൽ നില്ക്കരുതു്.

സ-ഭാ--കഷ്ടം! ഇങ്ങിനെയൊരുദിവസം ഉണ്ടാകുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. അങ്ങ് എന്തിനാണ് കരയുന്നതു്? ഈ കണ്ണുനീരിന് കാരണം ഞാൻ തന്നെയാണൊ? അങ്ങ് രാജ്യത്തേക്കു് ചെല്ലേണമെന്നുള്ള കല്പന എന്റെ അച്ഛന്റെ കൃത്രിമബുദ്ധിനിമിത്തം ഉണ്ടായിട്ടുള്ളതാണെങ്കിൽ എന്നിൽ വൃഥാ കുററം ചുമത്തുന്നതു് എന്തിനായിട്ടാണ്? എന്റെ അച്ഛൻ അങ്ങേ ശത്രുവാണെങ്കിൽ ഇന്നുമുതൽ എന്റെയും ശത്രുവാണ്.

അ-ഖാൻ ഈശ്വരേച്ഛാനുസരണമായി ദുസ്സഹമായ മായ വ്യാധിയൊ, മനഃപീഡയൊ, വിപത്തൊ, അതല്ലാ അനിവാൎയ്യയായ ദാരിദ്ര്യദുഃഖമൊ, അഥവാ മേൽഗതിക്കു് നിവൃത്തിയില്ലാത്ത വിധത്തിൽ കാരാഗൃഹത്തിൽ ബന്ധനമൊ, എനിക്കു് നേരിട്ടിരുന്നാൽകൂടി എന്റെ ധൈൎയ്യമശേഷം ഇതുപോലെ ശിഥിലമായി തീരുകയില്ലായിരുന്നു. എന്നെ എന്നേക്കും എല്ലാപേരുടേയും ഹാസ്യത്തിന്ന് പാത്രമാക്കിത്തീൎത്തതു് വിചാരിക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. അതും ഞാൻ ക്ഷമിക്കാം. പക്ഷെ എന്റെ ആത്മരക്ഷക്കു തന്നെ അത്യാവശ്യമായിട്ടുള്ള എന്റെ പരിശുദ്ധമായ അനു

രാഗത്തെ ഈവിധം ധിക്കരിച്ച് എൻെറ ഹൃദയത്തിൽ സദാ ദുർവിചാരങ്ങളുടെ സ്വാതന്ത്ര്യമായ പ്രചാരത്തിന്ന് കാരണമു ണ്ടാക്കിയതു് ഓക്കുമ്പോൾ——മഹാപാപിയായ നിൻെറ മു ഖത്തു് ഞാൻ എങ്ങിനെയാണ് നോക്കുന്നതു്? ഈശ്വരാ! എൻെറ ക്ഷമാശീലം ഇപ്പോൾ നശിച്ച് ഞാൻ ക്രൂരഹൃദയ നായി തീരണമേ.

സ-ഭാ--ഞാൻ സത്യമുള്ളവളാണെന്നു് അങ്ങേക്കു് വി ശ്വാസമില്ലെ?

അ-ഖാൻ--പ്രസവം കഴിഞ്ഞാൽ ഉടനെ ഗർഭം ധരിക്കു ന്ന ഒരു മാതിരി പ്രാണികൾ ഉണ്ടു്. നിൻെറ സത്യത്തിന്നു് ഈ പ്രാണികളുടെ സത്യത്തിനുള്ള വിലയേയുള്ളു. നീ ജനി ക്കാതിരുന്നുവെങ്കിൽ മതിയായിരുന്നു.

സ-ഭായി--ഞാൻ അറിയാതെ എന്തു് പാപമാണ് ചെ യ്തിട്ടുള്ളതു്.

അ-ഖാൻ—നീ കുലടയാണെന്നു്. നിൻെറമുഖത്തുതന്നെ എഴുതിയിരിക്കുന്നു. നീ എന്തു ചെയ്തു എന്നു് അറിയുന്നില്ലെ. നീ പൊതുജനങ്ങൾക്കുള്ള സ്വത്തല്ലെ. നിൻെറ കുററം ഞാൻ പറയാതിരിക്കയാണ് ഭേദം.

സ-ഭാ--കാര്യമറിയാതെ ദേഷ്യപ്പെടുകയാണ്.

അ-ഖാൻ—നീ വ്യഭിചാരിയല്ലെ?

സ-ഭായി—ദേഹത്തെ പരിശുദ്ധമായി വെച്ചുകൊണ്ടിരി ക്കുന്നവൾ വേശ്യയല്ലെങ്കിൽ ആ പേരു എനിക്കു് ചേർന്നതല്ല.

അ-ഖാൻ—ഓഹോ! ഞാൻ അറിയാതെ പറഞ്ഞുപോ യതാണ്. ഞാൻ വിചാരിച്ചതു് അബ്ദല്ലാഖാൻ വിവാ ഹം ചെയ്തിട്ടുള്ളതു് ഒരു വേശ്യയെയാണെന്നാണ്.

ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അനന്തഭാ യി മുറിക്കകത്തു് കടന്നുവന്നതിനാൽ അബ്ദല്ലാഖാൻ സം സാരം നിൎത്തി പെട്ടെന്നു് പുറത്തേക്കു് പോയി.

അ-ഭായി—(സരസ്വതിഭായിയോടു്) എന്താ? സ്വല്പം സുഖക്കേടുള്ളതുപോലെയിരിക്കുന്നു- ഇദ്ദേഹം എന്തെല്ലാമാ ണ് പറയുന്നതു്-

സ-ഭായി — എനിക്ക് ഇങ്ങിനെ വരേണ്ടതു് തന്നെയാണ്. പക്ഷെ സ്വല്പമായിട്ടെങ്കിലും ഞാൻ ഒരു തെററു പ്രവൎത്തിച്ചിട്ടായിരുന്നുവെങ്കിൽ വ്യസനമില്ലായിരുന്നു.

തന്റെ കൌശലം എന്തുമാത്രം ഫലിക്കുന്നുണ്ടെന്നറിവാനാഗ്രഹിച്ച് ബദ്ധപ്പെട്ടോടിനടക്കുന്ന രുദ്രഗുപ്തൻ അപ്പോൾ അവിടെ എത്താതിരുന്നില്ല.

രു-ഗു — (സരസ്വതിഭായിയോടു്) മനസ്സിന്നു വല്ല കുണ്ഠിതവും നേരിട്ടിട്ടുണ്ടോ?

സ-ഭായി — ഞാൻ ഒന്നും പറവാൻ കാണുന്നില്ല. കുട്ടികളെ ശാസിക്കുന്നവർ കുറച്ച് ശാന്തശീലന്മാരായിരിക്കേണ്ടവരാണ്. ശാസനയനുഭവിച്ചിട്ടില്ലാത്ത എന്നെ അദ്ദേഹംആദ്യം ഇത്ര ഭത്സിക്കേണ്ടിയില്ലായിരുന്നു.

രു-ഗു — കാൎയ്യമെന്താണെന്നു പറയണം.

അ-ഭായി — അദ്ദേഹം പറഞ്ഞ ആഭാസവാക്കുകൾ ദുസ്സഹമായിട്ടുള്ളവയാണ്. ഇങ്ങേ അററം വ്യഭി——

സ-ഭായി — ആ പേരു് ഞാൻ എങ്ങിനെയാണ് സമ്പാദിച്ചതു്.

രു-ഗു — ഏതു പേരു്?

സ-ഭായി — എന്നെ ഉദ്ദേശിച്ച് എന്റെ ഭൎത്താവു ഉപയോഗിച്ചതായിട്ടു അങ്ങെ ഭാൎയ്യ ഇപ്പോൾ പറഞ്ഞ പേരു്.

അ-ഭായി — അച്ഛനും ബന്ധുക്കളുംകൂടി നിശ്ചയിച്ച അനേക യോഗ്യന്മാരെ ഉപേക്ഷിച്ച് ഈ വിവാഹം ചെയ്തതു് ഈ പേരു സമ്പാദിക്കാനായിട്ടാണൊ? ആരാണ് ഇതു കേട്ടാൽ വ്യസനിക്കാത്തതു്?

രു-ഗു — അനൎത്ഥമായല്ലൊ. ആരൊ ഇദ്ദേഹത്തിനോടു് കുസൃതികൾ പറഞ്ഞിരിക്കണം.

അ-ഭായി — ഏതു വികൃതിയൊ ദുഷ്ടനൊ സേവക്കു വേണ്ടി പറഞ്ഞിട്ടുള്ളതാണ്.

രു-ഗു — ഛീ! അങ്ങിനേ ഒരുത്തരുമില്ലെല്ലൊ.

സ-ഭായി — ആരെങ്കിലുമുണ്ടെങ്കിൽ അവൻ ഈശ്വരശിക്ഷക്കു പാത്രീഭവിക്കാതിരിക്കട്ടെ.

അ-ഭായി ആ മഹാപാപി നീറിനീറിച്ചാകണം. അവനെ കഴുവേററണം. അദ്ദേഹം ദേഷ്യംകൊണ്ടു വൃഥാ വേശ്യയാണെന്നു പറഞ്ഞാൽ മാത്രം മതിയൊ? ആളാരാണ്? എവിടെ വച്ചാണ്? എപ്പോളാണ്? എന്തു സംഗതിയാണ്? എന്തു ലക്ഷ്യമാണുള്ളതു്? ഒന്നും പറയാതിരുന്നാൽ മതിയൊ? അദ്ദേഹത്തിനെ ഭ്രാന്തു പിടിപ്പിച്ചിരിക്കുന്ന ദ്രോഹിയെ തെരുവു നീളെ നടത്തി എല്ലുനുറുങ്ങെ ചതച്ചുവിടണം.

രു-ഗു—സംസാരിക്കുന്നതിവിടെ കേട്ടാൽ മതിയല്ലൊ?

അ-ഭായി—ഇതുപോലെ ഏതൊ ഒരു ദ്രോഹിയാണ് ഞാനും സേനാധിപതിയും തമ്മിൽ ഇഷ്ടമാണെന്നു അങ്ങേ ധരിപ്പിച്ചിരിക്കുന്നതു്.

രു-ഗു—പോടി നിന്നോടതു് ചോദിച്ചുവൊ? അസംബന്ധം പറയാതിരിക്കൂ.

സ-ഭായി—(രുദ്രഗുപ്തനോട്) എന്റെ ഭർത്താവിന്റെ ദേഷ്യം ശമിക്കുന്നതിന് എന്തുപായമാണുള്ളതു്? ദൈവം സാക്ഷിയായിട്ടു് ഞാൻ ഒരപരാധവും ചെയ്തിട്ടില്ല! മനസാ വാചാ കർമ്മണാ എന്തെങ്കിലും ഒരു പിഴ ചെയ്കയൊ എന്റെ ഭയഭക്തി വിശ്വാസത്തിന് കുറവു വരുത്തുകയൊ ചെയ്തിട്ടുണ്ടെങ്കിൽ എന്റെ സകല സുഖങ്ങളും ഈ മാത്രയിൽ നശിക്കട്ടെ. അദ്ദേഹം എന്നെ ഉപേക്ഷിച്ചാൽകൂടി ഞാൻ ഒരു ദ്രോഹവും ആലോചിക്കുന്നവളല്ല. അദ്ദേഹത്തിന്റെ ദയവില്ലായ്മകൊണ്ടു് എനിക്കു് വളരെ ദോഷങ്ങൾ സംഭവിച്ചേക്കാം. ഈ ലോകത്തുള്ള സകല ദിവ്യാനുഭവങ്ങൾക്കും എന്നെ പാത്രമാക്കാമെന്നു് ഒരുവൻ പറഞ്ഞാൽ കൂടി ഞാൻ വേശ്യയെന്നുള്ള ദുഷ്പേരു് സമ്പാദിക്കുവാൻ ശ്രമിക്കുന്നവളല്ല.

രു-ഗു—സമാധാനപ്പെടണം. ഇദ്ദേഹത്തിന്റെ ഒരു പ്രകൃതഭേദമാണ്. രാജ്യകാര്യം നിമിത്തം എന്തൊ കുണ്ഠിതം നേരിട്ടുള്ളതിന് നിങ്ങളോടാണ് ദേഷ്യം. എല്ലാം നേരേകലാശിക്കും.

രുദ്രഗുപ്തൻെറ ഈ സാന്ത്വന വാക്കുകൾ സരസ്വതിഭായിക്ക് സ്വല്പനേരത്തേക്ക് സുഖത്തെ പ്രദാനം ചെയ്തു. രുദ്രഗുപ്തൻ അവിടെനിന്നും തിരിച്ച് രൊമേശസിംഹനെ ചെന്നു കാണുകയാണ് ചെയ്തതു്,

രു-ഗു—(രൊമേശസിംഹനോട്ട്) എന്താണ്? ഛേ!

രൊ-സി—നിങ്ങൾ കുറേദിവസമായി എന്നെ ഉരുട്ടുകയാണ് അല്ലെ?

രു-ഗു—എങ്ങിനെയാണ് ഉരുട്ടുന്നതു്?

രൊ-സി—വല്ലതും സൂത്രം പറഞ്ഞു് എന്നെ ദിവസവും ഉന്തി അയക്കയാണ്. എൻെറ ആഗ്രഹനിവൃത്തിക്ക് മാൎഗ്ഗം ഉണ്ടാക്കിത്തരാതെ ഉള്ള സൌകൎയ്യത്തെ കൂടി നശിപ്പിക്കയാണ് ചെയ്യുന്നതു്. എൻെറ ബുദ്ധിമോശംകൊണ്ടു് വന്നതു് മേലും ഞാൻ സഹിച്ചുകൊണ്ടിരിക്കുമെന്നു് വിചാരിക്കേണ്ട.

രു-ഗു—ഞാൻ പറയുന്നതു് അങ്ങു് കേൾക്കുമൊ?

രൊ-സി--ഒന്നു് പറഞ്ഞിട്ടു ഒന്നു പ്രവൎത്തിക്കുന്ന നിങ്ങളുടെ വാക്കു് കേട്ടിടത്തോളവും മതി.

രു-ഗു—നിങ്ങൾ വൃഥാ അപവാദം പറയുന്നതു് ന്യായമല്ല.

രൊ-സി—ഞാൻ എൻെറ സ്ഥിതികവിഞ്ഞു് പണം ചിലവു ചെയ്തല്ലൊ. സരസ്വതിഭായിക്കു് കൊടുക്കുവാനാണെന്നു് പറഞ്ഞു് നിങ്ങൾ എൻെറ കയ്യിൽ നിന്നും വാങ്ങീട്ടുള്ള ആഭരണങ്ങളിൽ പാതികൊണ്ടു് തപസ്വിനിയായ ഒരു സ്ത്രീയുടെ നിഷ്ഠ ഇളക്കുവാൻ കഴിയും. നിങ്ങൾ ആഭരണങ്ങൾ അവൾക്കു് കൊടുത്തു എന്നും അവളെ കാണുന്നതിന്നു് സൌകൎയ്യം ഉണ്ടാക്കിത്തരാം എന്നും പറഞ്ഞു് എൻെറ ആഗ്രഹത്തെമാത്രം വൎദ്ധിപ്പിച്ചു. ഇതിലധികം ഒരു പ്രതിഫലം എനിക്കുണ്ടായിട്ടില്ല.

രു-ഗു—കുറച്ചുകൂടി സമാധാനപ്പെടണം.

രൊ-സി—ഇനി സമാധാനപ്പെടാനൊ? ചതിവു് പററീയിടത്തോളം ഇരിക്കട്ടെ.

രു-ഗു—നന്നായി,

രൊ-സി— ഒട്ടും നന്നായില്ല. ഞാൻ വിവരമെല്ലാം സരസ്വതിഭായിയോടു തന്നെ പറയുന്നുണ്ട്. അവൾ എൻെറ ആഭരണങ്ങൾ തിരിയെ തരുമെങ്കിൽ എൻെറ ന്യായമല്ലാത്ത വിചാരത്തെപ്പററി പശ്ചാത്താപപ്പെട്ടു ഞാൻ പിൻവലിച്ചുകൊള്ളാം. അല്ലെങ്കിൽ തന്നെ അത്ര എളുപ്പത്തിൽ വിട്ടയക്കുകയില്ല.

രു-ഗു—അങ്ങിനെ മനസ്സിൽ ഇരിപ്പു് വ്യക്തമായി പറണം.

രൊ-സി— ഞാൻ നടത്താൻ പോകുന്ന കാൎയ്യം അല്ലാതെ വേറെ ഒന്നുമല്ല പറഞ്ഞതു്.

രു-ഗു—നിങ്ങൾക്കു് ശൌൎയ്യമുണ്ടെന്നു് ഞാൻ ഇപ്പോൾ ആണു് അറിയുന്നതു്. നിങ്ങൾ എന്നെ സംബന്ധിച്ചു പറയുന്നതിൽ ന്യായമുണ്ടെങ്കിലും നിങ്ങളുടെ കാൎയ്യത്തിൽ അസത്യമായി ഞാൻ ഒന്നും പ്രവൎത്തിച്ചിട്ടില്ല.

രൊ-സി— പക്ഷെ നിങ്ങൾ പ്രവൎത്തിച്ചതൊന്നും കാണ്മാൻ ഇല്ല.

രു-ഗു— ഇല്ലെന്നു് ഞാൻതന്നെ സമ്മതിക്കുന്നു. നിങ്ങളുടെ സംശയം ബുദ്ധിമാന്മാൎക്കു സഹജമായുണ്ടാകുന്നതാണു്. എൻെറ മനസ്സിൽ ഇപ്പോൾ തോന്നീട്ടുള്ളതുപോലെ വാസ്തവമായ ശൌൎയ്യം നിങ്ങൾക്കുണ്ടെങ്കിൽ അതു് ഇന്നുരാത്രിയിൽ കാണണം. നാളെ രാത്രിയിൽ നിങ്ങളുടെ ആഗ്രഹം സാധിച്ചില്ലെങ്കിൽ എന്നെ ഏതെല്ലാം വിധത്തിൽ കഠിനമായുപദ്രവിക്കാമൊ അങ്ങിനെ ഒക്കെ ആയിക്കൊള്ളണം.

രൊ-സി—കാൎയ്യം പറയൂ. പറയുന്നതിൽ ന്യായം ഉണ്ടോ ഇല്ലയോ എന്നു് അറിയാമെല്ലോ?

രു-ഗു--അബ്ദല്ലാഖാനു പകരം സുരേന്ദ്രനാഥനെ നിയമിക്കണമെന്നു് കല്പനവന്നിട്ടുണ്ടു്.

രൊ-സി--അതു് സത്യമാണെങ്കിൽ സേനാധിപതിയും സരസ്വതിഭായിയും ഇന്നുതന്നെ നാട്ടിലേയ്ക്കു തിരിക്കുമെല്ലോ

രു-ഗു—ഒരിക്കലും ഇല്ല. സരസ്വതിഭായിയെകൊണ്ടു് പോകുന്നില്ല. ഈ അവസരത്തിൽ സുരേന്ദ്രനാഥൻ ഇവിടെ

താമസിക്കുന്നതുകൊണ്ടുള്ള തടസ്ഥം ഒഴിച്ചില്ലെങ്കിൽ നമുക്ക് കാൎയ്യസാദ്ധ്യം ഉണ്ടാകയില്ല.

രൊ-സി—എങ്ങിനെയാണ് തടസ്ഥം ഒഴിക്കേണ്ടതു്?

രു-ഗു—എങ്ങിനെയെന്നോ? അവന്ന് സേനാധിപതിയുടെ സ്ഥാനം കിട്ടാതിരിക്കത്തക്ക വിധത്തിൽ—കാച്ചിമറിക്കണം.

രൊ-സി—ഞാൻ അതു ചെയ്യണമെന്നാണോ?

രു ഗു അതെ. കാൎയ്യസാദ്ധ്യത്തിന്ന് അങ്ങിനെതന്നെ വേണ്ടം. അയാൾക്ക് ഇന്നത്താഴം കമലത്തിൻെറ ഗൃഹത്തിലാണു്. അയാൾക്ക് എന്തു ബഹുമാനമാണ് വരുവാൻപോകുന്നതെന്നു അയാൾക്കുതന്നെ ഇതുവരെ അറിവില്ല. എന്തെങ്കിലും സൂത്രംപററിച്ച് പാതിരാത്രിയിൽ അയാളെ ഞാൻ പുറത്തേക്കു തള്ളിവിടാം. സഹായത്തിന്നായി ഞാൻ പിന്നിൽ നിന്നുകൊള്ളാം. നാം രണ്ടാളും കൂടിയാൽ കാൎയ്യഹാനി വരുന്നതെങ്ങിനെയാണ്. പറയുന്നതുകേട്ട് ഭയപ്പെട്ടു നിൽക്കാതെ എൻെറകൂടെ വരണം. എല്ലാംകൊണ്ടും അയാൾ മരിക്കേണ്ടതു് അത്യാവശ്യമാണെന്ന് ഞാൻ നിങ്ങളെ ബോധപ്പെടുത്താം.

രൊ-സി—ഈ കാരണങ്ങൾ ഒട്ടും മതിയാകുന്നില്ല.

രു ഗു—ഞാൻ ബോദ്ധ്യപ്പെടുത്തീട്ട് അങ്ങിനെ ചെയ്താൽ മതി.

രുദ്രഗുപ്തൻരൊമേശസിംഹനുമൊരുമിച്ച് കമലത്തിൻെറ ഗൃഹത്തിലേക്കാണ് പോയതു്. ഈ സമയത്തു വിജയസിംഹൻ അബ്ദുല്ലാഖാനെ സാരോപദേശങ്ങൾകൊണ്ട് സമാധാനപ്പെടുത്തുന്നതിന്ന് പ്രയത്നിക്കയായിരുന്നു. വിജയസിംഹൻെറ വാക്കുകൾ കേട്ടിട്ട് സേനാധിപതി സ്വല്പം കൂടി ക്രുദ്ധിച്ച് സരസ്വതിഭായിയോട്ട് ഇപ്രകാരം പറഞ്ഞു. “നീവേഗം കിടപ്പുമുറിയിലേക്കു പോകണം. ഞാൻ ഇതാ വന്നുകഴിഞ്ഞു. അനന്തഭായി ഇന്നുരാത്രിയിൽ നിൻെറ മുറിയിൽ ഉണ്ടായിരിക്കരുതു്”. സേനാധിപതിയുടെ ഈ ശാസനാനുസരണമായി സരസ്വതിഭായി കിടപ്പുമുറിയിൽ ചെന്നപ്പോൾ

അനന്തഭായി ആദരവോടുകൂടി നില്ക്കുന്നതു് കണ്ടിട്ടു് ഇങ്ങിനെ പറഞ്ഞു. "ഭൎത്താവു് ഇപ്പോൾ ഇങ്ങോട്ടു് വരും. നിങ്ങൾ ഇവിടെ ഉണ്ടായിരിക്കരുതു്."

അ-ഭാ — ഞാൻ ഉണ്ടായിരിക്കരുതെന്നോ?

സ-ഭാ — നാം ഇപ്പോൾ അദ്ദേഹത്തിനെ മുഷിപ്പിക്കരുതു്.

അ-ഭാ — നിങ്ങൾ തമ്മിൽ പരിചയപ്പെടാതിരിന്നിരുന്നുവെങ്കിൽ മതിയായിരുന്നു.

സ-ഭാ — ഞാൻ അങ്ങിനെ വിചാരിക്കുന്നില്ല. അദ്ദേഹം എന്നോടു ദേഷ്യപ്പെട്ടപ്പോൾകൂടി മുഖത്തു പ്രേമചിഹ്നങ്ങൾ കാണുന്നുണ്ടു്. ഞാൻ മരിച്ചുപോകയാണെങ്കിൽ വിവാഹദിവസം ഭൎത്താവെനിക്കു് തന്നിട്ടുള്ള വസ്ത്രംകൊണ്ടു് എന്റെ ശവശരീരം മൂടിയേക്കണം.

അ-ഭാ — എന്തു സംസാരമാണിതു്.

സ-ഭാ — ഹാ! പുരുഷന്മാർ എന്തു പ്രകൃതക്കാരാണു്. സ്ത്രീകൾ ആരെങ്കിലും ഭൎത്താക്കന്മാരെ ഇത്ര കഠിനമായി ദ്രോഹിക്കുമോ?

അ-ഭാ — അങ്ങിനെ ഉള്ളവരും ഉണ്ടു്.

സ-ഭാ ഈ ഭൂമിമുഴുവനും നിങ്ങൾക്കു തരാമെന്നു പറഞ്ഞാൽ നിങ്ങൾ ഭൎത്താവിനോടു് ഒരു ദ്രോഹം പ്രവൎത്തിക്കുമോ?

അ-ഭാ — എന്താ നിങ്ങൾ പ്രവൎത്തിക്കയില്ലേ?

സ-ഭാ — ഈശ്വരൻ സാക്ഷിയായിട്ടു് ഞാൻ അങ്ങിനെ ചെയ്കയില്ല.

അ-ഭാ — ആരെയും സാക്ഷിവച്ചുകൊണ്ടു് ഞാനും പ്രവൎത്തിക്കയില്ല.

സ-ഭാ — ഈ ഭൂമി മുഴുവൻ തന്നാൽ നിങ്ങൾ അങ്ങിനെ പ്രവൎത്തിക്കുമോ?

അ-ഭാ — ഈ ഭൂമി വളരെ വലുതാണു്. ഒരുകൊച്ചു കുററത്തിനു് അതു ഒരു വലുതായ സമ്മാനമല്ലേ?

സ-ഭായി — നിങ്ങൾ അങ്ങിനെ ചെയ്കയില്ലെന്നാണ് എന്റെ വിശ്വാസം.

അ-ഭായി — ഞാൻ പ്രവൎത്തിക്കുമെന്നാണ് എനിക്കുതോന്നുന്നതു്. പ്രവൎത്തിച്ചാൽപിന്നെ ഇല്ലാതെ ആക്കാൻ പാടില്ലേ! പക്ഷെ നിസ്സാരമായുള്ള ഒരു ലാഭം ഇച്ഛിച്ചു് ഞാൻ ഒന്നുംതന്നെ ചെയ്കയില്ല. തന്റെ ഭൎത്താവിനെ ഒരു ചക്രവൎത്തി ആക്കാമെങ്കിൽ അദ്ദേഹത്തിനെ സ്വല്പം വഞ്ചിക്കുന്നതുകൊണ്ടു് എന്തുദോഷമാണുള്ളതു്?.

സ-ഭാ — എനിക്കു് എത്ര വലുതായ അവസ്ഥസിദ്ധിച്ചാലും ഞാൻ ഈ വിധമായ ഒരു നീചകൎമ്മം ചെയ്കയില്ല.

അ-ഭാ — ചെയ്യുന്നതായി അനേകം സ്ത്രീകളുണ്ടു്. ഭൂമി കിട്ടുമെങ്കിൽ വ്യഭിചാരംകൊണ്ടു് മാത്രം ആ ഭൂമിയെ തങ്ങളുടെ സന്തതികളെക്കൊണ്ടു് നിറക്കുന്നതിനു് തയ്യാറായിട്ടു് വളരെ സ്ത്രീകൾ ഉണ്ടു്. എല്ലാഭൎത്താക്കന്മാരും ശരിയായിരിക്കുന്നവരാണൊ? ഭൎത്താക്കന്മാരെപ്പോലെ തന്നെ ഭാൎയ്യമാൎക്കും ബുദ്ധിയുണ്ടായിരിക്കുമെന്നു് അവർ വിചാരിക്കേണ്ടതാണു് ഭൎത്താക്കന്മാർ പഞ്ചേന്ദ്രിയങ്ങൾക്കു് വശപ്പെടുന്നതുപോലെ ഭാൎയ്യമാരും വശപ്പെടുന്നതിൽ എന്തു വിശേഷമാണുള്ളതു്? ചിലപ്പോൾ ഭാൎയ്യമാരെ ഉപേക്ഷിച്ചു ഭൎത്താക്കന്മാർ അന്യസ്ത്രീകളെ പ്രാപിക്കുന്നില്ലേ? അതു നേരമ്പോക്കാണോ? പുരുഷന്മാൎക്കുണ്ടാകുന്നതുപോലെ സ്ത്രീകൾക്കും ചപലതയുണ്ടാകുന്നതല്ലേ? അതുകൊണ്ടു് അവർ മൎയ്യാദക്കാറായിരുന്നാൽ നാം നിൎമ്മൎയ്യാദയുള്ളവരായിത്തീരുന്നതിനു് ഇടയില്ല.

സ-ഭാ — മതി. മതി. ദുൎമ്മാൎഗ്ഗത്തിൽ നിന്നും ദുൎമ്മാൎഗ്ഗം കണ്ടു് പഠിക്കയല്ല വേണ്ടതു്. ഗുണവും ദോഷവും കൂടി ഇടകലൎന്നു് കാണുമ്പോൾ ഗുണത്തെ സ്വീകരിച്ചു് ദോഷത്തെ ത്യജിക്കണം

ഈ സംസാരം ഇങ്ങനെ അവസാനിച്ചതിന്റെശേഷം സരസ്വതിഭായി ഉറക്കത്തിന്നാരംഭിച്ചു. ഇനി രുദ്രഗുപ്തനും രൊമേശസിംഹനുമൊരുമിച്ചു് കമലത്തിന്റെ ഗൃഹത്തിലേക്കു് പോയിട്ടുള്ളതു് എന്തിനായിട്ടാണെന്നു് പറയാം. അത്താഴത്തിനു് കമലത്തിന്റെ ഗൃഹത്തിലേക്കു് പോയിരിക്കു

ന്ന സുരേന്ദ്രനാഥനെ കുലചെയ്യണം എന്നാണ് ഇവർ ആലോചിച്ചതു്. ഈ ഉദ്ദേശം ഫലിപ്പിക്കുന്നതിലേക്കായി അൎദ്ധരാത്രിസമയം രണ്ടാളും കമലത്തിന്റെ ഗൃഹത്തിന്റെ ഒരു ഭാഗത്തു് മറഞ്ഞുനിന്നു. ആദ്യം സംസാരിച്ചതു രുദ്രഗുപ്തനാണ്.

രു-ഗു—നിങ്ങൾ ഈ ഭിത്തിയുടെ പിൻവശത്തു മറഞ്ഞു നില്ക്കണം സുരേന്ദ്രനാഥൻ ഈ വഴിക്കുതന്നെവരും. വാൾ ഉറയിൽ നിന്നും ഊരിവച്ചുകൊള്ളണം. അടുക്കുമ്പോൾ ലാക്കുതെററാതെ പ്രയോഗിക്കണം. ഒട്ടും ഭയപ്പെടരുതു്. ഞാൻ പിന്നിൽ ഉണ്ടായിരിക്കും. നമ്മുടെ ഭാവിയായ സുഖവും ദുഃഖവും എല്ലാം ഈ ഒരു കൃത്യത്തിന്റെ ഫലത്തിനെ ആശ്രയിച്ചിട്ടാണെന്നു് വിചാരിച്ചു ധൈൎയ്യമായി പ്രവൎത്തിക്കണം.

രൊ-സി – നിങ്ങൾ സമീപത്തു് ഉണ്ടായിരിക്കണം. പക്ഷെ എനിക്കു് ലാക്ക്തെററിയെങ്കിലോ?

രു-ഗു—ഞാൻ നിങ്ങളുടെ പിന്നിലുണ്ടു്. ധൈൎയ്യമായിട്ടുനില്ക്കണം.

രുദ്രഗുപ്തൻ രൊമേശസിംഹനെ ഈ വിധം ധൈൎയ്യപെടുത്തീട്ടു് സ്വല്പം മറഞ്ഞുനിന്നു. അപ്പോൾ രണ്ടാളുകളുടെയും മനസ്സിൽ ചില വിചാരങ്ങൾ കടന്നുകൂടി. രൊമേശസിംഹൻ വിചാരിച്ചതു് ഇങ്ങനെയാണ്. "എനിക്കു ഈ പ്രവൃത്തിചെയ്യുന്നതിനു് അത്ര താല്പൎയ്യം ഇല്ലെങ്കിലും മതിയായ കാരണങ്ങൾകൊണ്ടു് രുദ്രഗുപ്തൻ എന്നെ ബോദ്ധ്യപ്പെടുത്തീട്ടുണ്ടു്. അത്ര വിചാരിക്കുവാൻ ഒന്നുമില്ല. ഒരാൾ കുറയും എന്നല്ലേയുള്ളു. വെട്ടൊന്നു കഷണം രണ്ടു് കാൎയ്യം തീൎന്നുവെല്ലോ.

രുദ്രഗുപ്തന്റെ വിചാരം ഇപ്രകാരമായിരുന്നു. "ഞാൻ ഈ ഭോഷനെ പറഞ്ഞിളക്കീട്ടുള്ളതുകൊണ്ടു് ഇവൻ കോപാന്ധനായി തീൎന്നിരിക്കുന്നു. അവൻ സുരേന്ദ്രനാഥനെ കൊന്നാലും തരക്കേടില്ല. സുരേന്ദ്രനാഥൻ അവനെക്കൊന്നാലും

ത്രക്കേടില്ല. എങ്ങിനെയായാലും നമ്മുടെകാൎയ്യം സാധിക്കും. രൊമേശസിംഫൻ മരിച്ചില്ലെങ്കിൽ സരസ്വതിഭായിക്കു്കൊടുക്കുവാനാണെന്നു പറഞ്ഞു് ഞാൻ വാങ്ങിച്ചിട്ടുള്ള ആഭരണങ്ങൾ തിരിയെ കൊടുക്കേണ്ടിവരും. അങ്ങിനെ ഒരു വിഷമമുണ്ടു്. സുരേന്ദ്രനാഥൻ മരിച്ചില്ലെങ്കിൽ അയാളുടെ ശ്രേഷ്ഠമായ സ്വഭാവം എന്റെ നീച സ്വഭാവത്തെ ജയിച്ചു എന്നും വരും. അതും വൈഷമ്യമാണ്. പോരെങ്കിൽ ആ മേത്തൻ എന്റെ കപടം മുഴുവനും അയാളെ ധരിപ്പിക്കാതിരിക്കയില്ല. അപ്പോൾ അതു് ഒരു വലുതായ 'ആപത്താണ്. അതുകൊണ്ടു് തീൎച്ചയായി മരിക്കണം.

രുദ്രഗുപ്തനുമായി മുൻചെയ്തിട്ടുള്ള കരാർ അനുസരിച്ച് സുരേന്ദ്രനാഥൻ കമലത്തിന്റെ ഗൃഹത്തിൽനിന്നും പുറത്തേക്കു് വന്നു. ഭിത്തിയുടെ പിൻവശത്തു് ഒളിച്ചിരുന്ന രൊമേശസിംഫൻ സുരേന്ദ്രനാഥനെ വാൾകൊണ്ടു് ഒന്നു വെട്ടി. സുരേന്ദ്രനാഥനും ആയുധപാണിയായിരുന്നതുകൊണ്ടു് സമരത്തിനു തയ്യാറായി. കഠിനമായി ഒരു മുറിവേററു നിലവിളിച്ചുംകൊണ്ടു് രൊമേശസിംഫൻ നിലത്തുപതിച്ചു. അപ്പോൾ രൊമേശസിംഫന്റെ പിന്നിൽ നിന്നിരുന്ന രുദ്രഗുപ്തൻമുൻപോട്ടു് കുതിച്ചു സുരേന്ദ്രനാഥന്റെ കാലിൽ ഒരു വെട്ടുകൊടുത്തു. ഭയങ്കരമായ ശബ്ദത്തിൽ നിലവിളിച്ചുംകൊണ്ടു സുരേന്ദ്രനാഥനും താഴെവീണു.

സുരേന്ദ്രനാഥനെ അന്നു രാത്രിയിൽ തന്നെ കുലചെയ്യേക്കാമെന്നു് പ്രതിജ്ഞചെയ്തിരുന്ന രുദ്രഗുപ്തന്റെ സത്യത്തിനു ഭംഗംവരുമോ എന്നു് അറിയുന്നതിനായി അബ്ദുല്ലാഖാനും കമലത്തിന്റെ വീട്ടിനുസമീപം വന്നു മറഞ്ഞുനിന്നിരുന്നു. സുരേന്ദ്രനാഥന്റെ നിലവിളി കേട്ടപ്പോൾ അബ്ദുല്ലാഖാൻ വളരെ സന്തോഷിച്ചു. രൊമേശസിംഫനും നിലവിളിക്കൂട്ടാതിരുന്നില്ല. ഇവരുടെ ശബ്ദംകേട്ടു് എന്തോ ലഹളനടക്കുന്നു എന്നുവിചാരിച്ചു് വിജയസിംഫനും വീരസേനന്റെ ഭ്രാതാവായ ബാഹുവിക്രമനും ആ സ്ഥലത്തെത്തി;

അപ്പോൾ സുരേന്ദ്രനാഥൻ ഇങ്ങിനെ നിലവിളിച്ചുതുടങ്ങി. "കുലപാതകം! കുലപാതകം! ആരെങ്കിലും ഓടിവന്നു് രക്ഷിക്കണേ."

ബാഹുവിക്രമൻ — എന്തു് ഭയങ്കരമായ ശബ്ദമാണു്?

സു-നാ — രക്ഷിക്കണേ! രക്ഷിക്കണേ!

വി-സി — ശ്രദ്ധിക്കണം.

രൊ-സി — ആ ദ്രോഹി! ആ ദ്രോഹി!

വി-സി രണ്ടുമൂന്നാളുകളുടെ "ദീനസ്വരം കേൾക്കുന്നുണ്ടു്. എന്തിരുട്ടാണു്! പക്ഷെ നമ്മെ കളിപ്പിക്കുന്നതിനായി വല്ല ദുഷ്ടന്മാരും പുറപ്പെടുവിക്കുന്ന ശബ്ദമല്ലെ എന്നുമറിഞ്ഞില്ല. ഏതായാലും സഹായത്തിന്നു് ആളുകൾകൂടാതെ പോകുന്നതു് വെടിപ്പില്ല.

രൊ-സി — ആരും വരുന്നില്ലേ! എന്റെ ദേഹത്തു് ഇനി രക്തം ഇല്ലാ. ഞാൻ ഇപ്പോൾ മരിക്കും.

വി-സി — കേട്ടോ?

രുദ്രഗുപ്തൻ ഒരു പന്തവുമായിട്ടു് ഉടനെ അവിടെ പ്രവേശിച്ചു.

രു-ഗു — ആരാണു് കുലപാതകം കുലപാതകം എന്നു് നിലവിളി കൂട്ടിയതു്?

വി-സി — ഞങ്ങൾക്കറിവാൻ പാടില്ല.

രു-ഗു — നിങ്ങൾ ഒരു നിലവിളി കേട്ടില്ലേ?

സു-നാ — ഇവിടെയാണു്, ഇവിടെ! ഈശ്വരനെ വിചാരിച്ചു് രക്ഷിക്കണെ.

രു-ഗു — എന്താ സംഭവിച്ചതു്?

സു-നാ — (രുദ്രഗുപ്തനെ അറിഞ്ഞിട്ടു്) ആരോ ദ്രോഹികൾ എന്നെ വെട്ടിയിട്ടിരിക്കുന്നു. രക്ഷിക്കണേ.

രു-ഗു — അയ്യോ? ഇതു നമ്മുടെ സുരേന്ദ്രനാഥനല്ലേ? ആരാണു് ഈ ദ്രോഹം പ്രവൎത്തിച്ചതു്?

സു-നാഥൻ — അവരിൽ ഒരാൾ ഇവിടെത്തന്നെ ഉണ്ടെന്നു തോന്നുന്നു. ഒരുത്തനു പോകാൻപാടില്ലാതെ ആയിട്ടുണ്ടു്.

രു-ഗു—ഹാ! പരമദ്രോഹികൾ! എന്താണ് എല്ലാപേരും നോക്കിക്കൊണ്ടു് നില്ക്കുന്നതു്?

രൊ-സി -എന്നെ രക്ഷിക്കണെ. ഞാൻ ഇപ്പോൾ മരിക്കും.

സു-നാ -ആ നിലവിളിക്കുന്നവൻ അവരിൽ ഒരുത്തനാണ്.

രു-ഗു -(രൊമേശസിംഹനെ നോക്കിക്കൊണ്ടു്) മഹാപാപി! നീയാണോ ഈ കൃത്യം ചെയ്തതു്?

ദുസ്സഹമായ ദേഷ്യത്തെ നടിച്ചുംകൊണ്ടു് രുദ്രഗുപ്തൻവാളിളക്കി രൊമേശസിംഹനെ കഠിനമായി ഒന്നുവെട്ടി. "ദുഷ്ടാ! മഹാപാപി! കൃതഘ്നാ!" ഈ വാക്കുകൾ ദീനസ്വരത്തിൽ ഉച്ചരിച്ചുംകൊണ്ടു് രൊമേശസിംഹൻ ഉടനെ ദീർഘനിദ്രയെ പ്രാപിച്ചു.

രു-ഗു എന്താണ് ഇരുട്ടത്തു് കുത്തിക്കൊല്ലുകയോ? എവിടെ കള്ളന്മാരെല്ലാം? ഈ പട്ടണം എന്തു് നിശ്ശബ്ദമായിരിക്കുന്നു. കഷ്ടം! സുരേന്ദ്രനാഥൻ കുത്തുകൊണ്ടു് കിടക്കുന്നതു കണ്ടില്ലേ!

വീ-സെ - സുരേന്ദ്രനാഥനൊ?

രു-ഗു—അയ്യോ! ഇതെങ്ങിനെ സംഭവിച്ചു?

സു-നാ — ഈശ്വരാ! എന്റെ കാൽ രണ്ടുകഷ്ണമായി.

രു-ഗു — ഞാൻ ഉത്തരീയംകൊണ്ടു് ഇദ്ദേഹത്തിന്റെ മുറിവുകെട്ടുന്നതിനിടക്കു് നിങ്ങൾപോയി വെളിച്ചംകൊണ്ടുവരണം.

തന്റെ ഗൃഹത്തിന്റെ സമീപത്തായി നിലവിളി കേട്ടതുംകൊണ്ടു ഭയകമ്പിതയായി കമലം പുറത്തേക്കു വന്നു.

കമലം — (രക്തത്തിൽ മുങ്ങിക്കിടക്കുന്ന സുരേന്ദ്രനാഥനെ കണ്ടിട്ടു) അയ്യൊ! എന്റെ പ്രാണനാഥാ! എന്നെച്ചതിച്ചോ?

രു-ഗു — അമ്പെ! കൊഴുത്ത അറവാണി!

(സുരേന്ദ്രനാഥനോട്, നിങ്ങളെ കുത്തിയതാരാണെന്നറിയാമൊ?

സു-നാഥൻ—പാടില്ല.

രു-ഗു—ഈ രക്തം കെട്ടിനിറുത്തിയെങ്കിൽ കൊള്ളാമായിരുന്നു. ഒരു കസേരകിട്ടിയാൽ ഇദ്ദേഹത്തിൻെറ ദേഹത്തിനിളക്കം കൊടുക്കാതെ കൊണ്ടുപോകാമായിരുന്നു.

കമലം—അയ്യൊ! അദ്ദേഹത്തിന്ന മോഹാലസ്യമുണ്ടാകുന്നു. അയ്യൊ! എൻെറ പ്രാണനാഥാ!

രു-ഗു—കേട്ടൊ? ഇവരം അറിയാതെയല്ല ഈ കൃത്രിമം നടന്നിട്ടുള്ളത്. ആരും ഒരു വെളിച്ചം തരികയില്ലെല്ലൊ?

രുദ്രഗുപ്തൻ ഒരു പന്തവും കയ്യിൽ എടുത്തുംകൊണ്ടു രൊമേശസിംഹൻെറ ശവശരീരത്തിന്ന സമീപത്തുചെന്നു പെട്ടെന്നുവ്യസനാക്രാന്തനായതുപോലെ പിൻവലിച്ചിട്ടു ഇപ്രകാരം പറഞ്ഞു "അയ്യൊഞാനെന്താണു ചെയ്തതു് എൻെറ സ്വദേശിയും പ്രാണസ്നേഹിതനും ആയ രൊമേശസിംഹനല്ലെ ഈ കിടക്കുന്നതു്; അല്ലെന്നുണ്ടൊ? അതെ! അതെ! അയ്യൊ! ഈശ്വരാ! ബാഹുവിക്രമൻ നമ്മുടെ നാട്ടുകാരനൊ.

രു-ഗു—അതെ! അതെ! സുരേന്ദ്രനാഥനാണ്. ആരെങ്കിലും ഇദ്ദേഹത്തിനെ ഒരു കസേരയിൽ കിടത്തി ഇവിടെനിന്നും കൊണ്ടുപോകണം. ഞാൻ വൈദ്യനെ കൊണ്ടുവരാം. ഈ കിടക്കുന്നതു് എൻെറ ഇഷ്ടനാണ്. (കമലത്തിനോട്) നിങ്ങൾ തമ്മിൽ എന്തു് രസക്ഷയമാണുണ്ടായതു്?

സു-നാ--ഞങ്ങൾ തമ്മിൽ ഒരു വിരോധവുമില്ല. എന്നെ കുത്തിയ ആളിനെ ഞാനറികയുമില്ല.

രു-ഗു--(കമലത്തിനോട്) നിൻെറ മുഖം എന്താണ് വിളറിയിരിക്കുന്നതു്?

(ബാഹുവിക്രമനോടും വീരസേനനോടും) ഇവളുടെ കണ്ണിൽ രൂക്ഷതകണ്ടൊ? നോക്കും തോറും സംഗതികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അവളുടെ മുഖം തന്നെ കുററം സമ്മതിക്കുന്നുണ്ട്.

കലശൽകേട്ടു് ആ സ്ഥലത്തു് ബദ്ധപ്പെട്ടു വന്ന അനന്തഭായിയെ രുദ്രഗുപ്തൻ സംഗതികൾ വ്യക്തമായി ധരിപ്പിച്ചു

വിവരമെല്ലാം സേനാധിപതിയെയും സരസ്വതിഭായിയെയും തെര്യപ്പെടുത്തണമെന്ന് അനന്തഭായിയോട് പ്രത്യേകം ചട്ടം കെട്ടിയതിൻെറ ശേഷം വൈദ്യനെക്കൂട്ടിക്കൊണ്ടു വരുവനെന്നുള്ള നാട്യത്തിൽ രുദ്രഗുപ്തൻ പോകയും ചെയ്തു. രുദ്രഗുപ്തനാൽ പ്രേരിതനായ അബ്ദല്ലാഖാൻ ഈ സമയത്തു് നിരപരാധിയായ സരസ്വതിഭായിയുടെ ജീവഹാനി വരുത്തുന്നതിലേക്ക് വട്ടം കൂട്ടുകയായിരുന്നു. സമീപിച്ചിരുന്ന വിപത്തിനെപ്പററി യാതൊരു അറിവും കൂടാതെ നിദ്രയിൽ മുഴുകി ഒരു ശിശുവിനെപ്പോലെ കിടക്കയിൽ കിടന്നിരുന്ന സരസ്വതീഭായിയുടെ മുഖം കണ്ടപ്പോൾ അബ്ദല്ലാഖാൻെറ മനസ്സിലുണ്ടായ വിചാരങ്ങൾ കേവലം അവർണ്ണനീയങ്ങളാണു്. "രോഹിണി തുടങ്ങിയുള്ള പതിവ്രതകളായ നക്ഷത്രങ്ങൾ പൂർണ്ണതേജസ്സോട് ആകാശത്തിൽ വിളങ്ങിക്കൊണ്ടിരുന്ന ഈ ശുഭസമയത്തു് എൻെറ ഭാര്യയുടെ നീചകർമ്മത്തെപ്പററി എന്തെങ്കിലും പറയുന്നതു് തന്നെ ആ ധർമ്മിണികൾ സഹിക്കുമെന്നു് തോന്നുന്നില്ല. അതിമൃദുലമായും സ്ഫടിക ധവളഭാസമായും ഇരിക്കുന്ന ഇവളുടെ ശരീരത്തിൽനിന്നും രക്തബിന്ദുക്കൾ പുറപ്പെടുന്നതിലേക്കു് എൻെറ കൈകളെ ഉദ്യോഗിപ്പിക്കുന്നതിന്നു് ഞാൻ ശക്തനല്ലാതെ ഭവിച്ചിരിക്കുന്നു. എങ്കിലും ഇവളുടെ പ്രവൃത്തിക്കനുരൂപമായ ശിക്ഷ നിയമിക്കുന്നപക്ഷം ഇവൾ മരിക്കത്തന്നെയാണ് വേണ്ടതു്. അല്ലെങ്കിൽ ഇവളുടെ ദുസ്സ്വഭാവത്താൽ എത്ര പുരുഷന്മാർ ഇനിയും വഞ്ചിക്കപ്പെടും. ആദ്യമായി ഈ വിളക്കിനെ കെടുത്തിയിട്ടു് പിന്നീടു് ഇവളുടെ ആത്മദീപത്തെ നശിപ്പിക്കതന്നെ. പക്ഷെ ജ്വലിച്ചു് കത്തുന്ന ഈ ദീപത്തെ കെടുത്തിയാൽഅതിൻെറ പുനർജ്ജീവനത്തിന്നു് മാർഗ്ഗമുണ്ടു്. എന്നാൽ ഈശ്വരസൃഷ്ടിയിൽ വച്ചു് ഏററവും അത്ഭുതകരമായ ആത്മദീപത്തെ നശിപ്പിച്ചാൽ എൻെറ പരിശ്രമവും പശ്ചാത്താപവും കൊണ്ടു് അതിനെ ഉദ്ധരിപ്പിക്കുന്നതിന്നു് നിവൃത്തിയില്ല. അതിമനോഹരമായിരിക്കുന്ന ഒരു പുഷ്പത്തെ ഒരു ചെടിയിൽ നിന്നും പറിച്ചാൽ സ്വല്പം കഴിയുമ്പോൾ അതു്

തന്നേ വാടിത്തുടങ്ങും. അതുകൊണ്ടു് ആ പുഷ്പം ചെടിയിൽ നിൽക്കുമ്പോൾതന്നെ അതിൻെറ സൌരഭ്യത്തെ അനുഭവിക്കയാണ് വേണ്ടതു്. (സരസ്വതിഭായിയുടെ കവിൾത്തടങ്ങളിൽ ചുംബനം ചെയ്തിട്ടു) ഹാ! നിൻെറ കവിൾത്തടങ്ങളിൽനിന്നും ഉൽഭൂതമാകുന്ന ഈ പരിമളം നീ അവദ്ധ്യയാണെന്നു് എന്നെ ധരിപ്പിക്കുന്നുണ്ടു്. ഏതായാലും ഞാൻ ഒന്നുകൂടി ഈ സുഖമനുഭവിക്കട്ടെ. (പിന്നെയും ചുംബനം ചെയ്യുന്നു) നിൻെറ മരണശേഷവും ഈ സൌമ്യത നിൻെറ മുഖത്തു് പ്രത്യക്ഷമായിരിക്കുമെങ്കിൽ നിന്നെ ഞാൻ മറക്കയില്ല. ഇതാ! എൻെറ ഈ ഒടുവിലത്തെ ചുംബനംകൂടി സ്വീകരിച്ചു് കൊള്ളുകതന്നെ. ഇത്ര സുഖപ്രദമായൊരു ചുംബനം ഒരുകാലത്തും ആപൽക്കരമായി അവസാനിക്കുന്നതായിട്ടു് ഞാനറിഞ്ഞില്ല. കഷ്ടം! നിൻെറ സ്ഥിതി ഓക്കുമ്പോൾ ഞാനെങ്ങിനെ കരയാതിരിക്കുന്നു. എൻെറ കണ്ണുനീരു ഈ വജ്രഹൃദയത്തെതണുപ്പിക്കുന്നുമില്ല. എൻെറ ഈ ദുഃഖത്തിന് തന്നെ വിശേഷമുണ്ടു്. ഇതു് സ്നേഹമുള്ളിടത്തു് ആപത്തിനെ ജനിപ്പിക്കുന്നതാണ്" അബ്ദല്ലാഖാൻ പലവുരു ചുംബനം ചെയ്തപ്പോൾ സരസ്വതിഭായി ഞെട്ടിയുണന്നു.

സ-ഭാ—ആരാണതു്!

അ-ഖാൻ—ഞാൻതന്നെ.

സ-ഭാ—അല്ലാ, അങ്ങു കിടക്കുന്നില്ലെ?

അ-ഖാൻ—പതിവായിട്ടുള്ള നിൻെറ നാമജപം കഴിച്ചുവൊ?

സ-ഭാ—കഴിച്ചു.

അ-ഖാൻ—നീ എന്തെങ്കിലുമൊരു കുററത്തെപ്പററി പശ്ചാത്താപപ്പെടുവാനുണ്ടെങ്കിൽ വേഗം അങ്ങിനെ ചെയ്തു് ഈശ്വരപ്രീതി സമ്പാദിക്കണം.

സ-ഭാ—അങ്ങു പറയുന്നതിൻെറ താല്പയ്യം എന്താണ്

അ-ഖാൻ—പറയുന്നതുപോലെ ചെയ്യു. അധികം സംസാരിച്ചിട്ടാവശ്യമില്ല. സ്വല്പനേരത്തേക്കു ഞാൻ ഇവിടെ

ത്തന്നെ അങ്ങോട്ടും ഇങ്ങോട്ടും ലാത്തിക്കൊണ്ടു നടക്കാം. നിന
ക്കു പരഗതി കൂടെ ഇല്ലാതാകണമെന്നു എനിക്കു താല്പര്യമില്ല.

സ-ഭാ—എന്റെ പരഗതിയെപ്പററി വിചാരിക്കുവാനു
ള്ള കാലമടുത്തൊ?

അ-ഖാൻ—അടുത്തു.

സ-ഭാ—എന്നാൽ ഈശ്വരനു എന്നിൽ കൃപതോന്നട്ടെ.

അ-ഖാൻ ഞാനും അങ്ങിനെതന്നെ പ്രാൎത്ഥിക്കുന്നു.

സ-ഭാ അങ്ങേക്കു ഈ താല്പര്യമുണ്ടെങ്കിൽ എന്നെ
കൊല്ലുകയില്ല.

അ-ഖാൻ—ങ്ഹിം; നിനക്കു എന്നെ നല്ലതുപോലെ മ
നസ്സിലായിട്ടില്ല.

സ-ഭാ—എങ്കിലും എനിക്കു അങ്ങെ ഭയമുണ്ടു്. അങ്ങെ
കണ്ണു ഇങ്ങിനെ ഉരുളുമ്പോൾ ആപത്തടുത്തിരിക്കുന്നു എന്നു
എനിക്കറിയാം. കുററമൊന്നും ചെയ്തിട്ടില്ലാത്ത ഞാൻ ഭയ
പ്പെടുന്നതെന്തിനാണ്? എങ്കിലും എനിക്കു പേടിയാകുന്നു.

അ-ഖാൻ—നിന്റെപാപകർമ്മത്തെപ്പററിവിചാരിക്കു.

സ-ഭാ—അങ്ങെ സ്നേഹിക്കുന്ന ഒരു മഹാ പാപമേ എ
നിക്കുള്ളു.

അ-ഖാൻ--എന്നാൽ അതിനായിട്ടു നീ മരിക്കണം.

സ-ഭാ--സ്നേഹത്തിന്റെ പ്രതിഫലം മരണമാണെന്നു
ള്ളതു സാധാരണയല്ല. എന്തിനായിട്ടാണ് ദ്വേഷ്യത്തോടു ചു
ണ്ടു കടിക്കുന്നതു്? ദേഹം ആസകലം വിറക്കുന്നുവെല്ലൊ? എ
ന്നോടു ദ്വേഷ്യപ്പെടാൻ ഒരു കാരണവുമില്ലെല്ലൊ.

അ-ഖാൻ—ഒരക്ഷരം സംസാരിക്കരുതു്.

സ-ഭാ—അങ്ങിനെതന്നെ; കാൎയ്യമെന്താണെന്നു മാത്രം
എന്നോടു പറയണം.

അ-ഖാൻ—പ്രേമസൂചകമായി ഞാൻ നിനക്കുതന്ന ആ
സാലപാ നീ സുരേന്ദ്രനാഥനു കൊടുത്തില്ലെ?

സ-ഭാ—ഈശ്വരൻ സാക്ഷിയായിട്ടു ഞാൻ കൊടുത്തി
ട്ടില്ല. ഒരാളയച്ചു വരുത്തി അദ്ദേഹത്തിനോടുതന്നെ ചോദി
ക്കണം.

അ-ഖാൻ—മരണം സമീപിച്ചിരിക്കുമ്പോൾ കൂടി അ സത്യം പറഞ്ഞു ആത്മാവിനെ വഞ്ചിക്കുന്നതെന്തിനു്?

സ-ഭാ—എങ്കിലും എൻെറ മരണം അടുത്തിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു.

അ-ഖാൻ ഒട്ടും താമസമില്ല. അതുകൊണ്ടു് ചെയ്തു പോയ കുററത്തെ ഇനിയും സമ്മതിക്കാതിരിക്കുന്നതു ഭോഷത്വമാണ്. നിൻെറ കുററത്തെപ്പററി എനിക്കു പൂണ്ണവിശ്വാസമുള്ളപ്പോൾ അതിനോടു സംബന്ധിച്ച ഓരോ സംഗതിയെപ്പററി പ്രത്യേകം പ്രത്യേകം നീ സത്യംചെയ്താലും ഫലമൊന്നുമില്ല. നീ മരിക്കതന്നെ വേണം.

സ-ഭാ—ഈശ്വരനു എന്നിൽ കൃപതോന്നട്ടെ.

അ-ഖാൻ—എൻെറയും പ്രാത്ഥനയതുതന്നെയാണ്.

സ-ഭാ—അപ്പോൾ അങ്ങേക്കു ദയവുമുണ്ടോ? എൻെറ ജീവിതകാലത്തിൽഞാൻ അങ്ങെ മുഷിപ്പിച്ചിട്ടില്ല. ഈശ്വരൻ സഹിക്കത്തക്ക വിധത്തിലല്ലാതെ സുരേന്ദ്രനാഥനെ സ്നേഹിച്ചിട്ടുമില്ല. ഞാൻ പ്രേമസൂചകമായി അയാൾക്കു ഒന്നും കൊടുത്തിട്ടുമില്ല.

അ-ഖാൻ—ദൈവമേ! എന്തു കള്ളമാണ്? ആ സാലവ അയാളുടെ കയ്യിൽവച്ചു ഞാൻ തന്നെ കണ്ടു.

സ-ഭാ—അയാൾക്കു വല്ലസ്ഥലത്തും കിടന്നു കിട്ടിയതായിരിക്കാം. ഞാൻ ഒരിക്കലും കൊടുത്തിട്ടില്ല. അയാൾക്കൊരാളയക്കണം സത്യമറിയാമെല്ലോ.

അ-ഖാൻ—സത്യം മുഴുവൻ അയാൾ പറഞ്ഞിരിക്കുന്നു.

സ-ഭാ—എന്താണു് പറഞ്ഞതു്?

അ-ഖാൻ—നീയുമായി രമിച്ചുവെന്നു്.

സ-ഭാ—ഒരിക്കലും അങ്ങിനെ പറകയില്ല.

അ-ഖാൻ—ഇനി പറയാതെയിരിക്കത്തക്കവിധത്തിൽ ചട്ടംകെട്ടുന്നതിനു ഞാൻ രുദ്രഗുപ്തനെ ഏല്പിച്ചിട്ടുണ്ടു്.

സ-ഭായി—അങ്ങു് ചതി വിലകപ്പെട്ടിരിക്കയാണെന്നു ഞാൻ ശങ്കിക്കുന്നു. സുരേന്ദ്രനാഥൻ മരിച്ചോ?

അ-ഖാൻ—അവൻെറ ഓരോ രോമത്തിനും ജീവനുണ്ടായിരുന്നാൽ കൂടി മുഴുവനും ദഹിപ്പിക്കുന്നതിനു എൻെറ കോപാഗ്നി മതിയാകുന്നതാണ്.

സ-ഭാ—കഷ്ടം! സുരേന്ദ്രനാഥൻ വഞ്ചിക്കപ്പെട്ടു. എൻെറ കാൎയ്യവും ഇപ്പോൾ അവസാനിക്കും.

അ-ഖാൻ—അമ്പെടി! വ്യഭിചാരി! ഞാൻ കാണ്കെ നീ അവനെ വിചാരിച്ചു കരയുന്നുവോ?

സ-ഭാ-എൻെറ പ്രാണനാഥ! എന്നെ ഉപേക്ഷിച്ചേക്കണം. എന്നെ കൊല്ലരുതെ.

അ-ഖാൻ—മിണ്ടാതെ; വേഗം തയ്യാറാകു.

സ-ഭാ—ഇന്നു രാത്രിയിൽ എന്നെ കൊല്ലരുതെ. നാളെ അങ്ങെ ഇഷ്ടംപോലെ പ്രവൎത്തിച്ചുകൊള്ളണം.

അ-ഖാൻ—അനങ്ങിയാലുണ്ടല്ലൊ —

സ-ഭാ—അരമണിക്കൂറു നേരമെങ്കിലും ക്ഷമിക്കണെ.

അ-ഖാൻ—തീൎച്ചപ്പെടുത്തിയതുകൊണ്ടു ക്ഷണനേരം ക്ഷമിക്കയില്ല.

സ-ഭായി—അയ്യൊ! ഞാൻ ഒരു ഈശ്വരനാമം കൂടിപറഞ്ഞോട്ടെ.

"അതിനുള്ള സമയം കഴിഞ്ഞിരിക്കുന്നു" ഈ വാക്കുകൾ പറഞ്ഞതും അബ്ദല്ലാഖാൻ ഉഗ്രദൃഷ്ടികളോടു കൂടി തൻെറ കാൽ മുട്ടുകളെ സരസ്വതിഭായിയുടെ മാൎവിടത്തിൽ ചേൎത്തുറപ്പിച്ചു് കൈകൾകൊണ്ടു് കഴുത്തിൽ അമൎത്തിപ്പിടിച്ചതും ഒരുമിച്ചു് കഴിഞ്ഞു.

സുരേന്ദ്രനാഥനു് സംഭവിച്ച ആപത്തു് അബ്ദല്ലാഖാനെ അറിയിക്കുന്നതിലേക്കായി രുദ്രഗുപ്തൻെറ ആജ്ഞാനുസരണം ബദ്ധപ്പെട്ടു് വന്ന അനന്തഭായി സരസ്വതിഭായിയുടെ ഗൃഹത്തിൻെറ പടിക്കൽ വന്നു് ഉച്ചത്തിൽ വിളിച്ചുതുടങ്ങി. താൻ ക്രൂരകൃത്യം പ്രവൎത്തിക്കുന്ന കാലത്തു് സമീപത്തു് ആരും തന്നെ ഉണ്ടായിരുന്നില്ലെന്നു് ബോദ്ധ്യമുണ്ടായിരുന്ന അബ്ദല്ലാഖാൻ ഈ ശബ്ദം കേട്ടു് വളരെ വിസ്മയിച്ചു. അനന്ത

ഭായിയുടെ ശബ്ദമാണെന്ന് മനസ്സിലായപ്പോൾ അബ്ദ ല്ലാഖാൻ മുറിയിൽനിന്നും പുറത്തേക്കു വന്നു.

അ-ഭാ—അയ്യൊ! ഇപ്പോൾ അന്യായമായി ഒരു കൊലപാതകം നടന്നു.

അ-ഖാൻ—എന്തു്! ഇപ്പോൾ നടന്നൊ? എന്നാൽചന്ദ്രൻ ഈയിട ഭൂമിയോടു കുറച്ചു കൂടെ അടുത്തു ജനങ്ങളെ എല്ലാം ഭ്രാന്തന്മാരാക്കയാണു്.

അ-ഭാ—സുരേന്ദ്രനാഥൻ രൊമേശസിംഹനെന്നു് പേരുള്ള ഒരു നാട്ടുദേശിയെ വെട്ടിക്കൊന്നിരിക്കുന്നു.

അ-ഖാൻ—എങ്ങിനെ? രൊമേശസിംഹൻ മരിച്ചൊ; പിന്നെ എന്താണ്? സുരേന്ദ്രനാഥൻ മരിച്ചൊ?

അ-ഭാ—സുരേന്ദ്രനാഥൻ മരിച്ചിട്ടില്ല?

അ-ഖാൻ—സുരേന്ദ്രനാഥൻ മരിച്ചില്ലെ? എന്നാൽ മരിക്കേണ്ടവനല്ലാ മരിച്ചതു്

സ-ഭായി—(പ്രാണവേദനയോടു കൂടി) അയ്യൊ! അന്യായമായ കുലപാതകം!

അ-ഭാ—ആ ദീനസ്വരം ആരുടെതാണ്?

അ-ഖാൻ—ഏതു്? എന്തു്?

അ-ഭാ—അയ്യൊ! അയ്യൊ? എനിക്കു് എല്ലാം മനസ്സിലായി. അതു് എന്റെ സ്വാമിനിയായ സരസ്വതിഭായിയുടെ നിലവിളിയാണു്.

സ-ഭായി—ഞാൻ കുററം ചെയ്യാതെ അവൻ ശിക്ഷ അനുഭവിക്കുന്നു.

അ-ഭാ—ആരാണീയക്രമം ചെയ്തതു്!

സ-ഭായി ആരുമല്ല. ഞാൻ തന്നെയാണ് ഭർത്താവിനോടു് അനുരക്തയായിട്ടു തന്നെ ഞാൻ മരിച്ചിരിക്കുന്നുവെന്നു് അദ്ദേഹത്തിനോടു് പറയണം.

ഇത്രയും ഒരുവിധത്തിൽ പറഞ്ഞു് സാധുവായ സരസ്വതിഭായി പരലോകത്തെ പ്രാപിച്ചു.

അ-ഖാൻ—ആരാണ് അവളെ കുലചെയ്തതു്?

അ-ഭാ - കഷ്ടം! ആൎക്കറിയാം?

അ-ഖാൻ - ഞാനല്ലെന്നു് അവൾ പറയുന്നതു് നീ കേട്ടില്ലേ?

അ-ഭാ — അങ്ങിനെ തന്നെയാണു് പറഞ്ഞതു്.

അ-ഖാൻ — മരിക്കുന്ന അസമയവും സത്യം പറഞ്ഞ അവൾ നരകമനുഭവിക്കേണ്ടിവരും. സത്യത്തിൽ ഞാനാണവളെ കുലചെയ്തതു്.

അ-ഭാ — അവളുടെ വാക്കു് അവളുടെ ഗുണത്തിന്റെ മാററിനെ കൂട്ടുകയാണു്. നിങ്ങൾ പരമദുഷ്ടനാണു്.

അ-ഖാൻ — അവൾ തികഞ്ഞ വ്യഭിചാരിയായിരുന്നു.

അ-ഭാ — അവൾ പരിശുദ്ധയായിരുന്നു.

അ-ഖാൻ — അന്യായമായി ഞാനെന്തെങ്കിലും പ്രവൎത്തിച്ചിട്ടുണ്ടെങ്കിൽ നരകത്തിൽ വീണുദുരിതമനുഭവിക്കട്ടെ. നിങ്ങളുടെഭൎത്താവു് സത്യമെല്ലാമറിഞ്ഞിട്ടുണ്ടു്.

അ-ഭാ — എന്റെ ഭൎത്താവൊ?

അ-ഖാൻ — അതെ. നിങ്ങളുടെ ഭൎത്താവു്.

അ-ഭാ - അവൾ അങ്ങെ ദ്രോഹിച്ചുവെന്നോ?

അ-ഖാൻ — അതെ സുരേന്ദ്രനാഥനോടു് ചേൎന്നുകൊണ്ടു് ———

അ-ഭാ — എന്റെ ഭൎത്താവു് പറഞ്ഞൊ?

അ-ഖാൻ — നിൎമ്മൎയ്യാദകണ്ടു് സഹിക്കുന്നതിനു് ശക്തനല്ലാതെ സദാ സത്യത്തെമാത്രം ബഹുമാനിച്ചു് കൊണ്ടിരിക്കുന്ന നിങ്ങളുടെ ഭൎത്താവു് തന്നെയാണു് എന്നോടാദ്യം പറഞ്ഞതു്.

അ-ഭാ — എന്റെ ഭൎത്താവൊ?

അ-ഖാൻ — നിന്റെ ഭൎത്താവാണെന്നു് എത്രപ്രാവശ്യം പറഞ്ഞു. ഇങ്ങിനെ ആവൎത്തിക്കുന്നതു് കൊണ്ടുള്ള ഫലമെന്താണു്?

അ-ഭാ — കഷ്ടം! എന്നാൽ ആരുടെയോ ദുഷ്ടത നിമിത്തം നിങ്ങളുടെ അനുരാഗത്തിന്റെ ശക്തി ക്ഷയിച്ചു ഈ

വിധം സംഭവിച്ചതാണ്. അങ്ങെ ഭാൎയ്യയ്ക്കു ദോഷമുണ്ടെന്നു എൻെറ ഭൎത്താവിങ്ങനങ്ങിനെ പറയാം?

അ-ഖാൻ അയാൾ തന്നെയാണു പറഞ്ഞതു്. നിൻെറ ഭൎത്താവുതന്നെ. ഇപ്പോൾ ആ വാക്കു മനസ്സിലായില്ലെ? എൻെറ സ്നേഹിതനും നിൻെറ ഭൎത്താവും സത്യതല്പരനുമായ രുദ്രഗുപ്തൻ —

അ-ഭാ—എൻെറ ഭൎത്താവു അങ്ങിനെ പറഞ്ഞുവെങ്കിൽ അയാളുടെ ശരീരത്തിൻെറ ഓരോ അംശവും ദ്രവിച്ചു ദ്രവിച്ചു് സാവധാനത്തിൽ മരിക്കട്ടെ. അയാൾ മനഃപൂൎവ്വമായി അസത്യം പറഞ്ഞിട്ടുള്ളതാണ്. നീചനായ അങ്ങെ അവൾ അതിരുകവിഞ്ഞു് സ്നേഹിച്ചതിൻെറ ഫലം ഇതാണ്.

അ-ഖാൻ --(ദീൎഘശ്വാസത്തോടു കൂടി) ഹാ!

അ-ഭാ--അങ്ങേയ്ക്കു എന്നെ എത്രമാത്രം ഉപദ്രവിക്കാമോ അത്രയും ഉപദ്രവിച്ചുകൊള്ളുണം. അവളുമായി ചേൎന്നിരിക്കാൻ അങ്ങേയ്ക്കു ഒരു യോഗ്യതയുമില്ല

അ-ഖാൻ--അധികം സംസാരിക്കാതിരിക്കുന്നതു നന്നു്.

അ-ഭാ--അങ്ങേയ്ക്കു എന്നെ എന്തുമാത്രം ദണ്ഡിക്കാമോ അതിലധികം സഹിക്കുന്നതിനു ഇപ്പോൾ എനിക്കു ശക്തിയുണ്ടു്. അങ്ങു ക്രൂരനും മൂഢനും നീചനുമാണ് ഈ വാൾ കണ്ടിട്ടു എനിക്കശേഷം പേടിയാകുന്നില്ല എൻെറ ഈ ജീവൻപോലെ ഇരുപതുജീവൻ നശിച്ചാലും ഈ മൂഢകൃത്യം ഞാൻ പ്രസിദ്ധം ചെയ്യാതിരിക്കയില്ല. കണ്ടുകൊള്ളുണം.

ഈ വാക്കുകൾ പറഞ്ഞതിൻെറ ശേഷം ' രക്ഷിക്കണേ! രക്ഷിക്കണേ! കുലപാതകം! കുലപാതകം! സേനാധിപതി ഭാൎയ്യയെ കൊന്നിരിക്കുന്നേ!'' എന്നു അനന്തരായി ഉച്ചത്തിൽ വിളിക്കൂട്ടി. ഈ ശബ്ദംകേട്ടു ബാഹുവിക്രമനും രുദ്രഗുപ്തനും പട്ടാളത്തിൽ ഉള്ള വേറെ ചില ഉദ്യോഗസ്ഥന്മാരും ഉടനെ അവിടെ വന്നുചേൎന്നു. രുദ്രഗുപ്തനെ കണ്ടപ്പോൾ അനന്തഭായി ഇങ്ങനെ അവിടെപറഞ്ഞു: "താനും ഈ കൂട്ടത്തിലുണ്ടോ? തൻെറ പ്രവൃത്തി തനിക്കുതന്നെ നാശമായിട്ടാണു വന്നുകൂടിയിരിക്കുന്നതു്''

ബാ-വി - കാൎയ്യമെന്താണ്?

അ-ഭാ - (രുദ്രഗുപ്തനോട്) താനൊ പുരുഷനാണെ ങ്കിൽ ഇദ്ദേഹം പറയുന്നതു് അസത്യമാണെന്നു് ഞങ്ങളെ ബോദ്ധ്യപ്പെടുത്തണം. ഇദ്ദേഹത്തിൻെറ ഭാൎയ്യക്കു് ദോഷമു ണ്ടായിരുന്നുവെന്നു് താൻ പറഞ്ഞറിഞ്ഞു എന്നാണ് ഇദ്ദേ ഹം പറയുന്നതു്. താൻ അങ്ങിനെ പറഞ്ഞിട്ടില്ലെന്നും അ ത്ര ദുഷ്ടനല്ലെന്നുമാണ് എൻെറ വിചാരം പറയൂ; പറയൂ. ഇ തിലധികം സംസാരിപ്പാൻ എനിക്കു് ശക്തിയില്ല.

രു-ഗു - എനിക്കു് തോന്നിയതല്ലാതെ ഞാൻ വേറേ യാ തൊന്നും പറഞ്ഞിട്ടില്ല. ഞാൻപറഞ്ഞതിൻെറ പരമാൎത്ഥം ഇദ്ദേഹത്തിന്നു് ബോദ്ധ്യപ്പെട്ടിട്ടുമുണ്ടു്.

അ-ഭാ - അവൾക്കു് ദോഷമുണ്ടായിരുന്നുവെന്നു് താൻ പറഞ്ഞിട്ടുണ്ടൊ?

രു-ഗു - പറഞ്ഞിട്ടുണ്ടു്.

അ-ഭാ - താൻ ശുദ്ധകള്ളമാണു് പറഞ്ഞിട്ടുള്ളതു്. ത ന്നെ സൎവ്വത്ര വെറുക്കേണ്ടതായ കള്ളമാണ്. മഹാ പാപ കരമായ കള്ളമാണ്. അവൾ സുരേന്ദ്രനാഥനുമായി രമിച്ചു വെന്നു് താൻ പറഞ്ഞൊ?

രു-ഗു - പറഞ്ഞു. നാക്കൊന്നു് അടക്കികളയൂ.

അ-ഭാ - എൻെറ സ്വാമിനിയായ ഈ സ്ത്രീരത്നം ച തിവിലകപ്പെട്ടു മരിച്ചുകിടക്കുമ്പോൾ സത്യം മുഴുവനും പറ യുന്നതിന്നു പകരം നാക്കടെക്കണമെന്നൊ? തൻെറ വാക്കുകളാ ണ് ഈ കൊലക്കു കാരണമായിട്ടുള്ളതെന്നു് നല്ലപോലെ ഓ ൎക്കണം.

അ-ഖാൻ - നിങ്ങൾ എന്നെ സൂക്ഷിച്ചു് നോക്കേണ്ട. ഇ വൾ പറയുന്നതു് സത്യമാണ്

ബാ-വി - ഇതെങ്ങിനെയാണ് വിശ്വസിക്കേണ്ടതു്?

അ-ഭാ - ഹാ! കഠിനം! ദുഷ്ടത! പരമദുഷ്ടത! ഞാനിപ്പോ ളൊൎക്കുന്നുണ്ടു്! അയ്യൊ! എൻെറ സംശയം ഫലിച്ചുവെല്ലൊ! ഞാൻ വ്യസനംകൊണ്ടു് ഇപ്പോൾമരിക്കും! അയ്യൊ! അയ്യൊ! എന്തു് ദുഷ്ടതയാണ്!

രു-ഗു—എന്താ? നിനക്കു് ഭ്രാന്തുണ്ടോ? വീട്ടിലേക്കു് പോകുവാനല്ലെ പറഞ്ഞതു്.

അ-ഭാ—ഹെ! മാന്യന്മാരെ! ഞാൻ സ്വല്പം പറഞ്ഞുകൊള്ളട്ടെ. ഞാൻ ഭർത്താവിനെ അനുസരിക്കേണ്ടതു് വിഹിതമാണെങ്കിലും അതിനുള്ള സമയമിതല്ല. ഞാൻ പോയില്ലെങ്കിൽ ഇയ്യാൾ എന്തു് ചെയ്യും?

ഈ വാക്കുകൾ കേട്ടപ്പോൾ അബ്ദല്ലാഖാൻ "അയ്യൊ! അയ്യൊ!" എന്നു് നിലവിളിച്ചുകൊണ്ടു് സ്തംഭിച്ചു് നിലത്തുവീണു. അപ്പോൾ അനന്തഭായി ഇങ്ങിനെ പറഞ്ഞു: "താൻ ഇങ്ങിനെകിടന്നലറിയാൽ പോരാ; ലോകത്തുള്ളതിൽ ഏററവും നിർദ്ദോഷിയായ ഒരു സ്ത്രീയെയാണു് താൻ കൊന്നിരിക്കുന്നതു്" അബ്ദല്ലാഖാൻ ആയാസപ്പെട്ടു് എഴുനേററിട്ടു് ബാഹുവിക്രമനോടു ഇപ്രകാരം പറഞ്ഞു "മാന്യനായ അങ്ങെ ഞാൻ ഇതുവരെയും കണ്ടില്ല. എന്റെ ഈ കയ്യികളാണു് ഈ ക്രൂരകൃത്യം ചെയ്തതു്"

ബാ-വി—(സരസ്വതിഭായിയുടെ ശവശരീരത്തെ നോക്കികൊണ്ടു്) നിന്റെ അച്ഛൻ മരിച്ചതു നന്നായി. നിന്റെ വിവാഹമാണു വൃദ്ധനായ അദ്ദേഹത്തിന്റെ അകാലമരണത്തിനു കാരണമായി ത്തീൎന്നതു്. അദ്ദേഹംഇപ്പോളുണ്ടായിരുന്നുവെങ്കിൽ വ്യസനംകൊണ്ടു ഭ്രാന്തനായി വല്ല അപകടവും പ്രവൎത്തിക്കുമായിരുന്നു.

അ-ഖാൻ—ഞാൻ പ്രവൎത്തിച്ചതു ക്രൂരതതന്നെയാണു്. എങ്കിലും സുരേന്ദ്രനാഥനെ അവൾ ആയിരം പ്രാവശ്യം സ്വീകരിച്ചിട്ടുള്ളതു രുദ്രഗുപ്തനറിയാം. എന്നു മാത്രമല്ല, വിവാഹദിവസം ഞാൻ പ്രേമലക്ഷ്യമായി അവൾക്കു കൊടുത്തിരുന്ന ഒരു സാലവാ അവൾ സുരേന്ദ്രനാഥനു കൊടുത്തു. ഞാൻ അതു് സുരേന്ദ്രനാഥന്റെ കയ്യിൽവച്ചു കണ്ടു. ആ സാലവാ എന്റെ അച്ഛൻ വാത്സല്യപുരസ്സരം എന്റെ അമ്മക്കു സമ്മാനിച്ചിട്ടുള്ളതാണു്.

അ-ഭാ—അയ്യോ! ഈശ്വരാ! ഈശ്വരാ!

രു-ഗു—സംസാരിക്കരുതെന്നല്ലെ നിന്നോടു പറഞ്ഞതു്.

അ-ഭാ--സത്യം പുറത്തുവരാതെ ഇരിക്കയില്ല. ഞാൻ മിണ്ടാതെ നില്ക്കാനൊ? മനുഷ്യരും പിശാചുക്കളുംകൂടി എന്നെ തടുക്കയാണെങ്കിലും എനിക്കു പറവാനുള്ളതു ഞാൻ പറയാതെ ഇരിക്കയില്ല.

രു-ഗു--ഒന്നുകൂടി ആലോചിച്ചു വീട്ടിലേക്കുമടങ്ങുന്നതാണു നന്ന്.

അ-ഭാ ഞാനൊരിക്കലും പോകയില്ല.

ഭയവും വ്യസനവും സമ്മിശ്രമായി രുദ്രഗുപ്തനെ ബാധിക്കയാൽ അയാൾ അനന്തഭായിയെ നിഗ്രഹിക്കുന്നതിനായി വാളിളക്കി. സമീപത്തു നിന്നിരുന്ന ബാഹുവിക്രമൻ രുദ്രഗുപ്തനെ വളരെ ഭത്സിച്ചു. അപ്പോൾ അനന്തഭായി എല്ലാപേരും കേൾക്കത്തക്കവിധത്തിൽ ഇങ്ങിനെ ആരംഭിച്ചു. "കഷ്ടം? ഈ സേനാധിപതി എന്തുഭോഷനാണ്. ആ സാലപ യാദൃച്ഛികമായി ഒരു ദിവസം എന്റെ കയ്യിൽ കിട്ടി. ഞാനാണു അതു എന്റെ ഭത്താവിനെ ഏല്പിച്ചതു്. വല്ലവിധവും അതു കൈവശപ്പെടുത്തണമെന്നു എന്റെ ഭത്താവു എന്നെ വളരെ ഞെരുക്കിയിട്ടാണ് ഞാൻ അങ്ങിനെ ചെയ്തതു്.

രു-ഗു--മഹാപാപിയായ വ്യഭിചാരി!

അ-ഭാ--അവൾ ആ സാലപാ ഒരിക്കലും സുരേന്ദ്രനാഥനു കൊടുത്തിട്ടില്ല. എന്റെ ഭത്താവിന്റെ കയ്യിൽ കൊടുത്തിട്ടുള്ളതു ഞാനാണ്.

രു-ഗു--ദുഷ്ടേ! നീ അസത്യം പറയുന്നൊ?

അ-ഭാ--ഞാനസത്യമല്ല പറയുന്നതെന്നു ഈശ്വരനറിയാം. ഈ ഭോഷനായ സേനാധിപതി ഘാതകനായിത്തീന്നുവെല്ലോ. ആ സ്ത്രീരത്നത്തിനോടു ചേന്നിരിക്കുന്നതിനു ഈ ഭോഷനു ഭാഗ്യമുണ്ടോ?

"ഈശ്വരാ! ഈ മഹാപാപിയുടെ തലയിൽ ഇടിവീണു ദഹിക്കട്ടെ" എന്നു പറഞ്ഞുംകൊണ്ടു അബ്ദുല്ലാഖാൻ രുദ്രഗുപ്തനെ വെട്ടിക്കൊന്നുന്നതിനായി വാളുമൂരിക്കൊണ്ടു പാഞ്ഞു. ഈ അവസരത്തിൽ രുദ്രഗുപ്തൻ അനന്തഭായിയുടെ പിന്നിലേയ്ക്കു മാറി അവളെ വാൾകൊണ്ടു കുത്തിയുംവച്ചു

വായുവേഗത്തോടു ഓടിക്കളഞ്ഞു. രുദ്രഗുപ്തനെ പിടിക്കുന്നതിനായി ബാഹുവിക്രമനും മററുള്ള ഉദ്യോഗസ്ഥന്മാരും ബദ്ധപ്പെട്ടുപോയി. മുറിവേററ രക്തത്തിൽ മുഴുകിക്കിടന്ന അനന്തഭായി അബ്ദല്ലാഖാനോടിങ്ങിനെ പറഞ്ഞു. "അങ്ങെ ഭാര്യ പതിവ്രതയായിരുന്നു. ക്രൂരനായ അങ്ങെ അവരം വളരെ സ്നേഹിച്ചിരുന്നു. പരലോകപ്രാപ്തിക്കു സന്നദ്ധയായിരിക്കുന്ന ഞാൻപറയുന്നതു സത്യമാണ്. ഇതാ——ഞാൻ——മരി——മരിക്കുന്നു" അനന്തഭായി ഈശ്വരങ്കൽ മനസ്സർപ്പിച്ച് ഉടനെ മരിക്കയും ചെയ്തു.

അബ്ദല്ലാഖാനെ നിരായുധനാക്കിയതിന്റെ ശേഷമാണു ബാഹുവിക്രമനും മററുള്ള ഉദ്യോഗസ്ഥന്മാരും രുദ്രഗുപ്തന്റെ പിന്നാലെ പാഞ്ഞെത്തിയതു് ബാഹുവിക്രമൻ രണ്ടാമതു പ്രവേശിച്ചപ്പോരം അബ്ദല്ലാഖാൻ ഇങ്ങിനെ പറഞ്ഞു 'ഈ മുറിയിൽത്തന്നെ വേറെയൊരു വാളുണ്ടു്. അതുകൊ, ണ്ടു ഞാൻ എന്റെ ജീവഹാനി വരുത്തുന്നുണ്ടു്. ഇതിലധികം നല്ലതായിട്ടു ഒരായുധം ഇതിനുമുമ്പിൽ ഒരു ഭടനും ഉണ്ടായിരുന്നില്ല. ഈ ആയുധത്തിന്റെ സഹായം മാത്രംകൊണ്ടു വളരെ തടസ്ഥങ്ങരം ഞാൻ നീക്കിയിട്ടുണ്ടു്. വിധിമതം ഒഴിക്കുന്നതിനു ആക്കു ശക്തിയുണ്ടു്. എന്റെ കൈയിൽ ഈ ആയുധം കാണുന്നതുകൊണ്ടു് അങ്ങു ഭയപ്പെടേണ്ട. എന്റെ ജീവന്റെ ഗതി ഇപ്പോരം ഇവിടെവച്ച് അവസാനിക്കുവാൻ പോകുന്നു. എന്തിനാണു ഭയപ്പെട്ടു പിന്നോട്ടു മാറുന്നതു്. എന്റെ മനസ്സിന്റെ തൽക്കാല സ്ഥിതിക്കു ഒരു പുല്ലുകൊണ്ടു എന്നെ തോല്പിക്കാം. ഞാനെവിടെയാണു പോകുന്നതു്? ഇപ്പോരം അങ്ങേയ്ക്കു എന്തുതോന്നുന്നു? (സരസ്വതിഭായിയെ ഉദ്ദേശിച്ചു) ഹാ! നിർഭാഗ്യയായ ഇവളുടെ മുഖത്തു എന്തു വിളച്ചയാണു്? ഈശ്വരസന്നിധിയിൽ വച്ചു എന്റെ ഈ കൃത്യത്തെപ്പററി ചോദ്യമുണ്ടാകുമ്പോരം നിന്റെ ഒരു നോട്ടംകൊണ്ടു ഞാൻ നരകത്തിലേക്കു തെറിച്ചുപോകും.

യമഭടന്മാരുടെ കഠിനമായ ശിക്ഷയ്ക്കു ഞാൻ പാത്രീഭവിക്കട്ടെ. എന്നെ ചെമ്പുകിടാരത്തിലിട്ടു വറുത്താലും ഈയമുരുക്കി എന്റെ വായിലൊഴിച്ചാലും ജ്വലിച്ചുപൊങ്ങുന്ന അഗ്നികുണ്ഡത്തിൽ എന്നെ തള്ളിയിട്ടാലും എന്റെ കുറ്റത്തിനു മതിയായ ശിക്ഷയാകയില്ല. ഹാ! എന്റെ പ്രിയതമെ കഷ്ടം! നീ മരിച്ചോ! ഈശ്വരാ! ഞാൻ എന്തു മഹാപാപിയായി!"

രുദ്രഗുപ്തന്റെ കൈകൾക്ക് വിലങ്ങ് വച്ച് മുമ്പിൽ നടത്തിയുംകൊണ്ടു് വിജയസിംഹനും പട്ടാളത്തിലുള്ള ഏതാനും ഉദ്യോഗസ്ഥന്മാരും ഉടനെ അവിടെ വന്നുചേർന്നു. ഏറെ താമസിയാതെ മുറിവേററിരുന്ന സുരേന്ദ്രനാഥനെയും കസേരയിൽ കിടത്തി അവിടെ കൊണ്ടുവന്നു.

വി-സി— ഈ മൂഢകൃത്യം പ്രവർത്തിച്ച നിർഭാഗ്യവാനെവിടെ?

അ-ഖാൻ—അബ്ദല്ലാഖാനെയാണ് നിങ്ങൾ അന്വേഷിച്ചതെങ്കിൽ അവൻ ഈ ഞാനാണ്.

വി-സി--ആ ക്രൂരസർപ്പത്തെ മുമ്പോട്ടു് നീക്കി നിറുത്തണം.

രുദ്രഗുപ്തനെ മുന്നോട്ടു് നീക്കിനിറുത്തിയപ്പോൾ അബ്ദല്ലാഖാൻ വാൾകൊണ്ടു് ഒരു കുത്തുകൊടുത്തു്. എന്നാൽ ഈ കുത്തുകൊണ്ടു് രുദ്രഗുപ്തൻ മരിച്ചില്ല. രണ്ടാമതു് ആയുധം ഓങ്ങുന്നതിനു് മുമ്പായി അബ്ദല്ലാഖാന്റെ കയ്യിൽ ഇരുന്ന വാളിനെ അവിടെ കൂടിയിരുന്നവർ പിടിച്ചു് വാങ്ങിച്ചു

രു-ഗു—ഞാൻ മരിച്ചില്ല. സ്വല്പം രക്തം മാത്രമേ പുറപ്പെടുന്നൊള്ളു.

അ-ഖാൻ—എനിക്കു് അതിൽവച്ചു് വ്യസനമില്ല. നീ ജീവിച്ചിരിക്കയാണ് വേണ്ടതു്. മരിക്കുന്നതു് എത്രവലുതായ സുഖമാണ്.

വി-സി— (അബ്ദല്ലാഖാനോടു്) പരമയോഗ്യനായ നിങ്ങൾ ഈ ദുഷ്ടന്റെ കൌശലവലയിൽ അകപ്പെട്ടു് ഇങ്ങി

ന്നെ പ്രവൎത്തിച്ചുവെല്ലൊ- നിങ്ങളോട്ട് എന്താണ് പറയേണ്ടതു്?

അ-ഖാൻ—എന്തെങ്കിലും പറയണം. വിരോധമില്ലെങ്കിൽ അഭിമാനം നിമിത്തം ഘാതകനെന്നപേരു സമ്പാദിച്ചുവൻ എന്നു് പറയണം.

വി-സി—ഈ ദ്രോഹി അവന്റെ ദുഷ്ടതയെ എത്രതാനും സമ്മതിച്ചിട്ടുണ്ടു്. സുരേന്ദ്രനാഥനെ കൊല്ലണമെന്നു് നിങ്ങൾ തമ്മിൽ ആലോചിച്ചിരുന്നൊ?

അ-ഖാൻ -ആലോചിച്ചിരുന്നു.

സു-നാ—ഞാനതിലേക്കു് ഒരു കാരണവുമുണ്ടാക്കിയിട്ടില്ലല്ലൊ.

അ-ഖാ—നിങ്ങൾ പറയുന്നതു് പൂൎണ്ണമായി വിശ്വസിച്ചു് ഞാൻ നിങ്ങളോട്ടു് മാപ്പപേക്ഷിക്കുന്നു. ഈ നിൽക്കുന്ന കാൎക്കോടകൻ എന്നെ എന്തിനാണ് ഇങ്ങിനെ ദ്രോഹിച്ചതെന്നു് നിങ്ങൾ തന്നെ അവനോട്ടു് ചോദിക്കണം.

രു-ഗു—എന്നോടൊന്നും ചോദിക്കണമെന്നില്ല. നിങ്ങൾ അറിഞ്ഞതൊക്കെ അറിഞ്ഞു. ഇനിമേൽ ഞാനൊരക്ഷരം സംസാരിക്കയില്ല.

വി-സി—ദൈവത്തിനോട്ടു് മാപ്പപേക്ഷിക്കുന്നതിനെങ്കിലും വാതുറക്കയില്ലെ?

ബാ-വി —ഭേദമിക്കുമ്പോൾ നീ തന്നെ വാതുറന്നു സംസാരിക്കും.

അ-ഖാ—ഇവൻ സംസാരിക്കാതിരിക്കുന്നതാണു നന്നു്.

വി-സി—(അബ്ദുല്ലാഖാനോട്ടു്)നടന്നിട്ടുള്ള സംഗതികൾ മുഴുവനും നിങ്ങൾ മനസ്സിലാക്കണം. ഇതാ ഈ എഴുത്തു മരിച്ചുപോയ രൊമേശസിംഹന്റെ വസ്ത്രങ്ങൾ പരിശോധിച്ചപ്പോൾ കിട്ടിയിട്ടുള്ളതാണ്. ഇതാ! വേറൊരെഴുത്തു്. ഇതു നോക്കുമ്പോൾ സുരേന്ദ്രനാഥനെ കൊല്ലുന്നതിനു ഉദ്ദേശിച്ചതു രൊമേശസിംഹനാണെന്നു തോന്നിപ്പോകും.

അ-ഖാ—ദ്രോഹി!

വി-സി—ഈ എഴുത്തു നോക്കണം. സരസ്വതിഭായിയുമായി രമിക്കണമെന്നുള്ള രൊമേശസിംഹൻെറ താല്പൎയ്യം രുദ്രഗുപ്തൻ ഫലിപ്പിച്ചു കൊടുക്കാത്തതുകൊണ്ടു് രൊമേശസിംഹൻ പറയുന്ന ആവലാതിയാണിതു്. രുദ്രഗുപ്തൻ അവനെ സമാധാനപ്പെടുത്തിയതായിട്ടും ലക്ഷ്യമുണ്ടു്.

അ-ഖാ—(സുരേന്ദ്രനാഥനോടു്) എൻെറ ഭാൎയ്യയുടെ സാലപാ നിങ്ങൾക്കു എങ്ങിനെയാണു് കിട്ടിയതു്?

സു-നാ—ആ സാലപാ എൻെറ മുറിയിൽ കിടന്നിരുന്നു. രുദ്രഗുപ്തൻെറ ചില കാൎയ്യസാദ്ധ്യത്തിനായി അവൻ എൻെറ മുറിയിൽ കൊണ്ടുവന്നിട്ടതാണെന്നു കുറച്ചുമുമ്പെ സമ്മതിക്കയുംചെയ്തു.

അ-ഖാൻ—ഞാനെന്തുഭോഷനാണു്!

സു-നാഥൻ—രൊമേശസിംഹൻെറ എഴുത്തിൽ വേറെ വിശേഷങ്ങൾ കൂടിയുണ്ടു്. അങ്ങെ നിയോഗപ്രകാരം അന്നു രാത്രിയിൽ ഞാൻ പട്ടാളത്തിൻെറ മേൽവിചാരം ചെയ്തുകൊണ്ടിരിക്കുമ്പോൾ രുദ്രഗുപ്തനാണു രൊമേശസിംഹനെ അയച്ചു് എന്നെ അവമാനിപ്പിച്ചതു്. അതോടുകൂടി എൻെറ ഉദ്യോഗവും പോയി. എന്നെകൊല്ലുന്നതിനു രൊമേശസിംഹനെ ഉത്സാഹിപ്പിച്ചതും രുദ്രഗുപ്തനാണു്. ഈ സംഗതികൾ രുദ്രഗുപ്തൻ സമ്മതിക്കുന്നുണ്ടു്.

വി-സി—(അബ്ദല്ലാഖാനോടു്) നിങ്ങൾ ഇവിടെ നിന്നാൽ മതിയാകയില്ല. ഞങ്ങളോടൊന്നിച്ചു പുറപ്പെടണം. നിങ്ങളുടെ സകല അധികാരങ്ങളും നിങ്ങളിൽനിന്നും വേർപെടുത്തിയിരിക്കുന്നു. നിങ്ങളുടെ സ്ഥാനത്തു സേനാധിപതിയായിട്ടു ഈ സുരേന്ദ്രനാഥനെ നിയമിച്ചിരിക്കുന്നു. ഈ നില്ക്കുന്ന ദുഷ്ടനെ കൊല്ലാതെ കൊല്ലുവാൻവല്ല മാൎഗ്ഗവുമുണ്ടോ എന്നു നോക്കട്ടെ. നിങ്ങളുടെ കുററത്തിൻെറ സ്വഭാവം തിരുമനസ്സറിവിച്ചു തീരുമാനമുണ്ടാകുന്നതുവരെ നിങ്ങൾ തടവിൽ പാൎക്കണം. എന്നാൽ ഇനി താമസിക്കേണ്ടുന്നില്ല.

അ-ഖാ—കുറച്ചു സമാധാനപ്പെടണം ഞാൻ രാജ്യത്തേയ്ക്കു യുദ്ധശക്തി സ്വല്പമേതാണ്ടൊ ചെയ്തിട്ടുണ്ടു്. അതു രാ

ജ്യവാസികൾക്കെല്ലാം അറിയാം. അതേപ്പററി ഞാൻ ഒന്നും പറയുന്നില്ലാ. എനിക്ക ഒരപേക്ഷമാത്രമുണ്ട് ഈ കാൎയ്യം തിരുമനസ്സറിവിക്കുമ്പോൾ സംഭവിച്ച സംഗതികൾ മാത്രമേ പറയാവൂ. വിരോധംകൊണ്ട വല്ലതും കൂട്ടിപ്പറകയോ ഉള്ളതിനെ കുറയ്ക്കയൊ ചെയ്യരുത്. ബുദ്ധിമാനായ ഒരാൾ സ്നേഹിക്കേണ്ടതുപോലെയല്ലാ ഞാൻ സരസ്വതിഭായിയെ സ്നേഹിച്ചതെങ്കിലും ഞാനവളെ വളരെ സ്നേഹിച്ചിരുന്നുവെങ്കിലും ദുഷ്ടന്മാരുടെ കൌശലത്തിൽ കിടന്നു കുഴങ്ങിയതുകൊണ്ട മാത്രമാണ് വേഗത്തിൽ അപകടത്തിൽ ചാടാത്ത ഞാൻ ചുററിപ്പോയതെന്നും അറിവില്ലാത്തെഒരുദിവ്യരത്നത്തെ ഞാൻ ദൂരെ എറിഞ്ഞുകള‌ഞ്ഞുവെന്നും ഇപ്പോൾ അതിരില്ലാതെ വ്യസനിക്കുന്നുണ്ടെന്നും കൂടി നാട്ടിലേയ്ക്ക എഴുതി അയക്കണം. അല്ലാതെ എനിക്കൊന്നും പറവാനില്ല.

ഈ വാക്കുകൾ പറഞ്ഞതും അരയിൽനിന്നും ഒരു കഠാരിയൂരി തന്റെ മാറിടത്തിൽ കുത്തിയതും അബ്ദല്ലാഖാൻ ഏകദേശം ഒരുമിച്ച തന്നെ കഴിച്ചു. വിവേകശൂന്യനായ ഈ മഹാൻ മരിച്ചുകിടക്കുന്ന തന്റെ പ്രേമഭാജനമായ ഭാൎയ്യയുടെ ശവശരീരത്തെ ആലിംഗനം ചെയ്തു നിലവിളിച്ചുംകൊണ്ട് പ്രാണനെ ഉപേക്ഷിച്ചു. രുദ്രഗുപ്തനെ കഠിനമായി ഹിംസിക്കുന്നതിലേക്കായി കാരാഗൃഹത്തിലേയ്ക്ക കൊണ്ടുപോകയും ചെയ്തു.

സമാപ്തം.

21 NOV 195
MUL
094238